
# ശ്രീനാരായണഗുരുവിന്റെ സമ്പൂർണ്ണകൃതികൾ



# ശ്രീനാരായണഗുരുവിന്റെ
# സമ്പൂർണ്ണകൃതികൾ

# ഉള്ളടക്കം


| | | |
|---|---|---|
| സ്തോത്രകൃതികൾ | | 7 |
| 1. | വിനായകാഷ്ടകം | 8 |
| വിഷ്ണുസ്തോത്രങ്ങൾ | | 10 |
| 2. | ശ്രീവാസുദേവാഷ്ടകം | 11 |
| 3. | വിഷ്ണ്വഷ്ടകം | 13 |
| ദേവീസ്തോത്രങ്ങൾ | | 16 |
| 4. | ദേവീസ്തവം | 17 |
| 5. | മണ്ണന്തലദേവീസ്തവം | 20 |
| 6. | കാളിനാടകം | 24 |
| 7. | ജനനീനവരത്നമഞ്ജരി | 29 |
| 8. | ഭദ്രകാള്യഷ്ടകം | 34 |
| സുബ്രഹ്മണ്യ സ്തോത്രങ്ങൾ | | 38 |
| 9. | ഷൺമുഖസ്തോത്രം | 39 |
| 10. | ഷൺമുഖദശകം | 43 |

11. ഷാൺമാതുരസ്തവം 48

12. സുബ്രഹ്മണ്യകീർത്തനം 52

13. നവമഞ്ജരി 59

14. ഗുഹാഷ്ടകം 63

15. ബാഹുലേയാഷ്ടകം. 65

ശിവസ്തോത്രങ്ങൾ 69

16. ശിവപ്രസാദപഞ്ചകം 70

17. സദാശിവദർശനം 72

18. ശിവശതകം 75

19. അർദ്ധനാരീശ്വരസ്തവം 97

20. മനനാതീതം (വൈരാഗ്യദശകം) 100

21. ചിജ്ജഡ ചിന്തനം 103

22. കുണ്ഡലിനിപ്പാട്ട് 106

23. ഇന്ദ്രിയ വൈരാഗ്യം 109

24. ശിവസ്തവം (പ്രപഞ്ചസൃഷ്ടി) 112

25. കോലതീരേശസ്തവം 115

26. സ്വാനുഭവഗീതി (വിഭുദർശനം ) 118

27. പിണ്ഡനന്ദി 132

28. ചിദംബരാഷ്ടകം 134

29. ഒരു തമിഴ് ശ്ലോകം 136

30. തേവാരപ്പതികങ്ങൾ 137

പ്രബോധനകൃതികൾ 152

31. ജാതിനിർണ്ണയം 153

32. ജാതിമീമാംസാ 153

33. ജാതിലക്ഷണം 155

34. സദാചാരം 158

35. ജീവകാരുണ്യപഞ്ചകം 160

36. അനുകമ്പാദശകം 162

37. ധർമ്മഃ 165

38. ആശ്രമം 166

39. മുനിചര്യാപഞ്ചകം 168

ദാർശനികകൃതികൾ 170

40. ആത്മോപദേശശതകം 171

| | | |
|---|---|---|
| 41. | അദ്വൈതദീപിക | 193 |
| 42. | അറിവ് | 198 |
| 43. | ദൈവദശകം | 202 |
| 44. | ദർശനമാല | 205 |
| 45. | ബ്രഹ്മവിദ്യ പഞ്ചകം | 230 |
| 46. | നിർവൃതിപഞ്ചകം | 233 |
| 47. | ശ്ലോകത്രയീ | 235 |
| 48. | ഹോമമന്ത്രം | 236 |
| 49. | വേദാന്തസൂത്രം | 237 |
| തർജ്ജമകൾ | | 239 |
| 50. | ഈശാവാസ്യോപനിഷത് | 240 |
| 51. | തിരുക്കുറൾ | 246 |
| 52. | ഒഴിവിലൊടുക്കം | 252 |
| ഗദ്യകൃതികൾ | | 253 |
| 53. | ഗദ്യപ്രാർത്ഥന | 254 |
| 54. | ദൈവചിന്തനം 1 | 256 |

55. ദൈവചിന്തനം 2 266

56. ആത്മവിലാസം 269

57. ചിജ്ജഡചിന്തകം 276

പലവക 283

# സ്തോത്രകൃതികൾ

# 1. വിനായകാഷ്ടകം

നമദ്ദേവവൃന്ദം ലസദ്വേദകന്ദം
ശിരഃശ്രീമദിന്ദും ശ്രിതശ്രീമുകുന്ദം
ബൃഹച്ചാരുതുന്ദം സ്തുതശ്രീസനന്ദം
ജടാഹീന്ദ്രകുന്ദം ഭജേ ƒ ഭീഷ്ടസന്ദം. 1

കിലദ്ദേവഗോത്രം കനദ്ധേമഗാത്രം
സദാനന്ദമാത്രം മഹാഭക്തമിത്രം
ശരച്ചന്ദ്രവക്ത്രം ത്രയീപൂതപാത്രം.
സമസ്താർത്തിദാത്രം ഭജേ ശക്തിപുത്രം. 2

ഗളദ്ദാനമാലം ചലദ്ഭോഗിമാലം
ഗളാമ്ഭോദകാലം സദാ ദാനശീലം
സുരാരാതികാലം മഹേശാത്മബാലം
ലസത്പുണ്ഡ്രഫാലം ഭജേ ലോകമൂലം. 3

ഉരസ്താരഹാരം ശരച്ചന്ദ്രഹീരം
സുരശ്രീവിചാരം ഹൃതാർത്താരിഭാരം
കടേ ദാനപൂരം ജടാഭോഗിപൂരം
കലാബിന്ദുതാരം ഭജേ ശൈവവീരം. 4

കരാരൂഢമോക്ഷം വിപദ്ഭങ്ഗദക്ഷം
ചലത്സാരസാക്ഷം പരാശക്തിപക്ഷം
ശ്രിതാമർത്ത്യവൃക്ഷം സുരാരിദ്രുതക്ഷം
പരാനന്ദപക്ഷം ഭജേ ശ്രീശിവാക്ഷം. 5

സദാശം സുരേശം സദാ പാതുമീശം
നിദാനോദ്ഭവം ശാങ്കരപ്രേമകോശം
ധൃതശ്രീനിശേശം ലസദ്ദന്തകോശം
ചലച്ചൂലപാശം ഭജേ കൃത്തപാശം. 6

തതാനേകസന്തം സദാ ദാനവന്തം
ബുധശ്രീകരന്തം ഗജാസ്യം വിഭാന്തം
കരാത്മീയദന്തം ത്രിലോകൈകവൃന്തം
സുമന്ദം പരന്തം ഭജേഽഹം ഭവന്തം. 7

ശിവപ്രേമപിണ്ഡം പരം സ്വർണ്ണവർണ്ണം
ലസദ്ദന്തഖണ്ഡം സദാനന്ദപൂർണ്ണം
വിവർണ്ണപ്രഭാസ്യം ധൃതസ്വർണ്ണഭാണ്ഡം
ചലശാരുശുണ്ഡം ഭജേ ദന്തിതുണ്ഡം. 8

# വിഷ്ണുസ്തോത്രങ്ങൾ

# 2. ശ്രീവാസുദേവാഷ്ടകം

ശ്രീവാസുദേവ, സരസീരുഹപാഞ്ചജന്യ-
കൗമോദകീഭയനിവാരണചക്രപാണേ,
ശ്രീവത്സവത്സ, സകലാമയമൂലനാശിൻ,
ശ്രീഭൂപതേ, ഹര ഹരേ, സകലാമയം, മേ. 1

ഗോവിന്ദ, ഗോപസുത, ഗോഗണപാലലോല,
ഗോപീജനാങ്ഗകമനീയനിജാങ്ഗസങ്ഗ
ഗോദേവിവല്ലഭ, മഹേശ്വരമുഖ്യവന്ദ്യ,
ശ്രീഭൂപതേ, ഹര ഹരേ, സകലാമയം, മേ. 2

നീലാളികേശപരിഭൂഷിതബർഹിബർഹ,
കാളാംബുദദ്യുതികളായകളേബരാഭ,
വീര, സ്വഭക്തജനവത്സല, നീരജാക്ഷ,
ശ്രീഭൂപതേ, ഹര ഹരേ, സകലാമയം മേ. 3

ആനന്ദരൂപ, ജനകാനകപൂർവവദുന്ദു-
ഭ്യാനന്ദസാഗരസുധാകരസൗകുമാര്യ,
മാനാപമാനസമമാന സരാജഹംസ,
ശ്രീഭൂപതേ, ഹര ഹരേ, സകലാമയം മേ. 4

മഞ്ജരീരമഞ്ജുമണിശിഞ്ജിതപാദപദ്മ,
കഞ്ജായതാക്ഷ, കരുണാകര, കഞ്ജനാഭ,
സഞ്ജീവനൗഷധസുധാമയ, സാധുരമ്യ,
ശ്രീഭൂപതേ, ഹര ഹരേ, സകലാമയം മേ. 5

കംസാസുരദ്വിരദകേസരിവീര, ഘോര
വൈരാകരാമയവിരോധകരാജ, ശൗരേ,
ഹംസാദിരമ്യസരസീരുഹപാദമൂല,
ശ്രീഭൂപതേ, ഹര ഹരേ, സകലാമയം മേ. 6

സംസാരസങ്കടവിശങ്കടകങ്കടായ
സർവാർഥദായ സദയായ സനാതനായ
സച്ചിന്മയായ ഭവതേ സതതം നമോഽസ്തു
ശ്രീഭൂപതേ, ഹര ഹരേ, സകലാമയം മേ 7

ഭക്തപ്രിയായ ഭവശോകവിനാശനായ
മുക്തിപ്രദായ മുനിവൃന്ദനിഷേവിതായ
നക്തിന്ദിവം ഭഗവതേ നതിരസ്മദീയാ
ശ്രീഭൂപതേ, ഹര ഹരേ, സകലാമയം മേ. 8

# 3. വിഷ്ണ്വഷ്ടകം

വിഷ്ണും വിശാലാരുണപദ്മനേത്രം
വിഭാന്തമീശാംബുജയോനിപൂജിതം
സനാതനം സന്മതിശോധിതം പരം
പുമാംസമാദ്യം സതതം പ്രപദ്യേ. 1

കല്യാണദം കാമഫലപ്രദായകം
കാരുണ്യരൂപം കലികൽമഷഘ്നം.
കലാനിധിം കാമതനൂജമാദ്യം
നമാമി ലക്ഷ്മീശമഹം മഹാന്തം. 2

പീതാംബരം ഭൃങ്ഗനിഭം പിതാമഹ-
പ്രമുഖ്യവന്ദ്യം ജഗദാദിദേവം
കിരീടകേയൂരമുഖൈഃ പ്രശോഭിതം
ശ്രീകേശവം സന്തതമാനതോഽസ്മി. 3

ഭുജങ്ഗതല്പം ഭുവനൈകനാഥം
പുനഃ പുനഃ സ്വീകൃതകായമാദ്യം
പുരന്ദരാദ്യൈരപി വന്ദിതം സദാ
മുകുന്ദമത്യന്തമനോഹരം ഭജേ. 4

ക്ഷീരാംബുരാശേരഭിതഃ സ്ഫുരന്തം
ശയാനമാദ്യന്തവിഹീനമവ്യയം
സത്സേവിതം സാരസനാഭമുച്ചൈർ-
വിഘോഷിതം കേശിനിഷൂദനം ഭജേ. 5

ഭക്താർത്തിഹന്താരമഹർന്നിശന്തം
മുനീന്ദ്രപുഷ്പാഞ്ജലിപാദപങ്കജം
ഭവഘ്നമാധാരമഹാശ്രയം പരം
പരാപരം പങ്കജലോചനം ഭജേ. 6

നാരയണം ദാനവകാനനാനലം
നതപ്രിയം നാമവിഹീനമവ്യയം
ഹർത്തും ഭുവോ ഭാരമനന്തവിഗ്രഹം
സ്വസ്വീകൃതക്ഷ്മാവരമീഡിതോƒസ്മി 7

നമോƒസ്തു തേ നാഥ! വരപ്രദായിന്!
നമോƒസ്തു തേ കേശവ! കിങ്കരോƒസ്മി
നമോƒസ്തു തേ നാരദപൂജിതാങ്ഘ്രേ
നമോ നമസ്ത്വച്ചരണം പ്രപദ്യേ. 8

ഫലശ്രുതി:
വിഷ്ണ്വഷ്ടകമിദം പുണ്യം യഃ പഠേദ്ഭക്തിതോ നരഃ
സർവപാപവിനിർമുക്തോ, വിഷ്ണുലോകം സ ഗച്ഛതി

# ദേവീസ്തോത്രങ്ങൾ

# 4. ദേവീസ്തവം

തെഴുമേനി നിന്നവയവങ്ങളൂഴിന്നു മുൻ
മൊഴിയുന്നതെന്നിനി മുനികൾക്കുമെന്നംബികേ!
കഴിവില്ലയൊന്നുമതുകൊണ്ടെനിക്കിന്നു നിൻ -
മൊഴി വന്നു മൗനനിലയായ് മുഴങ്ങുന്നിതാ 1

ഇതുകൊണ്ടു കണ്ടതിലൊരുത്തി നീയെന്നുമീ
മതിമണ്ഡലത്തൊടു മറുത്തു മറ്റൊന്നിലും
കുതികൊണ്ടു ചാടിവലയാതെകണ്ടങ്ങു നിൻ
പദതാരടുത്തു പദമൂന്നി പൊന്നിൻകനീ! 2

കണികാണുമിക്കനകമൊടു കാർവേണി മൺ-
പണി കാനൽനീരുനികരെന്നു പാടുന്നിതാ
പിണിയാറുമാറു പിരിയാതെ പേണുന്ന നിൻ-
മണിമേനിതന്നിലണയുന്നതിന്നൂതു നീ 3

ധുനിചൂടുമയ്യനു തുണയ്ക്കു തോന്നുന്ന നീ
മുനിമൗലിതന്നിലെഴുനള്ളി മൂളുന്നതും
പനിയുണ്ടിടും കൃമി തുടങ്ങി മറ്റൊക്കെ നി-
ന്നിനമെന്നതും നിലയിലൂതി നിന്നീടു നീ! 4

ഇടയില്ലെനിക്കിടയിലിന്നു കാണുന്നൊരി-
പ്പൊടികൊണ്ടു മൂടുമുടലിന്നു പൊന്നംബികേ!
തടവില്ലയൊന്നുമതുകൊണ്ടെനിക്കിന്നു നി-
ന്നുടലൊന്നു തന്നിനിയുമൂതു മാണിക്യമേ 5

കമരും ചെവിക്കുമതല്ല കണ്ണിന്നുതൊ-
ട്ടമരുന്നതിന്നുമൊരു മൗലിയെന്നല്ല നീ
അമരം തുഴഞ്ഞിതിലിരുന്നുയർന്നങ്ങുവ-
ന്നമരുന്നതിന്നരുള്ള മാമളുതിന്നിയും! 6

ഇനി നിന്റെ മൗലിയെഴുന്നിടും പൂനിലാ-
വിനുമങ്ങു നിന്നു വിളയുന്ന വെണ്ണീറിനും
കനലിന്നു നീരിനു മണത്തിനെന്നല്ല നി-
ന്നിനമിങ്ങു കണ്ടതിനൊക്കെയും കൈതൊഴാം 7

തൊഴുമെന്നെയങ്ങുവിളിയിങ്ങുനിന്നാഴിയിൽ
തുഴയുന്നെനിക്കു തുണയില്ല നീയെന്നിയേ
അയലിങ്കലിട്ട മെഴുകല്ല നെയ്യെൻ മനം
കുഴയുന്നിതങ്ങു കുഴലൂതു കാർകൊണ്ടലേ! 8

അല പൊങ്ങിവന്നു നര തുള്ളിയുള്ളാഴിനി-
ന്നലയുന്ന പെൺകുതിരയല്ലി മല്ലിന്നു നീ!
നിലപെറ്റുനിന്നിതു നറുക്കി നീരാടു നീ-

രലയുന്നതില്ല, തണലെന്നറിഞ്ഞൂതു നീ! 9

ഇതു പഥ്യവൃത്തമിടരില്ല പാടുന്നവർ -
ക്കിതിനിന്നു നിന്നടിയെടുത്തു തന്നീടു നീ 10

ഫലശ്രുതിയിൽ രണ്ടുവരി നഷ്ടപ്പെട്ടിരിക്കുന്നു.

# 5. മണ്ണന്തലദേവീസ്തവം

മണിക്കുട വിടർത്തി മലർ തൂവി മണമെല്ലാം
ഘൃണിക്കപചിതിക്രിയ കഴിച്ചു ഘൃണിയാകി,
ഗുണിച്ചവകളൊക്കെയുമൊഴിഞ്ഞി ഗുണിയും പോയ്
ഗുണക്കടൽ കടന്നുവരുവാനരുൾക തായേ! 1

തിങ്കളും ത്രിദശഗംഗയും തിരുമുടി-
ക്കണിഞ്ഞു തെളിയുന്ന നൽ -
ത്തിങ്കൾനേർമുഖി, ദിഗംബരന്റെ തിരു-
മെയ് പകുത്ത ശിവമേനിയേ
നിങ്കഴൽക്കമലമെൻ കരുത്തിൽ നില-
നിർത്തി നിത്യവുമഹന്ത വ-
ന്നങ്കുരിച്ചറിവഴിഞ്ഞുപോയ് വിഫല-
മായ് വരാതരുളുമംബികേ 2

പ്രഭാരൂപയാം നിൻ പ്രകാരം നിനച്ചാൽ
പ്രഭാരം കെടും ഹൃത്പ്രസാദാലെവർക്കും
പ്രസാദിക്കുമെല്ലാവനും ത്വത്പ്രസാദാൽ
പ്രയാസം സമസ്തം പ്രയാതീവ ദൂരം 3

സാധിക്കും സകലം സമസ്തഭുവന-

ങ്ങൾക്കും ഹിതം നൽകി നീ
ചേതസ്സിങ്കലിരിക്കകൊണ്ടു ജനനീ,
ചൈതന്യമായെപ്പൊഴും
ബോധിപ്പിപ്പതശേഷമംബുധിയിൽ വ-
ന്നേറിക്കലർന്നീടുമ-
സ്രോതസ്സെന്ന കണക്കു നിന്നടിയില് വ-
ന്നേറുന്നു മാറുന്നിതേ 4

ദക്ഷപുത്രി, ദനുജാന്തകി, ത്വദനുസാ-
രിവാരിയിലഴന്തിടാ-
തക്ഷമൊക്കെയുമടക്കി വാഴ്‌വതിനനു-
ഗ്രഹിക്ക പരദൈവമേ
കുക്ഷിബാധ വലുതായതീവ്യഥ ജയി-
പ്പതിന്നു പണിയുണ്ടു നിൻ
കുക്ഷിതന്നിലിളകാതെ വാണു ദിവസം
കഴിക്കുകിലസംശയം. 5

പമ്പരത്തോടു പകച്ചിടും ഭ്രമണ-
വേഗമുള്ള മതിയോടു വ-
ന്നംബരത്തിലണയുന്നതിന്നിവന-
ശക്തനെന്നു കരുതീടു നീ
അൻപിരന്നടികൾ വാഴ്ത്തി നിൽക്കുമഗ-
തിക്കു സദ്ഗതി വരുത്തിടും

നിൻപദത്തൊടു ലയിപ്പതിന്നു നിയ-
തം വരം തരുക മംഗലേ 6

ചക്ഷുരാദികൾ ചതിച്ചിടും ചതിയിൽ
വീണിടും ചതുരനെങ്കിലും
പക്ഷമില്ല ഭവതിക്കവൻ പ്രതി ഭ-
വച്ചരിത്രപരനെങ്കിലോ
തത്ക്ഷണം സകലവും ഭവിച്ചു സത-
തം സുഖിച്ചു മരുവീടുമീ
പക്ഷമൊക്കെയുമറിഞ്ഞിടുന്ന പര-
ദൈവതം ഭവതിയല്ലയോ 7

കങ്കമാദികളശിച്ചിടുന്നൊരശ-
നം കളേബരമിതല്ലയോ
വൻകലാവതി വലച്ചിടുന്നിതു മ-
തിപ്രസാദമരുളീട്ടു നീ
തിങ്കൾമൗലി തിരുമെയ് തലോടിയിട-
ചേർന്നു നിത്യവുമിരിക്കുമെൻ
തങ്കമേ സകല സങ്കടങ്ങളുമ-
റുന്നതിന്നു തരണം വരം 8

മണ്ണുതലേ മരുവുമീശ്വരി തന്നെ മന്നി-
ലന്വർത്ഥസംജ്ഞയെ വഹിച്ചരുളുന്നു ചിത്രം!

മന്നിൽ സമസ്തവുമടങ്ങുമതിന്നുമേൽ നി-
ന്നെണ്ണിക്കഴിക്കുമൊരു ദൈവതമല്ലയോ നീ 9

# 6. കാളിനാടകം

നമോ നാദബിന്ദ്വാത്മികേ! നാദഹീനേ!
നമോ നാരദാദീഡ്യപാദാരവിന്ദേ!
നമോ നാന്മറയ്ക്കും മണിപ്പൂംവിളക്കേ!
നമോ നാന്മുഖാദിപ്രിയാംബാ, നമസ്തേ!
സമസ്തപ്രപഞ്ചം സൃജിച്ചും ഭരിച്ചും
മുദാസംഹരിച്ചും രസിച്ചും രമിച്ചും
കളിച്ചും പുളച്ചും മഹഘോരഘോരം
വിളിച്ചും മമാനന്ദദേശേ വസിച്ചും
തെളിഞ്ഞും പറഞ്ഞും തുളുമ്പും പ്രപഞ്ചം
തുളഞ്ഞുള്ളിലെള്ളോളമുള്ളയിരുന്നും
തിരിഞ്ഞും പിരിഞ്ഞും  മഹാനന്ദധാരാം
ചൊരിഞ്ഞും പദാംഭോജഭക്തർക്ക നിത്യം
വരുന്നോരുതുമ്പങ്ങളെല്ലാമറിഞ്ഞും
കരിഞ്ഞീടുമാറാവിരാതങ്കബീജം
കുറഞ്ഞോരുനേരം നിനയ്ക്കുന്ന ഭക്തര് -
ക്കറിഞ്ഞീല മറ്റുള്ള കൈവല്യരൂപം.
നിറഞ്ഞങ്ങനെ വിശ്വമെല്ലാമൊരുപ്പോ-
ലറം ചെറ്റുമില്ലാതെ വാണും ചിരന്നാൾ
കഴിഞ്ഞാലുമില്ലോരു നാശം; കുറഞ്ഞോ-
ന്നറിഞ്ഞീടരായിന്നഹോ! ഘോരരൂപം

മറഞ്ഞീടുമോ വിശ്വമെല്ലാമിതെന്നോർ
ത്തറിഞ്ഞീടുവാൻ ശക്തരാരുള്ളു ലോകേ?
മഹാദിവ്യദേവേശ, ഗൗരീശ, ശംഭോ,
മഹാമായ, നിൻ വൈഭവം ചിന്തനീയം.
അടിക്കുള്ളു തോണ്ടിപ്പറിച്ചംബരാന്തം
നടുക്കം കൊടുക്കുന്ന മന്ദാകിനിക്കി-
ങ്ങടക്കം കൊടുപ്പാനിടം പെട്ടിരിക്കും
ജടയ്ക്കമ്പിളിത്തെല്ലുമെല്ലം വിലോല-
ച്ചലദ്ഭംഗമന്ദാരമാണിക്യമാലാ-
വിലയ്ക്കപ്പുറത്തുള്ള രത്നം പതിച്ചു-
ജ്ജ്വലിച്ചുത്തരംഗീകൃതം പൊൻകിരീടം
പരം പഞ്ചമിച്ചന്ദ്രനും തോറ്റുപോയി
തിരയ്ക്കപ്പുറം കുറ്റമില്ലെന്നു തേറി-
ത്തിറംവിട്ടു കപ്പം കൊടുക്കുന്ന നെറ്റി-
ക്കുറിക്കുള്ളിൽ വീണാഴിയേഴാമരഞ്ഞാ-
ണരയ്ക്കന്വഹം ചാർത്തുമുർവ്വീമണാളൻ
മഹാദേവനും ബ്രഹ്മനും മുൻപരായോ-
രഹോ! മായയില് പെട്ടിരിക്കുന്നു ചിത്രം!
മഹാത്മാക്കളായുള്ളവർക്കും നിനച്ചാൽ
മഹാമായ! നിൻ വൈഭവം കിന്തരണ്യം?
അനംഗന്റെ പൂവില്ലിനല്ലൽപ്പെടുത്തും
കുനച്ചില്ലിവല്ലിക്കൊടിത്തല്ലു തെല്ലി-
ങ്ങനംഗന്നുമംഗത്തിലേറ്റാലൊഴിച്ചു-

ടനങ്ങാതെ പോയങ്ങടങ്ങുന്നതേ നൽ
പ്പദത്താർ ഭജിക്കുന്നവർക്കുള്ളൊരത്തൽ
പ്പദത്തെക്കെടുപ്പാനതേ ചില്ലി രണ്ടും
വശത്താക്കിവച്ചെപ്പൊഴും മിന്നിമിന്നു-
ന്നതും കണ്ണിണപങ്കജപ്പൂവിലോലും
കൃപത്തേൻകണക്കൺകണം മാരിചേർത്താർ -
ത്തിപോക്കും കടക്കണ്ണു രണ്ടിങ്കലും
വിമ്മിവിമ്മിത്തിട്ടുക്കെന്നു പായുന്ന
കല്ലോലിനിക്കും പടുത്വം കൊടുക്കുന്നൊ-
രാനന്ദവാരിക്കടല്ക്കക്കരെ-
പ്പാദഭക്തപ്രയുക്തശ്രുതംസ്തോത്ര-
സംഗീതനൃത്തങ്ങളും തൃച്ചെവികൊണ്ടു
നിൽക്കുന്ന കർണ്ണങ്ങളിൽപ്പൊൻമണിക്കുണ്ഡലം
കൊണ്ടൊളിപ്പെട്ടു പൊങ്ങും ഘൃണിക്കങ്കിതം
ഗണ്ഡകണ്ണാടിയും നൻമണിച്ചെമ്പരത്തിപ്ര-
സൂനം നമിക്കും മണിച്ചുണ്ടു രണ്ടിന്നുമുള്ളായ് വിളങ്ങും
പളുങ്കൊത്ത പൽപത്തി മുത്തുപ്പടത്തി-
ന്നിളിഭ്യം കൊടുക്കുന്നതിന്നെന്തു ബന്ധം?
തെളിഞ്ഞിങ്ങനെ പൂർണ്ണചന്ദ്രന്നുമല്ലൽ -
ക്കളങ്കം കൊടുക്കുന്നെതിർദ്വന്ദ്വശോഭാങ്കുരം
വക്ത്രബിംബം കരാളോന്നതശ്രീകരം
ഘോരദംഷ്ട്രാദ്വയം ഭീഷണീയം
കരേ കങ്കണം കിങ്കിണീസങ്കുലം

കിങ്കരീഭ്രതവേതാളകുളീപ്രവാഹം
പറന്നട്ടഹാസങ്ങളിട്ടിട്ടു കുന്തം,
കുടഞ്ഞുള്ള ശംഖം കൃപാണം കപാലം
ഭടന്മാരെതിർത്തോടി മണ്ടുന്ന കണ്ഠസ്വനം
സിംഹനാദത്തിനും ക്ഷീണമുണ്ടാ-
മിടിക്കും പടുത്വം കൊടുക്കുന്ന പൊട്ടി-
ച്ചിരിക്കെട്ടു ദിക്കും പൊടിക്കായ്ക്കൊടുക്കും
കടുംപന്തു കൊങ്കക്കുടം താളമേളം
പിടിച്ചംബരീജാലസംഗീതനൃത്തം
തുടിക്കിങ്ങിണീവേണുനാദവീണാപ്രയോഗം
ചെവികൊണ്ടു തങ്കക്കുടക്കൊങ്ക രണ്ടും
കുളം കുങ്കുമീപങ്കമാലേയലേപം
പളുങ്കൊത്തമുത്തുപ്പടങ്കല്പവൃക്ഷ-
ത്തലം പൂങ്കുലക്കൊത്തു കോർത്തിട്ടു
മാലാകളങ്കാവിഹീനം കലാപിച്ചു-
മേതാനലങ്കാരബന്ധങ്ങളും മറ്റു-
മുള്ളോരലം ശക്തരല്ലാരുമോതാനിതൊന്നും
പിടിക്കുള്ളടക്കിക്കൊടുക്കും വയറ്റി-
ന്നടിക്കോമനപ്പൂമണിപ്പട്ടുടുത്ത-
മ്മുടിച്ചിക്കു കച്ചപ്പുറം വച്ചിറുക്കി
ക്കടിക്കാമവണ്ടിക്കുടത്തീന്നിഴിഞ്ഞ
ത്തുടക്കാമ്പു തുമ്പിക്കരശ്രീ നമിക്കും
അനംഗന്റെ തൂണീരമോടേറ്റു തമ്മില്

പിണക്കം തുടങ്ങിജ്ജയിക്കുന്ന പൊന്നു-
ക്കണങ്കാലടിക്കുപ്പം തോറ്റു തോയേ
തപസ്സിന്നു പോകുന്ന പാദാഗ്രശോഭം
കണങ്കാലടിത്താമരപ്പൂവിലോലം
കളിക്കുന്ന പൂന്തേൻ നുകർന്നാത്തമോദം
വിളങ്ങുന്ന ദേവാംഗനാഗാനമേളം
കളം വീണ നാനാവിധം വാദ്യഭേദം
ശ്രുവിച്ചും സുഖീചാരുനര്യാണിതന്നില്
ത്സണത്കാരപൂരം വഹിച്ചും നടന്നും
മുദാ ശോഭകൈലാസശൃംഗേ ലസിച്ചും
തദാ ദേവനാരീ സമക്ഷം വഹിച്ചും
നമിച്ചും സുരന്മാർ വഹിച്ചും കടാക്ഷം
ഗമിച്ചും നിജാനന്ദമോടാവിരാശാ-
വധിക്കുള്ള കാമം ലഭിച്ചും പദാന്തേ ഭജിച്ചും
തദാവാസദേശേ വസിച്ചും സുഖിച്ചും
രമിച്ചും സ്വകാര്യേഷ്വലം സംഭ്രമി-
ച്ചങ്കുരിച്ചത്തലും മൂലമാക്കി വിള-
ങ്ങുന്നിവണ്ണം ഭവത്യക്കടക്കൺ ചുളിച്ചൊന്നു
നോക്കായ്ക മൂലം കൃപാലോ! നമസ്തേ നമസ്തേ!
നമസ്തേ മഹാഘോരസംസാരവാരാ-
ന്നിധിക്കക്കരെക്കേറുവാൻ തൃപ്പദത്താ-
രിണക്കപ്പലല്ലാതൊരാലംബനം മ-
റ്റെനിക്കൊന്നുമില്ലംബ കാരുണ്യരാശേ

നിനയ്ക്കുന്നതെല്ലാം കൊടുക്കുന്ന തൃക്ക-
ണ്ണിണത്തേൻകടാക്ഷം ലഭിപ്പാനണഞ്ഞേൻ
പദാംഭോജവൈമുഖ്യമെന്നിൽ പിണഞ്ഞീ-
ടൊലാ തേ നമസ്തേ നമസ്തേ നമസ്തേ!
പണം പെണ്ണിലും മണ്ണിലും ചെന്നു പുക്കാ-
ശ്വസിച്ചാത്തമോദം ഗുണംകെട്ടു
ദുഃഖിച്ചു പോവാനയയ്ക്കൊല്ലഹം
ദേഹമെന്നോർത്തു സത്ത്വാദിയാം മുക്കുണംകെട്ടു-
പെട്ടോരു മായാവിലാസം ക്ഷണം ക്ഷീണ-
ലോകപ്രപഞ്ചപ്രവാഹം ക്ഷണജ്യോതിരാചന്ദ്രതാരം
നമസ്തേ ശിവാംബാ, നമസ്തേ! നമസ്തേ!

# 7. ജനനീനവരത്നമഞ്ജരി

ഒന്നായ മാമതിയിൽ നിന്നായിരം ത്രിപുടി
വന്നാശു തൻമതി മറ-
ന്നന്നാദിയിൽ പ്രിയമുയർന്നാടലാം കടലി-
ലൊന്നായി വീണു വലയും
എന്നാശയം ഗതിപെറും നാദഭൂമിയില-
മർന്നാവിരാഭ പടരും-
ചിന്നാഭയിൽ ത്രിപുടിയെന്നാണറുംപടി
കലർന്നാറിടുന്നു ജനനീ! 1

ഇല്ലാതെ മായയിട്ടുമുല്ലാസമൊന്നുമറി-
വല്ലാതെയില്ലനിലനും
കല്ലാഴിയും കനലുമല്ലാതെ ശൂന്യമതു-
മെല്ലാമൊരാദിയറിവാം
തല്ലാഘവം പറകിലില്ലാരണംക്രിയകൾ
മല്ലാട്ടുകില്ല മതിയീ
സല്ലാഭമൊന്നുമതിയെല്ലാവരും തിരയു-
മുല്ലാഘബോധജനനീ! 2

ഉണ്ടായി മാറുമറിവുണ്ടായി മുന്നമിതു-
കണ്ടാട്ടമംഗമകവും-
കൊണ്ടായിരംതരമിരുണ്ടാശയം പ്രതിച്ചു-
രുണ്ടാ മഹസ്സിൽ മറയും
കണ്ടാലുമീ നിലയിലുണ്ടാകയില്ലറിവ-
ഖണ്ഡാനുഭൂതിയിലെഴും
തണ്ടാരിൽ വീണ മധുവുണ്ടാരമിക്കുമൊരു
വണ്ടാണു സൂരി സുകൃതീ 3

ആരായുകിൽ തിരകൾ നീരായിടുന്നു, ഫണി-
നാരായിടുന്നു, കുടവും
പാരായിടുന്നതിനു നേരായിടുന്നുലക-
മോരായ്കിലുണ്ടഖിലവും
വേരായ നിൻകഴലിലാരാധനം തരണ-

മാരാലിതിന്നൊരു വരം
നേരായി വന്നിടുക വേറാരുമില്ല ഗതി
ഹേ! രാജയോഗജനനീ! 4

മേലായ മൂലമതിയാലാവൃതം ജനനി!
നീ ലാസ്യമാടിവിട്ടമീ
കീലാലവായ്‌വനലകോലാഹലം ഭുവന-
മാലാപമാത്രമഖിലം
കാലാദിയായ മൃദുനൂലാലെ നെയ്യുമൊരു
ലീലാപടം ഭവതിമെയ്-
മേലാകെ മൂടുമതിനാലാരുമുള്ളതറി-
വീലാഗമാന്തനിലയേ! 5

മീനായതും ഭവതി മാനായതും ജനനി
നീ നാഗവും നഗഖഗം
താനായതും ധര നദീ നാരിയും നരനു-
മാ നാകവും നരകവും
നീ നാമരൂപമതിൽ നാനാവിധപ്രകൃതി-
മാനായി നിന്നറിയുമീ
ഞാനായതും ഭവതി ഹേ നാദരൂപിണിയ-
ഹോ! നാടകം നിഖിലവും 6

എൻ പാപമെയ്‌വതിനൊരമ്പായിടുന്നറിവു

നിൻ പാദതാരിലെഴമെ-
ന്നൻപാണു മൗർവ്വിയൊരിരുമ്പാം മനം ധനുര-
ഹംഭാവിയാണു വിജയീ-
അംബാ തരുന്നു വിജയം പാപപങ്കിലമ-
ഹം ഭാനമാകുമതിനാൽ
വൻ ഭാരമാർന്ന തനുവും ഭാനമാമുലക-
വും ഭാനമാകുമഖിലം 7

സത്തായി നിന്നുപരി ചിത്തായി രണ്ടുമൊരു
മുത്തായി മൂന്നുമറിയും
ഹ്യത്തായി നിന്നതിനു വിത്തായി വിണ്ണൊടു മ-
രുത്തായി ദൃഷ്ടി മുതലായ്
കൊത്തായിടും വിഷയവിസ്താരമന്നമതി-
നത്താവുമായി വിലസും
സിദ്ധാന്തശ്രുതിയിലുമെത്താതെയാമതിമ-
ഹത്തായിടും ജനനി നീ 8

ഭൂവാദിഭൂതമതിനാവാസമില്ല വെറു-
മാഭാസമാമിതറിവി-
ന്നാഭാവിശേഷമിതിനാവാസമിങ്ങുലകി-
ലാപാദിതം ഭവതിയാൽ
നാവാദി തൻ വിഷയിതാവാസമറ്റ ഭവ-
ദാവാസമാകെ വിലസും

ദ്യോവാണതിന്റെ മഹിമാവാരറിഞ്ഞു ജന-
നീ! വാഴ്ത്തുവാനമരുതേ! 9

# 8. ഭദ്രകാള്യഷ്ടകം

ശ്രീമച്ഛങ്കരപാണിപല്ലവകിര-
ല്ലോലംബമാലോല്ലസ-
ൻമാലാലോലകലാപകാളബരീ-
ഭാരാവലീഭാസുരീം
കാരുണ്യാമൃതവാരിരാശിലഹരീ-
പീയൂഷവർഷാവലീം
ബാലാംബാം ലളിതാളകാമന്ദിനം
ശ്രീഭദ്രകാളീം ഭജേ 1

ഹേലാദാരിതദാരികാസുരശിരഃ-
ശ്രീവീരപാണോൻമദ-
ശ്രേണീശോണിതശോണിമാധരപുടീം
വീടീരസാസ്വാദിനീം
പാടീരാദിസുഗന്ധിച്ചൂചുകതടീം
ശാടീകുടീരസ്തനീം
ഘോടീവൃന്ദസമാനധാടിയുയുധീം
ശ്രീഭദ്രകാളീം ഭജേ 2

ബാലാർക്കായുതകോടിഭാസുരകിരീ-
ടാമുക്തമുദ്ഗാളക-

ശ്രേണീനിന്ദിതവാസികാമരുസരോ-
ജാകാഞ്ചലോരുശ്രിയം
വീണാവാദനകൗശലാശയശയ-
ശ്ര്യാനന്ദസന്ദായിനീ-
മംബാമംബുജലോചനമനന്ദിനം
ശ്രീഭദ്രകാളീം ഭജേ 3

മാതംഗശ്രുതിഭൂഷിണീം മധുധരീ-
വാണീസുധാമോഷിണീം
ഭ്രൂവിക്ഷേപകടാക്ഷവീക്ഷണവിസ-
ർഗ്ഗക്ഷേമസംഹാരിണീം
മാതംഗീം മഹിഷാസുരപ്രമഥിനീം
മാധുര്യധുര്യാകര-
ശ്രീകാരോത്തരപാണിപങ്കജപുടീം
ശ്രീഭദ്രകാളീം ഭജേ 4

മാതംഗാനനബാഹുലേയജനനീം
മാതംഗസംഗാമിനീം
ചേതോഹാരിതനുച്ഛവീം ശഫരികാ-
ചക്ഷുഷ്മതീമംബികാം
ജൃംബത്പ്രൗഢിനിസുംഭമഥിനീ-
മംഭോജഭൂപൂജിതാം
സമ്പത്സന്തതിദായിനീം ഹൃദി സദാ

ശ്രീ ഭദ്രകാളീം ഭജേ 5

ആനന്ദൈകതരംഗിണീമമലഹൃ-
ന്നാളീകഹംസീമണീം
പീനോത്തുംഗഘനസ്തനാം ഘനലസത്-
പാടീരപങ്കോജ്ജ്വലാം
ക്ഷൗമാവീതനിതംബബിംബരശനാ-
സ്യൂതക്വണത് കിങ്കിണീം
ഏണാംങ്കാംബുജഭാസുരാസ്യനയനാം
ശ്രീഭദ്രകാളീം ഭജേ 6

കാളാംഭോദകളായകോമളതനു-
ച്ഛായാശിതീഭ്രതിമത്-
സംഖ്യാനാന്തരിതസ്തനാന്തരലസ-
ൻമാലാകിലൻമൗക്തികാം
നാഭീകൂപസരോജനാളവിലസ
ച്ഛാതോദരീശാപദീം
ദൂരീകുർവയി ദേവി, ഘോരദുരിതം
ശ്രീ ഭദ്രകാളീം ഭജേ 7

ആത്മീയസ്തനകുംഭകുങ്കുമരജഃ-
പങ്കാരുണാലംകൃത-
ശ്രീകണ്ഠൗരസഭ്രതിഭ്രതിമമരീ-

കോടീരഹീരായിതാം
വീണപാണിസനന്ദനന്ദിതപദാ-
മേണീവിശാലേക്ഷണാം
വേണീഹ്രീണിതകാളമേഘപടലീം
ശ്രീഭദ്രകാളീം ഭജേ 8

ഫലശ്രുതിഃ

ദേവീപാദപയോജപൂജനമിതി
ശ്രീഭദ്രകാള്യഷ്ടകം
രോഗൗഘാഘഘനാനിലായിതമിദം
പ്രാതഃ പ്രഗേ യഃ പഠന്
ശ്രേയഃ ശ്രീശിവകീർത്തിസമ്പദമലം
സംപ്രാപ്യ സമ്പൻമയീം
ശ്രീദൈവീമനപായിനീം ഗതിമയൻ
സോƒയം സുഖീ വർത്തതേ

# സുബ്രഹ്മണ്യ സ്തോത്രങ്ങൾ

# 9. ഷൺമുഖസ്തോത്രം

അർക്കബിംബമൊരാറുദിച്ചുയരുന്നപോലെ വിളങ്ങിടും
തൃക്കിരീടജടയ്ക്കിടയ്ക്കരവങ്ങളമ്പിളി തുമ്പയും
ദുഷ്കൃതങ്ങളകറ്റുവാനൊഴുകീടുമംബരഗങ്ഗയും
ഹൃത്കുരുന്നിലെനിക്കു കാണണമെപ്പോഴും ഗുഹ, പാഹിമാം. 1

ആറും വാർമതിയോടെതിർത്തു ജയിച്ചിടും തിരുനെറ്റിമേ-
ലാറിലും മദനംപൊരിച്ച വലിപ്പമുള്ളൊരുകൺകളും
കൂറൊടും നിജഭക്തരക്ഷവരുത്തുവാനിളകീടുമ-
ക്കാർതൊഴുംപുരികങ്ങളും മമ കാണണം ഗുഹ, പാഹിമാം. 2

ഇന്ദുബിംബവിഭാവസുക്കളിടംവലം നയനങ്ങളാ-
മിന്ദുബിംബമുഖങ്ങളും തിരുനാസികാവലിയും തഥാ
കർണ്ണമണ്ഡലമണ്ഡലീകൃതഗണ്ഡപാളിയുമെന്നുടേ
കണ്ണിണയ്ക്കതിഥീഭവിക്കണമെപ്പൊഴും ഗുഹ, പാഹിമാം. 3

ഈശ, നിൻപവിഴംതൊഴും രദനച്ഛദങ്ങളുമുല്ലസത്-
കേശപേശലദന്തതാടികളും കറുത്ത ഗളങ്ങളും
ഭാസുരാകൃതികൈകളിൽ തിരുവായുധങ്ങളൊടും മമ
ക്ലേശനാശനസിദ്ധയേ വരുകാശു ഷൺമുഖ, പാഹിമാം. 4

ഉള്ളിലുള്ളൊരു ദോഷഭാരമൊഴിപ്പതിന്നതിസൗരഭം
വെള്ളിമുത്തു പളുങ്കൊടൊത്തു കൊരുത്തു ചാർത്തിയ മാറിടം
വള്ളിതൻമണവാള,നിന്നുദരാഭയും തിരുനാഭിയും
ഉള്ളിലാകണമെപ്പൊഴും പരിശുദ്ധയേ ഗുഹ, പാഹിമാം. 5

ഊഢകാന്തികലർന്നിടും ത്രിവലിക്കടിക്കു കടിസ്ഥലാ-
രൂഢകാഞ്ചനകാഞ്ചിസഞ്ചിതചേലയും കടിസൂത്രവും
രൂഢമായ്‌വിലസുന്ന തുത്തട മുട്ടടുത്ത കണങ്കഴൽ-
പ്രൗഢിയും മമ കാണണം പരിചോടു ഷൺമുഖ, പാഹിമാം. 6

ഋക്ഷവത്ക്കുതികൊള്ളുമെന്മനമിക്കണക്കു വരാതിനി
രക്ഷചെയ്‌വതിനൊച്ചയുള്ള ചിലമ്പിടും നരിയാണിയും
പക്ഷിവാഹനഭാഗിനേയ, മയൂരപൃഷ്ഠമമർന്നുവ-
ന്നക്ഷിഗോചരമായ് വിളങ്ങണമെപ്പൊഴും ഗുഹ, പാഹിമാം. 7

ഋഔണബന്ധമെനിക്കിനിക്കനവിങ്കലും കരുതേണ്ട മത്-
പ്രാണനാഥ ഭവത്പദപ്രപദത്തിലെത്തുകിലാമയം
ക്ഷീണമായ് മരുവും സരോരുഹശോഭതേടിന പാദവും
കാണണം പദവിക്രമങ്ങള് നഖങ്ങളും ഗുഹ, പാഹിമാം. 8
ഌപ്തപിണ്ഡപിതൃപ്രതിക്രിയ ചെയ്‌വതിന്നുമിതൊന്നിനും
ക്ലിപ്തമില്ലയെനിക്കു താവകപാദസേവനമെന്നിയേ
ലബ്ധവിദ്യനിവൻ ഭവത്കൃപയുണ്ടിതെങ്കിലനന്യസം-
തൃപ്തിയും പദഭക്തിയും വരുമാശു ഷൺമുഖ, പാഹിമാം. 9

ൡതമുള്ളിലിരുന്ന നൂലുവലിച്ചു നൃത്തുകളിച്ചതും
സാദരം തനതുള്ളിലാക്കി രമിച്ചിടും പടി മായയാ
ഭൂതഭൗതികമൊക്കെയും പതിവായെടുത്തു ഭരിച്ചഴി-
ച്ചാദിമുച്ചുടരായ് വിളങ്ങുമനന്ത, ഷൺമുഖ, പാഹിമാം 10

എട്ടുചുറ്റൊട്ടു മോക്ഷമാർഗ്ഗമടച്ചു മേവിന കുണ്ഡലി-
ക്കെട്ടറുത്തു കിളർന്നു മണ്ഡലവും പിളർന്നു ഭവത്പദം

തുഷ്ടിയോടു പിടിപ്പതിന്നരുളുന്നതെന്നു ഭവാബ്ധിയിൽ-
പ്പെട്ടുപോകരുതിന്നിയും ഭഗവാനെ, ഷൺമുഖ, പാഹിമാം. 11

ഏതുമൊന്നു ഭവാനൊഴിഞ്ഞടിയന്നൊരാശ്രയമാരുമീ
ഭൂതലത്തിലുമെങ്ങുമില്ല കൃപാനിധേ, കരുതേണമേ!
കാതിലോലയിതെന്നു ചിന്തതുടർന്നിടും മയി സന്തതം
ഭാതി യാവദനങ്ഗദാഹികടാക്ഷമഗ്നിജ, പാഹിമാം. 12

ഐശബീജമതിങ്കൽനിന്നുളവായ നിന്തിരുമേനിയി-
ങ്ങാശുശുക്ഷണി മിന്നലോടുപമിക്കുമിന്നികടത്തിലും
നാശഹീനനതാമഗസ്ത്യമുനീന്ദ്രസന്നിധിയിങ്കിൽനി-
ന്നാശിഷാ ഗുരുനാഥനായകണക്കു ഷൺമുഖ, പാഹിമാം. 13

ഒന്നുപോലഖിലാണ്ഡകോടിയകത്തടച്ചതിനുള്ളിലും
തന്നകത്തിലുമെങ്ങുമൊക്കെനിറഞ്ഞു തിങ്ങിവിളങ്ങിടും
നിന്നരുൾക്കൊരിടംകൊടുപ്പതിനൊന്നുമില്ലയിതെപ്പൊഴോ
നിന്നിൽനിന്നരുൾകൊണ്ടു ജാതമിതൊക്കെയും ഗുഹ, പാഹിമാം 14

ഓമിതി പ്രണവപ്രണഷ്ടകലിപ്രദോഷമനസ്സിൽനി-
ന്നോമനപ്പുതുമേനികണ്ടു കരംകുവിപ്പതിനാശയാ
പൂമണം ബുധപൂജിതം പെരുമാറുമങ്ഘ്രിസരോരുഹേ
നാമനം വിതനോമി നാശവിഹീന, ഷൺമുഖ, പാഹിമാം. 15

ഔഡുമണ്ഡലമദ്ധ്യവർത്തിയതാംശശാങ്കനിഭൻ ഭവാൻ
കൈടഭാരിസരോരുഹാസനദേവതാസു മഹാമതേ
ഐഡഭാവമൊഴിക്ക മേ തവ തൃച്ചിലമ്പൊലികേൾക്കുവാ-
നീഡയാമി ഭവത്പദാംബുജമെപ്പൊഴും ഗുഹ, പാഹിമാം. 16

അംബുധിത്തിരയും തിരക്കുമിളപ്രവാഹവുമൊക്കെയോ-
രംബുരാശിയതായടങ്ങിയൊട്ടുങ്ങിടും പടിനിന്നിൽനി-
ന്നംബ പൊങ്ങിമറിഞ്ഞുയർന്നു മറഞ്ഞിടുന്നഖിലാണ്ഡവും
അംബയാ സഹ വർത്തമാന, വിജന്മ, ഷൺമുഖ, പാഹിമാം. 17

അല്ലിലും പകലും ഭവദ്പദപല്ലവങ്ങളിലല്ലയോ
ചൊല്ലിയിങ്ങനെ സൗമ്യമാംമുതലുള്ളടക്കിയിരിപ്പതും
കൊല്ലുവാൻകൊലയാനപോലെയണഞ്ഞിടും മലമായയേ
വെല്ലുവാനൊരുമന്ത്രമിങ്ങരുളീടു ഷൺമുഖ, പാഹിമാം. 18

കഷ്ടമിക്കലിയിൽക്കിടന്നുഴലുന്നതൊക്കെയുമങ്ങു സ-
ന്തുഷ്ടനായ് സുഖമോട്ടു കണ്ടു രസിച്ചിരിക്കുക യോഗ്യമോ?
ക്ലിഷ്ടതയ്ക്കൊരിടം കൊടുക്കണമെന്നു നിന്തിരുവുള്ളിലു-
ണ്ടിഷ്ടമെങ്കിലടിക്കടുത്തിടുമെന്നിലോ ഗുഹ, പാഹിമാം. 19

# 10. ഷൺമുഖദശകം

ജ്ഞാനച്ചെന്തീയെഴപ്പിത്തെളുതെളെ വിലസും-
ചില്ലിവല്ലിക്കൊടിക്കൾ
മൗനപ്പൂന്തിങ്കളുള്ളൂട്ടുരുകുമമൃതൊഴ-
ക്കുണ്ടിരുന്നുള്ളലിഞ്ഞും
ഞാനും നീയും ഞെരുക്കക്കലരുവതിനരുൾ-
ത്തന്മയാം നിന്നടിത്താർ-
തേനേശ്ത്തുകുന്ന മുത്തുക്കുടമടിയനട
ക്കീട്ടു മച്ചിൽക്കൊഴുന്തേ! 1

തൂമത്തിങ്കൾക്കിടാവും തിരുമുടിയിടയിൽ
പാമ്പെലുമ്പുമ്പരാറും
ശ്രീമച്ചെമ്പൻമുടിക്കൽ തിരുവൊളി ചിതറി-
ച്ചിന്തുമന്തിച്ചുവപ്പും
നാമപ്പൊട്ടിട്ടിണങ്ങും നെറുക ചെറുപിറ-
ക്കീറു കാർവില്ലുവെല്ലു-
ന്നോമൽപ്പൂഞ്ചില്ലിവല്ലിക്കൊടിയുമടിയനൾ-
ക്കൺവിനയ്ക്കെന്നു കാണാം? 2

ഓമൽച്ചുണ്ടും ചിതമ്പിച്ചെറുചിരി ചിതറും-
തിങ്കളിൽ പങ്കജപ്പൂ

താവിത്തുകും കടാക്ഷത്തിരുമധു മധുരം
മാരികോരിച്ചൊരിഞ്ഞും
കാമം മുൻപായ് മുളയ്ക്കും കളമുളകളറു-
ത്തുൾനിലത്തൻപു വിത്തി-
ട്ടീമദ്ഭക്തിപ്പൊടിപ്പിന് പയർകതിർവരുമാ-
റാകേണ താരകാരേ! 3

സ്വർണ്ണക്കണ്ണാടിക്കുപ്പം കവിളിണയൊളിവിൽ
കുണ്ഡലം കർണ്ണബിംബം
കണ്ണിൽക്കാണ്മാൻ കൊതിപ്പൈങ്കിളിയുടെ പവിഴ-
ച്ചുണ്ടതോൽക്കുന്ന മൂക്കും
വെണ്ണക്ഖണ്ഡത്തിനുള്ളാ വെളിയൊളികളയും-
താടിയും തേട്ടമീയെ-
ന്നണ്ണിപ്പൈന്തേൻകുഴമ്പേ! പിഴപൊറുകയിവൻ
ചെയ്തതും ചെയ്വതും നീ 4

ആലക്കാലക്കഴത്തേലരവവുമതിലു-
ടാടിയോടുന്ന പൊന്നിൻ-
നൂലിൽ കോർത്തിട്ടു ചാർത്തിക്കിലുകിലയൊലികൊ-
ള്ളുന്ന വെള്ളച്ചിലമ്പും
വേലും ശൂലം വിളങ്ങും വരദവുമഭയം
ചെങ്കരത്താരിലേന്തി-
പ്പാലാലോലും മട്ടുത്തുംപുതുമൊഴിയൊഴുകും-

വായുമായ് വാ കളിപ്പാൻ 5

കുറിൽ കുറുണ്ടു വെണ്ണീർനൂറുമലർകളഭ-
ക്കൂട്ടണിഞ്ഞുൾവിളങ്ങും-
മാറും മാറും മനത്തീയരിയകൊട്ടുമുടി-
ക്കാതലെൻകല്ലനെഞ്ചേ!
തേറും തേറും തിരഞ്ഞീടകമലരൊളിവു-
ള്ളത്തിരുക്കോലമെന്നാൽ
നീറും നിറും നിരപ്പേ നിരയനിരയുമ-
മെയ്യുമയ്യമ്പവമ്പും 6

തീരത്തീരത്തിരുത്തുവരുവയറരുമ-
പ്പൊക്കിൾ പിൻ പൊന്നരഞ്ഞാൺ
താരിൽ കോർത്തിട്ടു തങ്കത്തരി തിരളുമര-
ക്കിങ്ങിണിത്തൊങ്ങൽ തൂക്കി
നീരിൽത്താരമ്പരന്നക്കൊടിയടിമുടി നീ-
രാളി നീർവാരുമൂടി-
ന്നേരം നേരന്നടിച്ചെൻമുരുകയരികിൽ വാ
മുത്തുവാൻ മൈലിലേറി 7

ഊഴിത്തട്ടിന്നൊഴുക്കായിഴുകിന ജഘന-
ത്താഴികക്കെട്ടിനൾപ്പൊൻ-
വാഴത്തണ്ടും മണിത്തുണഴകുമൊഴിയമ-

ത്യൂത്തുടക്കാമ്പു രണ്ടും
താഴത്തുറിത്തുളുമ്പും മടുമലർശരവീ-
രൻ മണിച്ചെപ്പുകുപ്പും-
താഴും പൂപ്പൊൻകണങ്കാൽ തിരുവടിയണിമു-
ട്ടും മറന്നീടുമോ ഞാൻ 8

മിന്നിച്ചിന്നുന്ന രത്നക്കുമിളകൾ നരിയാ-
ണിക്കു തൃക്കാഴ്ചവെച്ചോ-
രുണ്ണിച്ചെന്താമരപ്പൂവടിയിലടിമവേ-
ലത്തിറം പെറ്റുകൊൾവാൻ
തന്നിൽത്തങ്കച്ചിലമ്പിൻത്ധലത്ധലനിനദം-
കൊണ്ടെഴുന്നള്ളിവന്നെൻ-
മുന്നിൽ പൊന്നിൻകൊടീ, നിൻപുതുമകളിടിയൻ
കാണ്മതെന്നോമലുണ്ണീ! 9

പത്തിൻപത്തിപ്പുതുപ്പൂവിതളൊട്ടുപടത-
ല്ലും വിരൽത്താരകങ്ങൾ
പത്തും ചിത്തം തുളുമ്പിച്ചൊരിയുമരിയ നി-
ന്നൻപൊഴുക്കുറിയോടി
സത്തും ചിത്തും കലർത്തിശ്ശരവണഭവ, നീ
ഞാനുമായിട്ടൊരുന്നാൾ
മുത്തും മുത്തുണ്ടിരിപ്പാൻ കനകമയിൽ കരേ-
റിക്കളിച്ചോടിവാ നീ. 10

# 11. ഷാൺമാതുരസ്തവം

ഗൗരിസഹായസുഹൃദ്ദൂരീകൃതാവായവ
ഭൂരിഷു വൈരിഷു തമ-
സ്സൂരീകൃതായുധനിവാരീതദോഷ നിജ –
നാരീകലാലസമനഃ
ക്രൂരീഭവത്തിമിരചാരീ ഹിതാപദ്ദുര-
രീ നീതിസൂരി കരുണാ –
വാരീണ, വാരിധര, ഗൗരീകികശോര, മമ
ദൂരീകുരുഷ്വ ദുരിതം 1

മല്ലീകൃതത്രിദശമല്ലീ, സദാ സുദതി
വല്ലീകുചങ്കണലസത്
സല്ലീനകുങ്കുമരസോല്ലീനവത്സ, യുധി
ഭല്ലീസ്മയോƒസി ദിതിജൈഃ
സ്ഫുല്ലീകുരുഷ്വ സ ച വല്ലീതഗോധിതല –
വല്ലീവിലോലബുധഹൃദ്-
വല്ലീനിവാസ, മമ സോല്ലീന, കേകി ഹയ –
സല്ലീലപാഹൃദ്ദുദജം. 2

പ്രാണീകൃതസ്വനഖരാണീതഭക്തജന –

വാണീശമുഖ്യസുമന –
ശ്ശ്രേണിസുജാനതലതുണീ തമാലതിമി-
രാണീലചുചുകഭരാ
വാണീവിലാസമളിവേണി, വിപഞ്ചിമൃദു –
വാണീ തവാംഗരമണീ
ശ്രോണീഘനാ സുമതി, ശാണീതനോതു ഭൃശ-
മേണീവിശാലനയനാ. 3

രാഗാഭിഷിക്ത നിജകേശാദിപാദ വപു –
രാശാപിശാചദഹനാ
ശ്രീശാതകുംഭനിഭ പാശാങ്കുശാഭരണ –
നാശാന്തകാനുചര! ഭോഃ
ഭീശാഡ്വലാഹരണഗോശാബകാവനത –
കോശാധിപാശ്രു ഭഗവൻ
പാശാടവീ ഭവ ഹൃതാശാശയാവപിശി –
താശാ ഹി ഭോഗഭഗിയം. 4

സന്താപസന്തതിനിശാന്താവസന്തമയി
കാന്തയുഗാന്തരരതേ,
കിന്താവകേ ഹൃദി നിതാന്താകുലശയമ –
ഹന്താനപേതമവിതും

കിന്താമസം ഭവസി, ചിന്തമണീരുചിര-

സന്താനപാദപ ദവ –

ശ്ചിന്താധുതാന്തരുജമന്താദിഹീന കുരു

മാന്തവകീനഭജനം. 5

സീമാവിഹീനഗുണ സോമാവചൂഡ ജിത –

കാമാഭിമാന സുമതേ!

ഭൂമാധവാദിനുത ഭൂമാസമാന, പുര –

കാമാന്ധകാന്തക ഗുരോ

നാമാളിജാപിജനകാമാവസാനഫല, -

ദാമാശമാതനു വിഭോ,

ഹേമാരുണാ, ഹിതനികാമാതിഭീമ, ഗുഹ

സാമാദി വേദവിദയം. 6

വേദാനുഗീതനുത പാദാരവിന്ദയുഗ –

മാദായ സേവനവിധേ –

രാദാവമും സരസമാദാതുകാമ ശുഭ –

കേദാരകേളിനിലയേ,

താദാത്മ്യലീനമതിസാദാപനോദ, സക –

ലാദാനദൈവതതരോ

ഭൂദാസകൽപതികോദാരദാമ കുരു

മോദാംബുരാശിവസതിം. 7

കിഞ്ചാസുരദ്വിരദപഞ്ചാനനപ്രണവ –
സഞ്ചാരിഹംസസമനേ
കിഞ്ചാപലന്നമന, തുഞ്ചാനുജീവി മമ
സിഞ്ചാമൃതാഭ കൃപയാ
പഞ്ചാനനപ്രണയ കഞ്ചാപി ശാസി കതി
മുഞ്ചാശു ബദ്ധകമതിം
പഞ്ചാശുഗാരിസുരപഞ്ചാനനാത്മജ –
മിമഞ്ചാപി പാഹി സതതം 8

കാലായ ശീതരുചിബാലാവചൂഡ, ശുഭ –
ശീലാവധൂതദുരിത
ശ്രീലാംഘ്രമീവരദ ലീലാ ഹി വാരിസഖ
ബാലാശയാശയശുചേ!
കാലാനലോപമിത ഫാലാവലോകനക
..................................
വേലയുധോ മഹതി കോലാഹലാരവ സു –
ലീലാ തനോതു കുശലം. 9

# 12. സുബ്രഹ്മണ്യകീർത്തനം

അന്തിപ്പൂന്തിങ്കളന്തിത്തിരുമുടിതിരുകി–
ച്ചൂടിയാടും ഫണത്തിൻ–
ചന്തം ചിന്തും നിലാവിന്നൊളി വെളിയിൽ വിയദ്–
ഗംഗ പൊങ്ങിക്കവിഞ്ഞും
ചന്തച്ചെന്തീമിഴിച്ചെങ്കതിർനിര ചൊരിയി–
ച്ചന്ധകാരാനകറ്റി–
ച്ചിന്താസന്താനമേ, നിന്തിരുവടിയടിയൻ-
സങ്കടം പോക്കിടേണം. 1

പച്ചക്കള്ളം വിതറ്റിപ്പഴവിന കുടികെ-
ട്ടിക്കിടക്കുന്നൊരിമ്മെ–
യ്യെച്ചിൽച്ചോറുണ്ടിരപ്പോടൊരു വടിയുമെടു–
ത്തോടി മൂടറ്റിടും മുൻ
പച്ചപ്പൊൻ മയിലിലേറിപ്പരിചിനൊടെഴുന–
ള്ളിപ്പടിക്കൽ കിടക്കും
പിച്ചക്കാരന്നു വല്ലോമൊരു ഗതി തരണേ
മറ്റെനിക്കാരുമില്ലേ! 2

ജ്യോതിശ്ചക്രം കണക്കെൻ മനമിളകി മറി–
ഞ്ഞായുരന്തം വരും മുൻ
ബോധക്കേടൊക്കെ നീക്കിത്തരുകയമൃതരുൾ–
ത്തേൻ തുളുമ്പും പദം തേ,
പാതിപ്പെൺമെയ് മകൻ നിൻതിരുവടിയുടെ മേ–
ലേറിയാടുന്ന നേരം
മോദിച്ചേതും മടിക്കാതവനെയിവിടെ നീ
കൊണ്ടുവാ തങ്കമയിലേ 3

എൺ ചാൺറോട്ടുടെയുള്ളശ്ശകടമതു വലി-
ച്ചോണ്ടു മേലീഴ്ത്തുകീഴും
സഞ്ചാരം താവി മേവും തുരഗമിണയൊടേ
പൂട്ടിയോടിച്ചിറങ്ങി
അഞ്ചാറെട്ടും കടന്നായരമനയകമേ-
റിസ്സുഖിച്ചങ്ങിരുന്നെൻ -
നെഞ്ചാറിപ്പാൽ കുടിപ്പനൊരുവരമരുളീ-
ടേണമേ തമ്പുരാനേ! 4

അങ്കങ്കം നാഡിയോടും ദിനമണി മതിയും
പോയണഞ്ഞീടുമപ്പോള്
തങ്കക്കോയിക്കലുള്ളിൽ തരളമണിവിള-
ക്കും കൊളുത്തിക്കരേറ്റി

നങ്കും മങ്കും നടിച്ചും നടനമിടുവതി-
ന്നായെഴുന്നള്ളിവായീ-
യങ്കം വെട്ടുന്ന വേടപ്പരിഷയെ നിരവേ
ചുട്ടു നിർദ്ധൂളിയാക്കാൻ 5

കാട്ടും മേട്ടും കഥിച്ചോണ്ടൊരു കമനിമണീ-
കാന്തനായാലുമെന്തേ
പാട്ടും കേട്ടും പറഞ്ഞും പലവഴിയുഴറി-
പ്പാഞ്ഞലഞ്ഞാലുമെന്തേ
കാട്ടും വീട്ടും സമം നിന്തിരുവടിയരുൾപൊ-
ങ്ങീട്ടുവോളം പൊറുപ്പാൻ
നാട്ടുണ്ടോട്ടുണ്ടു ചോറുണ്ടരിയ തിരുവെഴു-
ത്താറുമുണ്ടോതുവാനും 6

ഓങ്കാരം കൊണ്ടെഴുപ്പിപ്പെരുവെളിനടുവേ
പള്ളികൊണ്ടുള്ളിലുണ്ടാം
ത്സങ്കാരം കേട്ടുണർന്നീടുകത്സടിതി മതി-
ത്താമരത്തേന് കുടിപ്പാൻ
പങ്കാരും പറ്റുവാനില്ലിരവുപകലിരു-
ന്നീച്ചയും തേനറിഞ്ഞും
ത്സങ്കാരം പോലുമില്ലിങ്ങിതിനെയിനിമയോ-
ടാസ്വദിച്ചീടുവാൻ വാ 7

കണ്ണുണ്ടീരാറു കാതും കരവുമതുകണ-
ക്കുണ്ടു കാരുണ്യമോയീ-
വണ്ണം മറ്റാർക്കുമില്ലീയടിമയിഹ പെട്ടും
പാടു കണ്ടീലയോ നീ
കണ്ണിൽക്കണ്ടോർ പഴിക്കുന്നതുമൊരു ചെവികൊ-
ണ്ടെങ്കിലും കേട്ടതില്ലേ
ദണ്ണം തീർത്തെന്നെ രക്ഷിച്ചഭയമരുളുവാൻ
കയ്യുമൊന്നല്ലെ വേണ്ടൂ? 8

ഓട്ടീലൊട്ടിച്ചു നാളത്തിരുനടുവെളി പാർ -
ത്തങ്കുശ്ശങ്കെന്നു തട്ടി-
ക്കുട്ടിപ്പൂട്ടിപ്പിടിച്ചക്കുതിരയെ നടുറോ-
ട്ടൂടെയോടിച്ചു വേഗം,
ചാട്ടിൻകുട്ടിങ്കലുൾച്ചഞ്ചലതരമിളകും
പഞ്ചരാജാക്കൾ പോം മുൻ
കൂട്ടക്കൊട്ടോട്ടു കോട്ടയ്ക്കകമതു കരയേ-
റിസ്സുഖിപ്പാൻ വരം താ. 9

മൗനപ്പൂന്തേനൊഴുക്കേ, മതിയമൃതൊലിയേ
മന്ദനാമെൻ മനക്കൺ-
ജ്ഞാനക്കണ്ണാടിയേ, നിൻതിരുവടിയടിയൻ-
തീ പൊറുത്തീടവേണം
കുനിത്തന്തേനമായികുറവർകുടിയതിൽ

പെണ്ണെട്ടുത്തുണ്ടതേക്കാൾ
മാനക്കേടോ നിനക്കീയഗതിയെയവനം
ചെയ്തു നിന്നോടുചേർത്താൽ? 10

വെയ്‌ലും നിലാവും വിഴുങ്ങിക്കനലൊളി നടുവിൽ
കാലുമൂന്നിപ്പിടിച്ച-
മ്മയ്‌ലിന് മേലാട്ടുമുണ്ണീ, മറയരുതു മനോ-
മൗനവീട്ടിൻ വിളക്കേ,
റെയ്‌ലിൻ വേഗം ജയിക്കും ജരനരമൃതലാം
മൂഢരും ഞാനുമായി-
ജ്ജയ്‌ലിൽ പാർപ്പാൻ ഞെരുക്കം ജവമയി! പരമൻ 11
ചിത്സുഖം നൽകിടേണം.

സ്പഷ്ടം ന്‌ലാവങ്ങുനീങ്ങി ദിനകരനുദയം
ചെയ്തു ചന്ദ്രൻ മറഞ്ഞു
തട്ടിത്തട്ടിപ്പെരുക്കിപ്പെരുവെളിയതിലാ-
ക്കീടുവാൻ പിന്നെയാട്ടെ,
കഷ്ടം ദീനം പിടിച്ചോ മദിരയതുകുടി-
ച്ചോ കിടക്കുന്ന ലോകർ-
ക്കുത്തിഷ്ഠോത്തിഷ്ഠ ശീഘ്രം, നദിയിൽ മുഴുകുവാൻ
കാലമായ് വന്നതിപ്പോൾ 12

ഉൾത്തീമാറ്റാൻ ഉപായത്തുനിവിനിയ മന-

ക്കൺമണേ, നീ തരാഞ്ഞാ-
ലുൾത്തീവ്രം പൊങ്ങിവിങ്ങും ദഹനശിഖയില് ഞാന്
വെന്തുപോട്ടെന്നുറച്ചോ?
പിച്ചും ഭ്രാന്തും പിടിച്ചപ്പിണിയറുതി വരാ-
നായ് വിതറ്റുന്നൊരിപ്പേ-
പ്പട്ടിക്കുണ്ടോ സുബോധം; പിഴകളഖിലവും
നീ പൊറുത്താളുമല്ലോ! 13

എച്ചിൽച്ചോറുണ്ടു പുള്ളിക്കിനിയൊരു മകനാം
നീയിരപ്പാളി ഞാനോ
പിച്ചക്കാരൻ, പിഴയ്ക്കും പിഴകളഖിലവും
നീ പൊറുക്കെന്നു ഞായം
അച്ഛൻ പൈതങ്ങൾ തൻ കാലടിയിണയടിപെ-
ട്ടാലുമൊക്കെപ്പൊറുത്ത-
ക്കൊച്ചുങ്ങൾക്കുള്ളഭീഷ്ടം കനിവൊടു നിറവേ-
റ്റിക്കൊടുക്കുന്നവല്ലോ! 14

ഉൺമാനില്ലാഞ്ഞിരപ്പോട്ടിയുമൊരുവടിയും-
കൊണ്ടു നീളെ നടക്കും -
പെൺമെയ്പങ്കൻ കുടത്തിൻ കവിളു കവിയുമാ-
റുള്ള കള്ളും ചുമന്നും
നിർമ്മാണം പോൽ ചിലപ്പോളരയിലൊരു കരി-
ത്തോലുടുത്തും നടക്കും

വൻമായം നിൻതകപ്പൻ വികൃതികൾ പറവാ-
നാദിശേഷന്നുമാമോ? 15

# 13. നവമഞ്ജരി

ശിഷ്യ നാമഗുരോരാജ്ഞാം കരോമി ശിരസാവഹൻ
നവമഞ്ജരികാം ശുദ്ധീകർത്തുമർഹന്തി കോവിദാഃ

നാടീട്ടുമീ വിഷയമോടീദൃശം നടനമാടീടുവാനരുതിനി-
ക്കാടീ വയോവിതരതീടീയിടയ്ക്കിവന്ന കൂടിയമായതിയലും
കാടീയുമീകരണമൂടീയെരിപ്പതിനൊരേടീകരിഞ്ഞ നിടില-
ച്ചൂടിദമീയ മയിലോടീടുവാനരുൾക മോടീയുതം മുരുകനേ! 1

രാപായിൽ വീണഴറുമാ പാപമീയരുതി-
രാപായിപോലെ മനമേ
നീ പാർവതീതനയമാപാദചൂഡമണി-
മാപാദനായ നിയതം
പാപാടവീ ചുട്ടുമിടാപായമീ മരുദി-
നോപാസനേന ചുഴിയില്
തീപായുമാറുമധുനാപായമുണ്മതിനു
നീ പാഹി മാമറുമുഖ! 2

യന്നായി വന്നരികിൽ നിന്നായിരംകതിർ പ-
രന്നാഭയുള്ള വടിവേൽ-
തന്നാലിവന്നരുൾ തരുന്നാകിലൊന്നു കുറ-

യുന്നാമമൊന്നരുള്ള നീ
പുന്നാമതോയതിനി വന്നാകിലും മുരുക,
നിന്നാമമൊന്നു പിടിവി-
ട്ടെന്നാകിലല്ല ഗതിയെന്നാലുമൊന്നുരുകി-
നിന്നാലവന്നതു മതു. 3

ണത്താരിൽമാതണിയുമത്താമരക്കുസുമ-
മൊത്താഭയുള്ളടികളെ-
ന്നുൾത്താരിനുള്ളിലരികത്തായി വന്നമര-
വിത്തായ മൂലമുരുകാ,
മത്താപമൊക്കെയുമറുത്താശു മാമയിലി-
ലൊത്താടി വല്ലിയൊടുമി-
മ്മത്താളടിച്ച നിലയെത്താതെ നീത്തുമിവ-
നെ സ്ഥായിയോടുമവ നീ. 4

കൂട്ടായി വന്ന നില വിട്ടോടി വന്നൊരു കു-
രുട്ടാവിയിങ്കലൊരു ക-
ണ്ണിട്ടാലുമപ്പൊഴുതിരുട്ടാറുമെന്നൊരു മി-
രട്ടാണിതൊക്കെ മുരുകാ,
വിട്ടാലിവന്നൊരു വരട്ടാശു നീയതിനി-
ട്ടാവി വന്നു മുടിവിൽ
പൊട്ടായി നിന്ന മലമുട്ടായ നീയവന-
മിട്ടാലുമിങ്ങു കൃപയാ. 5

തണ്ടാരിൽമാനിനിയിലുണ്ടായ മാരനമു-
രുണ്ടായിരം ചുവടിനു-
ള്ളുണ്ടാതിരിപ്പതിനു കണ്ടാലെവന്നു മന-
മുണ്ടാകയില്ല തവ മെയ്
തെണ്ടാതിരിപ്പവനിലുണ്ടാകയില്ല ശിതി-
കണ്ഠാദി ദേവകൃപയും
വിണ്ടാവി നിന്നടിയനുണ്ടാകുമാറു കൃപ-
യുണ്ടാകണം മുരുകനേ. 6

മഞ്ഞാവിതൻ കമനികുഞ്ഞായ നിന് ചരണ-
കഞ്ജായ വീണപണിയു-
ന്നിഞ്ഞാനുമങ്ങുമൊരു കുഞ്ഞാണിതെന്നറിവു
കിം ഞായമീശതനയാ.
കിഞ്ജാതകം ബത! തിരിഞ്ഞാകിലൊന്നിഹ ക-
നിഞ്ഞാലുമൊന്നടിയനിൽ
പിൻ ഞാനുമങ്ങുമൊരു കുഞ്ഞാണിതെന്ന പദ-
വുഞ്ജായതേ സഫലമായ്. 7

ജ്ഞപ്തിക്കു വന്നടിയനപ്തിങ്കൾ ചൂഡനൊടു
സപ്തിക്കണഞ്ഞു മുറിയിൽ
ശബ്ദിച്ചിടാതഖിലദിക് തിങ്ങി നിന്നവരു-
മബ്ധിക്കടുത്ത കൃപയാ
യുക്തിക്കടുക്കുമൊരു ശുക്തിട്ടു മട്ടുകളെ

യുക്തിപ്പറുത്തു പലരും
ധിക്തിമദീധിതി സുദൃക്തിക്കമീ വ്യസന-
മുക്തിക്കു പാലയ വിഭോ! 8

രീണം മനം വിഷയബാണം വലിച്ചുഴറി
നാണം കളഞ്ഞുതകി ന-
ല്ലോണം ഭവത്പദമൊരീണം വരാനരുൾക
വേണം ഷഡാനന, വരം
ഏണം പിടിച്ചവനൊടോണം കളിപ്പതിനു
പോണം ഭവാനൊടുമഹം
കാണംബരത്തു പരിമാണം പിടിപ്പതിനു
നീ നമ്മളോടുമൊരുനാൾ 9

# 14. ഗുഹാഷ്ടകം

ശാന്തം ശംഭുതനുജം സത്യമനാധാരം ജഗദാധാരം
ജ്ഞാതൃജ്ഞാനനിരന്തരലോക ഗുണാതീതം ഗുരുണാതീതം
വല്ലീവത്സലഭൃങ്ഗാരണ്യകതാരുണ്യം വരകാരുണ്യം
സേനാസാരമുദാരം പ്രണമത ദേവേശം ഗുഹമാവേശം 1

വിഷ്ണുബ്രഹ്മസമർച്യം ഭക്തജനാദിത്യം വരുണാതിഥ്യം
ഭാവാഭാവജഗത്ത്രയരൂപമഥാരൂപം ജിതസാരൂപം
നാനാഭുവനസമാധേയം വിനതാധേയം വരരാധേയം
കേയൂരാങ്ഗനിഷങ്ഗം പ്രണമത ദേവേശം ഗുഹമാവേശം. 2

സ്കന്ദം കുങ്കുമവർണ്ണം സ്പന്ദമുദാനന്ദം പരമാനന്ദം
ജ്യോതിഃസ്തോമനിരന്തരരമ്യമഹസ്സാമ്യം മനസായാമ്യം
മായാശൃങ്ഖലബന്ധവിഹീനമനാദീനം പരമാദീനം
ശോകാപേതമുദാന്തം പ്രണമത ദേവേശം ഗുഹമാവേശം .. 3

വ്യാളവ്യാവൃതഭൂഷം ഭസ്മസമാലേപം ഭുവനാലേപം
ജ്യോതിശ്ചക്രസമർപ്പിതകായമനാകായവ്യയമാകായം
ഭക്തത്രാണനശക്ത്യായുക്തമനുദ്യുക്തം പ്രണയാസക്തം
സുബ്രഹ്മണ്യമരുണ്യം പ്രണമത ദേവേശം ഗുഹമാവേശം 4

ശ്രീമത് സുന്ദരകായം ശിഷ്ടജനാസേവ്യം സുജടാസേവ്യം
സേവാതുഷ്ടസമർപ്പിതസൂത്രമഹാസത്രം നിജഷഡ്വക്ത്രം
പ്രത്യർത്ഥ്യാനതപാദസരോരുഹമാവാഹം ഭവഭീദാഹം
നാനായോനിമയോനിം പ്രണമത ദേവേശം ഗുഹമാവേശം 5

മാന്യം മുനിഭിരമാന്യം മഞ്ജുജടാസർപ്പം ജിതകന്ദർപ്പം
ആകൽപമൃതതരളതരങ്ഗമനാസങ്ഗം സകലാസങ്ഗം
ഭാസാഹ്യധരിതഭാസ്വന്തം ഭവികസ്വാന്തം ജിതഭീസ്വാന്തം
കാമം കാമനികാമം പ്രണമത ദേവേശം ഗുഹമാവേശം. 6

ശിഷ്ടം ശിവജനതുഷ്ടം ബുധഹൃദയാകൃഷ്ടം ഹൃതപാപിഷ്ഠം
നാദാന്തദ്യുതിമേകമനേകമനാസങ്ഗം സകലാസങ്ഗം
ദാനവിനിർജ്ജിതനിർജ്ജരദാരുമഹാഭീരും തിമിരാഭീരും
കാലാകാലമകാലം പ്രണമത ദേവേശം ഗുഹമാവേശം 7

നിത്യം നിയമിഹൃദിസ്ഥം സത്യമനാഗാരം ഭുവനാഗാരം
ബന്ധുകാരുണലളിതശരീരമുരോഹാരം മഹിമാഹാരം
കൗമാരീകരപീഡിതപാദപയോജാകം ദിവി ഭൂജാതം
കണ്ഠേകാലമകാലം പ്രണമത ദേവേശം ഗുഹമാവേശം. 8

# 15. ബാഹ്ലേയാഷ്ടകം.

ഓം ഓം ഓം ഹോമധൂമപ്രകടതടജടാ-
    കോടിഭോഗിപ്രപൂരം
അം അം അം ആദിതേയപ്രണതപദയുഗാം
    ഭോരുഹശ്രീവിലാസം
ഉം ഉം ഉം ഉഗ്രനേത്രത്രയലസിതപൂര്-
    ജ്യോതിരാനന്ദരൂപം
ശ്രീം ശ്രീം ശ്രീം ശീഘ്രചിത്തഭ്രമഹരമനിശം
    ഭാവയേ ബാഹ്ലേയം. 1

ഹ്രീം ഹ്രീം ഹ്രീം ഹൃഷ്ടഷട്കന്ധരമഘമരണാ
    രണ്യസംവർത്തവഹ്നിം
ഐം ഐം ഐം ഐങ്ഗുദീസത്ഫലമൃദുമിളിത-
    പ്രാശിയോഗീന്ദ്രവന്ദ്യം
ക്ലീം ക്ലീം ക്ലീം ക്ലിഷ്ടകായക്ലമദവദഹന
    ക്ലേശനിർമ്മൂലനാശം
സൗം സൗം സൗം സൗരകാന്തിഭ്രമഹരമനിശം
    ഭാവയേ ബാഹ്ലേയം. 2

ശം ശം ശം ശബ്ദരൂപം ശശിധരമമലം
    ശങ്കരം സാംബമൂർത്തിം

ശിം ശിം ശിം ശിഷ്ടവന്ദ്യം ശിഖരിനിലയനം
ശിക്ഷിതാനേകലോകം
ശ്രും ശ്രും ശ്രും ശുഭ്രഹാസം ശുഭകരമതിസ-
ന്ദേഹസന്ദോഹനാശം
ശൗം ശൗം ശൗം ശൗക്ലിതാങ്ഗം സിതഭസിതഗണൈർ-
ഭാവയേ ബാഹുലേയം. 3

രം രം രം രമ്യദേഹം രജതഗിരിഗൃഹം
രക്തപദ്മാങ്ഘ്രിയുഗ്മം
രിം രിം രിം രിക്തശോകപ്രകൃതിപരമ-
ജംഘാലമാനീലനേത്രം
രും രും രും രുക്ഷകായപ്രതിഭടഹനനം
രക്തകൗശേയവസ്ത്രം
രൗം രൗം രൗം രൗം രൗരവാദിദ്രുതഹരകുഹരം
ഭാവയേ ബാഹുലേയം. 4

ഹം ഹം ഹം ഹംസയോഗിപ്രവരസുഖകരം
ഹസ്തലക്ഷ്മീസമേതം
ഹിം ഹിം ഹിം ഹീനമാനം ഹിതസുഖവരദം
ഹിംസയാപേതകീലം
ഹ്രും ഹ്രും ഹ്രും ഹ്രുംകൃതിധ്വംസിതരജനിചര-
ക്രൗര്യകൗടില്യമൂർത്തിം
ഹൈം ഹൈം ഹൈം ഹൈമകുംഭായതകരസഹജം

ഭാവയേ ബാഹുലേയം 5

ണം ണം ണം നന്ദികേശപ്രവരഭുജഗനിർ-
വിഘ്നകർമ്മപ്രപഞ്ചം
ണിം ണിം ണിം നീലകണ്ഠപ്രിയസുതമജിതം
നിർമ്മലാങ്ഗം നിരീഹം
ണും ണും ണും ണത്തനാദോത്തരനിഭൃതനിരാ-
ലംബകൈവല്യമൂർത്തിം
ണൗം ണൗം ണൗം നാമരൂപാത്മകജഗദഖിലം
ഭാവയേ ബാഹുലേയം 6

ഭം ഭം ഭം ഭാഗധേയം ഭഗവദനുചര-
പ്രാഞ്ജലിസ്തോത്രപൂരം
ഭിം ഭിം ഭിം ഭീമനാദാന്തകമദനഹരം
ഭീഷിതാരാതിവർഗ്ഗം;
ഭും ഭും ഭും ഭൂതിഭൂഷാർച്ചിതമമിതസമ-
സ്താർത്ഥശാസ്ത്രാന്തരങ്ഗം
ഭൗം ഭൗം ഭൗം ഭൗമമുഖ്യം ഗ്രഹഗണനപടും
ഭാവയേ ബാഹുലേയം. 7

വം വം വം വാഹിനീശം വലരിപുനിലയ
സ്തോത്രസമ്പത്സമൂഹം

വിം വിം വിം വീരബാഹുപ്രഭൃതിസഹചരം
    വിഘ്നരാജാനുജാതം;
വൂം വൂം വൂം ഭൂതനാഥം ഭുവനനിലയനം
    ഭൂരികല്യാണശീലം
വൗം വൗം വൗം ഭാതിതാരിപ്രതിഭയമനിശം
    ഭാവയേ ബാഹുലേയം. 8

# ശിവസ്തോത്രങ്ങൾ

# 16. ശിവപ്രസാദപഞ്ചകം

ശിവ,ശങ്കര,ശർവ,ശരണ്യ,വിഭോ,
ഭവസങ്കടനാശന, പാഹി ശിവ.
കവിസന്തതി സന്തതവും തൊഴുമെൻ-
ഭവനാടകമാടുമരുമ്പൊരുളേ! 1

പൊരുളെന്നുമുടമ്പൊടു മക്കളുയിർ-
ത്തിരളെന്നുമിതൊക്കെയനർത്ഥകരം
കരളീന്നു കളഞ്ഞു കരുംകടലിൽ
പുരളാതെ പൊതിഞ്ഞു പിടിപ്പതു നീ. 2

പിടിപെട്ടു പുരണ്ടു മറിഞ്ഞു പിണ-
ക്കുടിയിൽ കുടികൊണ്ടു ഗുണങ്ങളൊടും
കുടികൊണ്ടുകുടിക്കുമരുംകുടിനീ-
രടിതട്ടിയകത്തു നിറഞ്ഞിരി നീ. 3

ഗളമുണ്ടു കറുത്തതു നീ ഗരളം
കളമുണ്ടതുകൊണ്ടു കൃപാനിധിയേ,
കളമുണ്ടൊരു കൊണ്ടലൊടൊത്ത കടൽ
ക്കളവുണ്ടൊരു സീമ നിനക്കു നഹി. 4

കനിവെന്നിലിരുത്തിയനങ്ഗരസ-
ക്കനി തട്ടിയെറിഞ്ഞു കരം കഴുകി
തനി മുക്തി പഴുത്തു ചൊരിഞ്ഞൊഴുകും
കനകക്കൊടിയേ,കഴലേകുക നീ. 5

## 17. സദാശിവദർശനം

മണംതുടങ്ങിയെണ്ണീ മണ്ണിലുണ്ണമെണ്ണമൊക്കെയ-
റ്റിണങ്ങിനിൽക്കുമുൾക്കുരുന്നുരുക്കിനെക്കിനക്കിടും
ഗുണംനിറഞ്ഞ കോമളക്കുടത്തിലന്നുമിന്നുമി-
ന്നിണങ്ങളങ്ങുമിങ്ങുമെങ്ങുമില്ല നല്ലമങ്ഗളം. 1

കളം കറുത്ത കൊണ്ടലുണ്ടിരുണ്ട കൊണ്ടകണ്ടെഴും
കളങ്കമുണ്ട കണ്ടനെങ്കിലും കനിഞ്ഞുകൊള്ളുവാൻ
ഇളംപിറക്കൊഴുന്നിരുന്ന മിന്നുമുന്നതത്തല-
ക്കുളംകവിഞ്ഞ കോമളക്കുടംചുമന്ന കുഞ്ജരം. 2

'അരം' തിളച്ചുപൊങ്ങുമാടലാഴി നീന്തിയേറിയ-
ക്കരെക്കടന്ന കണ്ടപോതഴിഞ്ഞൊഴിഞ്ഞു നിന്ന നീ
ചുരന്ന ചൂഴവും ചൊഴിഞ്ഞിടുന്ന സൂക്തികണ്ടുക-
ണ്ടിരന്നുനിന്നിടുന്നിതെൻമുടിക്കു ചൂടുമീശനേ! 3

ശനൈരുയർന്നുയർന്നു വന്നുനിന്നുകൊന്നുതിന്നിടും
ദിനം ദിനം ദിനേശനിന്ദുവെന്നുരണ്ടുകന്ദുകം
മനംകവിഞ്ഞുമാറിയാടുമങ്ങുമണ്ണോടെണ്ണുമീ-
ജനംനിനയ്ക്കുമൊക്കെയും ജയിക്കുമാദിദൈവമേ! 4

ദൈവമേ, നിനയ്ക്ക നീയും ഞാനുമൊന്നുതന്നെയെന്നു
കൈവരുന്നതിന്നിതെന്നിയടിയനില്ല കാംക്ഷിതം
ശൈവമൊന്നൊഴിഞ്ഞു മറ്റുമുള്ളതൊക്കെയെങ്ങുമിങ്ങു
മായ്‌വലഞ്ഞുഴന്നിടുന്ന വഴിയതും നിനയ്ക്കിൽ നീ. 5

നിനയ്ക്കിലിന്ദുചൂഡനൊന്നുതന്നെ നീയൊഴിഞ്ഞു മ-
റ്റെനിക്കുദൈവമില്ല പൊൻവിളക്കിളയ്ക്കുമാഴിയേ
മനംതുടങ്ങിയെണ്ണമെണ്ണമെണ്ണമൊക്കെ നെക്കിനക്കിടും
കനംകുറഞ്ഞമേനിയേ കനിഞ്ഞുവന്ന കന്നലേ. 6

നിലം നിലിമ്പരാറു പാമ്പെലുമ്പൊടമ്പിളിക്കല-
ത്തിലംവിളങ്ങിടുന്ന ചെഞ്ചിടയ്ക്കിടയ്ക്കണഞ്ഞിടും
ചിലങ്കകണ്ടു ചഞ്ചലപ്പെടും മുഖംമലർന്ന പൂ-
ങ്കുലയ്ക്കു കുമ്പിടുംപടിക്കിനിക്കനിഞ്ഞു കൂറു നീ. 7

കനിഞ്ഞുമണ്ണമപ്പുമപ്പുറം കലർന്ന കാറ്റൊട-
ങ്ങണഞ്ഞുവിണ്ണിലന്നുമിന്നുമൊന്നിരുന്നുമിന്നിടും
മണംകലർന്നമേനിയേതതിന്നു നീ മലർന്നിടും
മണിക്കു മാനമില്ല മല്ലിടുന്നൊരല്ലുമില്ലതിൽ. 8

ഇതിൽക്കിടന്നു കേണുവാണു നാൾകഴിഞ്ഞിടുന്നിനി-
ക്കിതിൽപരം നിനയ്ക്കിലെന്തു വന്നിടുന്നു സങ്കടം?
മതിക്കൊഴുന്നണിഞ്ഞിടുന്നമന്നവാ, കനിഞ്ഞുമു-

ന്മതിക്കടംകവിഞ്ഞു പായുമാറു ചൂടിയാടുനീ. 9

അടിക്കു പന്നി പോയി നിന്മുടിക്കൊരന്നവുംപറ-
ന്നടുത്തു കണ്ടതില്ല നിന്നെയിന്നുമഗ്നിശൈലമേ,
എടുത്തു നീ വിഴുങ്ങിയെന്നെയിന്ദ്രിയങ്ങളോടുടൻ
നടിച്ചിടും നമശ്ശിവായ നായകാ, നമോ നമഃ 10

# 18. ശിവശതകം

അഴകൊടു ഭാരതയുദ്ധമദ്രിയിന്മേൽ
മുഴുചെവിയൻമുറികൊമ്പുകൊണ്ടുമുന്നം
എഴുതിനിറച്ചെളിയോർക്കിണങ്ങി നിൽക്കും
മുഴുമുതലാകിയ മൂർത്തി കാത്തുകൊൾക! 1

അരുമറനാലുമൊരിക്കലോതിമുന്നം
കരിമുകിൽവർണ്ണന്ന പങ്കുചെയ്തുനൽകി
പരമതുവള്ളുവർനാവിലും മൊഴിഞ്ഞ
പ്പരിമളഭാരതി കാത്തുകൊൾക നിത്യം! 2

കനകമയിൽ മുകളേറി വേലുമേന്തി-
ക്കനിവൊടു കണ്ണിണ കങ്കണം നിറഞ്ഞു
ജനിമരണച്ചുടുകാടിലാടി വെണ്ണീ-
റണിതിരുമേനി തുണയ്ക്കണം സദാമേ. 3

സനകസനന്ദസനത്കുമാരർ മുൻപാം
മുനിജനമോടുപദേശമോതിമുന്നം
കനിവൊടു തെക്കുമുഖം തിരിഞ്ഞു കല്ലാൽ-
ത്തണലിലിരുന്നൊരുമൂർത്തി കാത്തുകൊൾക.! 4

ശിവ! ശിവ! നിൻതിരുനാമമോർത്തുകണ്ടാ-
ലെവിടെയുമൊന്നുമിതിന്നു തുല്യമില്ല
ഇവ പലതുള്ളിലറിഞ്ഞിരുന്നമീ ഞാ-
നിവിടെയിവണ്ണമലഞ്ഞിടുന്നു കഷ്ടം! 5

ഹരിഭഗവാനരവിന്ദസൂനുവും നിൻ-
തിരുവിളയാടലറിഞ്ഞതില്ലയൊന്നും;
ഹര! ഹര! പിന്നെയിതാരറിഞ്ഞിടുന്നു
കരളിലിരുന്നു കളിച്ചിടുന്ന കോലം? 6

ചെറുപിറ ചെഞ്ചിടയിങ്കലാറുമേറും
തിറമിയലും ഫണിമാലയും ത്രിപുണ്ഡ്ര-
ക്കുറികളുമമ്മദനൻ ദഹിച്ച കണ്ണും
പുരികവുമെന്നുമെനിക്കു കാണണം തേ. 7

ദിനമണിതിങ്കളണിഞ്ഞ കണ്ണു രണ്ടും
മണിമയകുണ്ഡലകർണ്ണയുഗ്മവും തേ,
കനകതിലക്കുസുമം കുനിഞ്ഞുകുപ്പി-
ദ്ദിനമനസേവകൾ ചെയ്തിടുന്ന മൂക്കും. 8

പഴവിനയൊക്കെയറുത്തിടുന്ന തൊണ്ടി-
പ്പഴമൊടു പോരിലെതിർത്തിടുന്ന ചുണ്ടും
കഴുകിയെടുത്തൊരു മുത്തൊടൊത്ത പല്ലും

മുഴുമതിപോലെ കവിൾത്തടങ്ങളും തേ. 9

അമൃതൊഴുകുംതിരമാലപോലെ തള്ളും
തിമൃതയുതത്തിരുവാക്കുമെൻ ചെവിക്ക്
കുമറിയെരിഞ്ഞുകുമിഞ്ഞെഴും മനത്തീ-
ക്കമൃതുചൊരിഞ്ഞതുപോലെയുള്ളനോക്കും. 10

കുവലയമൊക്കെ വിളങ്ങുന്ന പുത്തൻ
പവിഴമലയ്ക്കു മുളച്ചെഴും നിലാവും
തഴവിനവെണ്മണിതാരകങ്ങളും നി-
ന്നൊഴിവറെ രക്ഷകൾ ചെയ്യുവാന് തൊഴുന്നേൻ. 11

അരവവുമെല്ലുമിടയ്ക്കിടയ്ക്കണിഞ്ഞും
കരിമുകിൽ കണ്ടു കുനിഞ്ഞിടും കഴുത്തും
വരദമഭീതി കുരംഗശൂലപാണി-
ത്തിരുമലർനാലുമണിഞ്ഞു കാണണം തേ. 12.

ഉരഗലസത്കൃതമാലമാല ചാർത്തി-
പ്പരിലസിതോരസി ഭൂരി ഭൂതി പൂശി,
പരിമളമുണ്ടു മുരണ്ടിടുന്ന വണ്ടിന്-
നിരകളൊടും തിരുമേനിയെന്നു കാണാം? 13

ഒഴുകിടുമംബരഗങ്ഗതന്റെ നീരിൽ-

ച്ചുഴിയൊടുതുല്യമുദിച്ചെഴുന്ന നാഭി-
ക്കുഴിയിലെഴുന്ന കളിന്ദകന്യമേലോ-
ട്ടൊഴുകിടുമെന്നകണക്കു രോമരാജി. 14.

തുടയിണതന്നിലുരിച്ച വാരണത്തോൽ
പതയുടയാടയുടുത്തതിൻപുറത്ത്
പടമൊരു കയ്യിലെടുത്തു വാലുമായി-
ക്കടിയിൽ മുറുക്കിയ കാഞ്ചിയെന്നുകാണാം? 15.

കരിയുരികെട്ടിയുടുത്തനന്തകച്ച-
പ്പുറമതു പൂട്ടിയലങ്കരിച്ചു പാമ്പും
പരിമളഭൂതി പൊതിഞ്ഞു പൂശിയന്തി-
ത്തിരുവിളയാടലിതെന്നു കാണുമീ ഞാൻ 16

മലരടി രണ്ടിലുമിട്ട പൂഞ്ചിലങ്ക-
ക്കുലകൾ കൊരുത്തു കളിച്ചിടുന്നനേരം
കലകലയെന്നു കിലുങ്ങിടും ചിലമ്പി-
ന്നൊലി ചെവിരണ്ടിലുമെന്നു കേൾക്കുമീ ഞാൻ?- 17

മുടിനടുവാദി മുടിഞ്ഞു മൂന്നുമൊന്നായ്
വടിവൊടുനിന്നു വിളങ്ങിടും വിളക്കിൻ
ചുടരൊളി ചുട്ടു തുടച്ചു ശോകമാകും
കടലതുകൊണ്ടു കടന്നിടുന്നു കുലം 18

കുവലയനായകനർക്കനഗ്നിഹോതാ-
വവനിയുടങ്ങിയ ഭൃതിയഞ്ചുമിന്നീ
തവ മറിമായമിതാർക്കറിഞ്ഞിടാവൂ
കവിജനകൽപിതകാവ്യമെന്നപോലെ! 19

മതികല ചൂടിയ പൊൻകുടം മതിക്കു-
ള്ളതിമൃദുകോമളനാടകം നടിപ്പാൻ
കൊതിപെരുകുന്നതുകൊണ്ടു കണ്ടതെല്ലാ-
മുദിതമിതൊക്കെയുമങ്ങു ചേരുമല്ലോ! 20

ഭഗവതിയമ്മ പകുത്തു പാതി വാങ്ങി-
പ്പകുതി മുകുന്ദനു നൽകി മുന്നമേ നീ,
ഭഗവതി നിൻതിരുമേനിതന്നിലിന്നോ-
രഗതിയിരിപ്പതിനാഗ്രഹിച്ചീടുന്നു. 21

പശുപതി പാശമൊഴിച്ചു പാഹിമാമോ-
രശുഭമെനിക്കണയാതെ തക്കവണ്ണം
പിശിതമശിച്ചു പരുത്ത പിണ്ഡമോ ഞാ-
നശുചിയിതെന്നകതാരിലോർത്തിടാത്തു?22

അതിസരണം വമി തന്നെ വന്നിതിന്നാ-
ളതിപരിദേവന ചെയ്തതൊക്കെയും നിൻ-

മതിയിലറിഞ്ഞു മറന്നുപിന്നെയും ഞാൻ
ഗതിയറിയാതെ വലഞ്ഞിടുന്നു കഷ്ടം! 23

മലയതിലുണ്ടു മരുന്നു മൂന്നു പാമ്പും
പുലിയുമതിന്നിരുപാടുമുണ്ടുകാവൽ
പുലയനെടുത്തു ഭുജിച്ചു പാതിയിന്നും
വിലസതി നീയുമെടുത്തുകൊൾക നെഞ്ചേ! 24

ധരണിയിലിങ്ങനെ വാഴവാനസഹ്യം
മരണവുമില്ല നമുക്കു പാർത്തുകണ്ടാൽ
തരുണമിതെന്നു ധരിച്ചു താപമെല്ലാം
സ്മരഹര തീർത്തെഴുന്നള്ളുകെന്റെ മുമ്പില്. 25

വയറുപതപ്പതിനുണ്ടു കണ്ടതെല്ലാം
കയറി മറിഞ്ഞു മരിച്ചിടുന്നതിൻമുൻ
ദയ തിരുമേനി മനസ്സിലോർത്തു ഭക്തി-
ക്കയറു കൊടുത്തു കരേറ്റണം മനം മേ. 26

അരുൾവടിവായൊരുപോൽ നിറഞ്ഞുനിൽക്കും
പരമശിവൻ ഭഗവാനറിഞ്ഞു സർവം
സുരനദിതിങ്കളണിഞ്ഞ ദൈവമേ! നിൻ
തിരുവടി നിത്യമനുഗ്രഹിച്ചിടേണം. 27

മുഴുമതിമുടി തുരന്നു മുത്തെടുത്ത-
ക്കുഴിയിലടച്ച കുരംഗമുണ്ടു കയ്യിൽ
തഴലെരിയും പൊഴുളുറി മൂലമോളം
പുഴയൊഴുകുന്നതു വാഴ്ക ഭുവിലെന്നും 28

ജനിമൃതിരോഗമറുപ്പതിന്നു സഞ്ജീ-
വനി പരമേശ്വരനാമമെന്നിയില്ല,
പുനരതുമൊക്കെമറന്നു, പൂത്തുകായ്ക്കും
പുനകൃതികൊണ്ടു നിറഞ്ഞു ലോകമെല്ലാം 29

നരഹരിമൂർത്തി നമിച്ചിടുന്ന നെറ്റി-
ത്തിരുമിഴിതന്നിലെരിച്ച മാരനിന്നും
വരുവതിനെന്തൊരു കാരണം പൊരിച്ചീ-
ടെരിമിഴിതന്നലിതൊന്നുകൂടെയിന്നും. 30

പറവകൾ പത്തുമറുത്തുപറ്റിനിൽക്കും
കുറികളൊഴിച്ചു കരുത്തടക്കിയാടും
ചെറുമണിചെന്നു ചെറുത്തു കാളനാഗം
നെറുകയിലാക്കിയൊളിച്ചിടുന്നു നിത്യം. 31

ശിവ! ശിവ തത്ത്വമൊഴിഞ്ഞു ശക്തിയും നി-
ന്നവധി പറഞ്ഞൊഴിയാതെ നാദവും നിൻ
സവനമതിന്നു സമിത്തതാക്കി ഹോമി-

പ്പവനിവനെന്നരുളീടുകപ്പനേ! നീ. 32

ചെറുമയിർതോലുപൊതിഞ്ഞു ചത്തുപോവാൻ
വരവുമെടുത്തു വലത്തുവായുവിന്മേൽ
ചരുകുചുഴന്നു പറന്നിടുന്നവണ്ണം
തിരിയുമതിങ്ങുവരാതെ തീയിടേണം. 33

കരുമന ചെയ്തുകളിച്ച കള്ളമെല്ലാം
കരളിലമർത്തിയൊരൽപനെക്കുറിച്ച്
കരുണയിരുത്തിയനുഗ്രഹിച്ചിടേണം
കരപെരുകിക്കവിയും സമുദ്രമേ! നീ. 34

തൊഴിലുകളഞ്ഞുമൊഴിഞ്ഞുതോന്നിനിൽക്കും
മുഴുമതിയാഴികടഞ്ഞെടുത്തു മുന്നം
ഒഴുകിവരുന്നമൃതുണ്ടു മാണ്ടുപോകാ-
തൊഴുവിലൊട്ടുക്കമുദിക്കുമർക്കബിംബം. 35

ഒരുവരുമില്ല നമുക്ക് നീയൊഴിഞ്ഞി-
ങ്ങൊരുതുണ താണ്ഡവമൂർത്തി പാർത്തലത്തിൽ
സ്മരഹര! സാംബ! സദാപി നീ തെളിഞ്ഞി-
ങ്ങൊരു കൃപനൽകുകിലെന്തുവേണ്ടു പിന്നേ? 36

ഉമയൊടുകൂടിയടുത്തു വന്നു വേഗം

മമ മതിമോഹമറുത്തു മെയ്കൊടുത്ത്
യമനുടെകയ്യിലകപ്പെടാതെയെന്നും
സമനില തന്നു തളർച്ച തീർത്തിടേണം. 37

ചലമിഴിമാരുടെ ചഞ്ചു കണ്ടു നിൽക്കും
നില നിടിലത്തിരുനോക്കു വച്ചറുത്ത്
പല പല ലീല തുടർന്നിടാതെ പാലി-
ച്ചലിവൊടു നിൻ പദപങ്കജം തരേണം. 38

കടിയിടയിങ്കലൊളിച്ചിരുന്നു കൂട്ടം
പൊടിയിലുരുണ്ടു വിരണ്ടു പോക്കടിപ്പാൻ
അടിയനു സംഗതിവന്നിടാതിരുത്തി-
പ്പടിയരുളീടുക പാർവ്വതീശ! പോറ്റീ! 39

യമനൊടുമല്ലുപിടിപ്പതിന്നു നീതാ-
നിമയളവും പിരിയാതിരുന്നുകൊൾക;
സുമശരസായകസങ്കടം സഹിപ്പാൻ
നിമിഷവുമെന്നെയയക്കൊലാ മഹേശാ! 40

സുഖവുമൊരിക്കലുമില്ല ദുഃഖമല്ലാ-
തിഹപരലോകവുമില്ല തെല്ലുപോലും;
സകലമതിങ്ങനെ ശാസ്ത്ര സമ്മതം ഞാൻ
പകലിരവൊന്നുമറിഞ്ഞതില്ല പോറ്റീ! 41

ഒരു കുറി നിന്തിരുമേനി വന്നു മുന്നിൽ-
ത്തിരുമുഖമൊന്നു തിരിച്ചു നോക്കിയെന്നിൽ
പെരുകിന സങ്കടവൻകടൽ കടത്തി-
ത്തരുവതിനെന്നു തരം വരും ദയാലോ! 42

അവനിയിലഞ്ചുരുവപ്പിൽ നാലുമഗ്നി-
ക്കിവയൊരുമൂന്നൊരു രണ്ടു കാറ്റിൽ വാനിൽ
തവ വടിവൊന്നു തഴച്ചെഴുന്നു കാണ്മാ-
നെവിടെയുമുണ്ടു നിറഞ്ഞു നിന്നിടുന്നു. 43

മലമകളുണ്ടൊരുപാടു മാറിടാതേ
മുലകളുലഞ്ഞമൃതുറി മോദമാകും
മലമുകളീന്നൊഴുകും പുഴയാഴിയെൻ
തലവഴിയെന്നൊഴുകുന്നിതു ശങ്കരാ! 44

ഭസിതമണിഞ്ഞുപളുങ്കൊടൊത്തുനിന്നം-
ഭസി തലയിൽ തിരമാല മാല ചൂടി
ശ്വസിതമശിക്കുമലംകൃതീകലാപി-
ച്ചസി തിരുമേനിയിരങ്ങവേണമെന്നിൽ 45

അഹമൊരുദോഷമൊരുത്തരോടു ചെയ്‌വാ-
നകമലരിങ്കലറിഞ്ഞിടാതവണ്ണം
സമലമൊഴിച്ചുതരേണമെന്നുമേ ഞാൻ

ഭഗവദനുഗ്രഹപാത്രമായ് വരേണം. 46

പുരഹര, പൂർവ്വമിതെന്തു ഞാൻ പിഴച്ചി-
പ്പരവശഭാവമൊഴിഞ്ഞിടായ്‌വതിന്ന്
പുരമെരിചെയ്തതുപോലെ ജന്മജന്മാ-
ന്തരവിനയൊക്കെയെരിക്കണം ക്ഷണം മേ. 47

സുമശരവേല തുരത്തിയോട്ടി നീതാ-
നമരണമെൻമനതാരിലെന്നുമെന്നിൽ
കുമതികുലം കൊലയാനപോലെ കുത്തി-
ത്തിമിരനിരയ്ക്കു തിമിർത്തിടാതിരിപ്പാൻ. 48

ചുവയൊളിയൂറലൊഴിഞ്ഞു ശീതരശ്മി-
യ്ക്കുവമതിചെയ്‌വതിനുള്ള നിൻകടാക്ഷം
ഭവമൃതി മുട്ടപറിഞ്ഞു പോകുമാറി-
ങ്ങിവനുതരേണ, മതിന്നു വന്ദനം തേ. 49

കരണവുമങ്ങു കുഴഞ്ഞു കണ്ണു രണ്ടും
ചെരുകിയിരുണ്ടു ചമഞ്ഞു ജീവനാശം
വരുമളവെന്നുമറിഞ്ഞുകൊള്ളുവാനും
ഹര! ഹര! നിൻതിരുനാമമുള്ളിൽ വേണം. 50

ജയ ജയ ചന്ദ്രകലാധര! ദൈവമേ!

ജയ ജയ ജന്മവിനാശന! ശങ്കര!
ജയ ജയ ശൈലനിവാസ! സതാം പതേ!
ജയ ജയ പാലയ മാമഖിലേശ്വര! 51

ജയ ജിതകാമ! ജനാർദ്ദനസേവിത!
ജയ ശിവ! ശങ്കര! ശർവ! സനാതന!
ജയ ജയ മാരകളേബരകോമള!
ജയ ജയ സാംബ! സദാശിവ! പാഹി മാം. 52

കഴലിണകാത്തുകിടന്നു വിളിക്കുമെ-
ന്നഴലവിടുന്നറിയാതെയിരിക്കയോ?
പിഴപലതുണ്ടിവനെന്നു നിനയ്ക്കയോ?
കുഴിയിലിരുന്നു കരേറുവതെന്നു ഞാൻ? 53

മഴമുകിൽ വർണ്ണനമക്ഷി പറിച്ചു നിൻ-
കഴലിണതന്നിലൊരർച്ചനചെയ്തുപോൽ
കഴി വരുമോയിതിനിന്നടിയന്നു നിൻ-
മിഴിമുന നൽകിയനുഗ്രഹമേകണേ! 54

ഒഴികഴിവൊന്നു പറഞ്ഞൊഴിയാതെ നി-
ന്നഴലതിലിട്ടുരുകും മെഴുകെന്നപോല്
കഴലിണയിങ്കലടങ്ങുവതിന്നു നീ
വഴിയരുളീടുക വാമദേവ, പോറ്റീ! 55

മലമുകളീന്നുവരുന്നൊരു പാറപോൽ
മുലകുടിമാറിയ നാൾ മുത ൽ മാനസം
അലർശരസായകമല്ലുപിടിച്ചു നിൻ-
മലരടിയും ജഗദീശ! മറന്നു ഞാൻ. 56

കുലഗിരിപോലെയുറച്ചിളകാതെയി-
ക്കലിമലമുള്ളിലിരുന്നു മറയ്ക്കയാൽ
ബലവുമെനിക്കു കുറഞ്ഞുചമഞ്ഞു നി-
ർമ്മലനിലയെന്നു തരുന്നടിയന്നു നീ? 57

കുലവുമകന്നു കുടുംബവുമങ്ങനേ
മലയിലിരുന്നു മഹേശ്വരസേവനം
കലയതു കാലമനേകഭയം ഭവാൻ
തലയിൽ വിധിച്ചതു സമ്മതമായ് വരും. 58

വകയറിയാതെ വലഞ്ഞിടുമെന്നെ നീ
ഭഗവതിയോടൊരുമിച്ചെഴുനള്ളിവ-
ന്നകമുരുകുംപടി നോക്കിടുകൊന്നു മാ-
മഘമൊരുനേരമടുത്തു വരാതിനി. 59

അരുവയർതന്നൊടു കുടിയോടിയാടി-
ത്തിരിവതിനിത്തിരി നേരവും നിനപ്പാൻ
തരമണയാതെയുരുക്കിയെന്മനം നി-

ന്തിരുവടിയോടൊരുമിച്ചു ചേർത്തിടേണം. 60

ഒരു പിടി തന്നെ നമുക്ക് നിനയ്ക്കിലി-
ത്തിരുവടിതന്നിലിതെന്നി മറ്റതെല്ലാം
കരളിലിരുന്നു കളഞ്ഞഖിലം നിറ-
ഞ്ഞിരിയിരിയെന്നരുളുന്നറിവെപ്പൊഴും. 61

കരമതിലുണ്ടു കരുത്തുമടക്കി നി-
ന്നരികിലിരുന്നു കളിപ്പതിനെന്നുമേ
വരമരുളുന്നതു വാരിധിയെന്നപോല്
കരുണ നിറഞ്ഞു കവിഞ്ഞൊരു ദൈവമേ! 62

പുരമൊരുമൂന്നുമെരിച്ച പുരാതനൻ
ഹരിഹരമൂർത്തി ജയിക്കണമെപ്പൊഴും
പുരിജട തന്നിലൊളിച്ചുകളിച്ചിടും
സുരനദി ചൂടുമൊരീശ്വര! പാഹി മാം. 63

പരമൊരു തുൻപമെനിക്കു ഭവാനൊഴി
ഞ്ഞൊരുവരുമില്ല ദിഗംബര! നിൻപദം
തരണമെനിക്കതുകൊണ്ടഘമൊക്കെയും
തരണമഹങ്കരവാണി ഭവാർണ്ണവം. 64

മിഴികളിൽ നിന്നൊഴുകുന്നമൃതത്തിര-
പ്പൊഴികളിൽ വീണൊഴുകും പരമാഴിയിൽ
ചുഴികളിൽ നിന്നു ചുഴന്നു ചുഴന്നു നിൻ-
കഴൽകളിൽവന്നണയുന്നതുമെന്നു ഞാൻ? 65

മഴപൊഴിയുന്നതുപോൽ മിഴിയിങ്കൽ നി-
ന്നൊഴുകിയൊലിച്ചുരുകിത്തിരുവുള്ളവും
പഴയൊരു ഭക്തജനം ഭവസാഗര-
ക്കുഴിയതില് നിന്നു കടന്നു കശ്മലൻ ഞാൻ 66

വഴിയിലിരുന്നു വരുന്ന ബാധയെല്ലാ-
മൊഴിയണമെന്നൊരു നേരമെങ്കിലും മേ
മിഴികളിൽ നിന്നമൃതളുറിയറിഞ്ഞു നിൻ-
കഴലിണകണ്ടു കളിപ്പതിനാഗ്രഹം. 67

പിഴ പലതുള്ളിലിരുന്നു പലപ്പൊഴും
ചുഴൽവതുകൊണ്ടു ശിവായ നമോസ്തുതേ
പഴിവരുമെന്നു നിനച്ചുരുകുന്നു ഞാ-
നഴലതിലിട്ടലിയുന്നൊരു വെണ്ണപോൽ. 68

മിഴിമുനകൊണ്ടു മയക്കി നാഭിയാകും
കുഴിയിലുരുട്ടി മറിപ്പതിന്നൊരുങ്ങി
കിഴിയുമെടുത്തുവരുന്ന മങ്കമാർതൻ

വഴികളിലിട്ടു വലയ്ക്കൊലാ മഹേശാ! 69

തലമുടി കോതി മുടിഞ്ഞു തക്കയിട്ട-
ക്കൊലമദയാനകുലുങ്ങിവന്ന കൊമ്പും
തലയുമയർത്തി വിയത്തിൽ നോക്കി നിൽക്കും
മുലകളുമെന്ന വലയ്ക്കൊലാ മഹേശാ! 70

കുരുവുകൾപോലെകുരുത്തുമാർവിടത്തില്
കരളുപറിപ്പതിനങ്ങു കച്ചകെട്ടി
തരമതു നോക്കിവരുന്ന തീവിനക്കി-
ന്നൊരുകുറിപോലുമയയ്ക്കൊലാ മഹേശാ! 71

കടലു ചൊരിഞ്ഞുകളഞ്ഞു കുപ്പകുത്തി-
ത്തടമതിലിട്ടു നിറച്ചു കുമ്മി നാറി-
ത്തടമുലയേന്തിവരുന്ന കൈവളപ്പെണ്-
കൊടിയടിപാർത്തു നടത്തൊലാ മഹേശാ! 72

കുരുതി നിറഞ്ഞു ചൊരിഞ്ഞു ചീയൊലിക്കും
നരകനടുക്കടലിൽ ഭ്രമിയാതെ, നിൻ
ചരിതരസാമൃതമെന്നുടെ മാനസേ
ചൊരിവതിനൊന്നു ചുളിച്ചു മിഴിക്കണം. 73

ശരണമെനിക്കു ഭവച്ചരാണാംബുജം

നിരുപമനിത്യനിരാമയമൂർത്തിയേ!
നിരയനിരയ്ക്കൊരുനേരവുമെന്നെ നീ
തിരിയുവതിന്നൊരുനാളുമയയ്ക്കൊലാ. 74

പരമപാവന! പാഹി പുരാരയേ
ദുരിതനാശന! ധൂർജ്ജടയേ നമഃ
ചരണസാരസയുഗ്മനിരീക്ഷണം
വരണമെന്നു വലാന്തകവന്ദിത! 75

സരസിജായതലോചന! സാദരം
സ്മരനിഷൂദന! മാമവ നീ പതേ!
കരുണ നിന്മനതാരിലുദിക്കണം
ഗിരിശ!മയ്യനവാസരമെപ്പൊഴും. 76

പുതിയ പൂവു പറിച്ചു ഭവാനെ ഞാന്
മതിയിലോർത്തൊരു നേരവുമെങ്കിലും
ഗതിവരും പടി പൂജകൾചെയ്തതി-
ല്ലതിനുടേ പിഴയോയിതു ദൈവമേ! 77

പതിവതായിയൊരിക്കലുമെന്മനം
കുതിയടങ്ങിയിരിക്കയുമില്ലയേ!
മതിയുറഞ്ഞ ജടയ്ക്കണിയുന്ന നീ-
രതിരഴിഞ്ഞൊഴുകീടിന മേനിയേ! 78

വിധിവരച്ചതു മാറിവരാന് പണി
പ്രതിവിധിക്കുമകറ്റരുതായത്
ഇതി പറഞ്ഞുവരുന്ന മഹാജനം
മതിയിലൊന്നടിയന്നറിയാവതോ? 79

സ്തുതിപറഞ്ഞിടുമെങ്കിലനാരതം
മുദിതരാകുമശേഷജനങ്ങളും
അതുമിനിക്കരുതേണ്ടതിൽനിന്നെഴും-
പുതയലും ബത! വേണ്ട ദയാനിധേ! 80

അതിരൊഴിഞ്ഞു കവിഞ്ഞൊഴുകുന്ന നി-
ന്നതിരസക്കരുണത്തിരമാലയില്
ഗതിവരുംപടി മുങ്ങിയെഴുന്ന നി-
ൽപതിനു നീയരുളേണമനുഗ്രഹം. 81

കുമുദിനിതന്നിലുദിച്ചു കാലുവീശി-
സ്സുമശരസാരഥിയായ സോമനിന്നും
കിമപി കരങ്ങൾ കുറഞ്ഞു കാലുമൂന്നി-
ത്തമസി ലയിച്ചു തപസ്സു ചെയ്തിടുന്നു. 82

കലമുഴുവൻ തികയും പൊഴുതായ്വരും
വിലയമിതെന്നകതാരിൽ നിനയ്ക്കയോ?
അലർശരമൂലവിരോധിയതായ നിൻ-

തലയിലിരുന്നു തപിക്കരുതിന്നിയും. 83

അലയൊരുകോടിയലഞ്ഞു വരുന്നതും
തലയിലണിഞ്ഞു തഴച്ചുസദായ്പ്പൊഴും
നിലയിളകാതെ നിറഞ്ഞു ചിദംബര-
സ്ഥലമതിലെപ്പൊഴുമുള്ളവനേ! നമഃ 84

മലമുകളേറി വധിച്ച മൃഗങ്ങൾതൻ-
തൊലികളുരിച്ചു തരുന്നതിനിന്നിവന്
അലമലമെന്നു നിനച്ചെഴുനള്ളിയാൽ
പല ഫലിതങ്ങൾപറഞ്ഞു ചിരിക്കുമോ? 85

നിലയനമേറി ഞെളിഞ്ഞിരുന്നിവണ്ണം
തലയണപോലെ തടിച്ചു തീറ്റി തിന്ന്
തുലയണമെന്നു പുരൈവ ഭവാനുമെന്
തലയിൽ വരച്ചതിതെന്തൊരു സങ്കടം! 86

കലിപുരുഷൻ കടുവാ പിടിപ്പതിന്നായ്
മലയിലിരുന്നു വരുന്ന വാറുപോലെ
കലിയുഗമിന്നിതിലെങ്ങുമുണ്ടു കാലും
തലയുമറുത്തു കരസ്ഥമാക്കുവാനായ്. 87

മലർമണമെന്നകണക്കു മൂന്നുലോക-

ത്തിലുമൊരുപോലെ പരന്ന തിങ്ങിവീശി
കലശജലപ്രതിബിംബനഭസ്സുപോൽ
പലതിലുമൊക്കെ നിറഞ്ഞരുളേ! ജയ 88

മലജലമുണ്ടൊരുപാടു നിറഞ്ഞു മു-
മ്മലമതിൽ മുങ്ങിമുളച്ചുളവാകുവാൻ
വിളനിലമങ്ങു വിതച്ചു പഴുത്തറു-
ത്തുലകർ ഭുജിച്ചലയുന്നതു സങ്കടം. 89

പലിതജരാമരണങ്ങൾ പലപ്പൊഴും
പുലിയതുപോലെ വരുന്നു പിടിക്കുവാൻ
പൊലിവിതിനെന്നുവരും ഭഗവാനുടെ
കളിയിവയൊക്കെയനാദിയതല്ലയോ? 90

ചില സമയം ശിവസേവ മുഴുക്കയാ-
ലിളകരുതാതെയിരുന്നലിയും മനം
പലപൊഴുതും ഭഗവാനുടെ മായയിൽ
പലകുറിയിങ്ങനെതന്നെയിരിക്കയോ? 91

അപജയമൊന്നുമെനിക്കണയാതിനി-
ത്തപസി നിരന്തരമെന്മലമൊക്കെയും
സപദി ദഹിച്ചു സുഖം തരുവാനുമെൻ-
ജപകുസുമത്തിരുമേനി ജയിക്കണം. 92

അവമതിചെയ്തു തഴച്ചകാട്ടു തന്നിൽ
ഭവമൃതിവിത്തുമുളച്ചു മൂട്ടുമൂന്നി
ഭുവനമതിങ്കലിരുന്നു മണ്ണുതിന്നും
ശവമെരി തിന്നവതോ, നരിക്കൊരുണ്ണോ? 93

ജനകനുമമ്മയുമാത്മസഖിപ്രിയ-
ജനവുമടുത്തയൽവാസികളും വിനാ
ജനനമെടുത്തു പിരിഞ്ഞിടുമെപ്പൊഴും
തനിയെയിരിപ്പതിനേ തരമായ് വരൂ 94

അണയിലിരുന്നരുളീടുമനുഗ്രഹം
ദിനമണി ചൂടിയ തമ്പുരാനിതൊന്നും
അണുവളവും പിരിയാതെയിരിക്കുമെന്-
മണികൾ നമുക്കു വരും പിണിതീർത്തിടും. 95

പിണിയിനിക്കണയാതെയിനിത്തിരു-
പ്പണിവിടയ്ക്കൊരു ഭക്തിയുറയ്ക്കണം
തണലിലിരുന്നരുളുന്നതു ചെഞ്ചിട-
യ്ക്കണിയുമംബരഗംഗയുടേ തിര. 96

അണിമുടിക്കണിയും തിരമാലയിൽ
തണിയുമെൻ വ്യസനങ്ങളതൊക്കെയും
പണിയറുപ്പതിനെപ്പൊഴുമത്തിരു-

ക്കണികൾ കാട്ടുക കാമവിനാശന! 97

പണിയുമപ്ഫണിമാല പിരിച്ചുചേർ-
ത്തണിയുമച്ചിടയാടിവരുന്ന നി-
ന്നണിമുഖാംബുജമക്ഷികൾകൊണ്ടിനി-
ക്കണിയണം കരുണാകലശാംബുധേ! 98

അമരവാഹിനി പൊങ്ങിവരും തിര-
യ്ക്കമരമെന്നകണക്കു പടങ്ങളും
സമരസത്തിൽ വിരിച്ചരവങ്ങളോ-
ടമരുമച്ചിടയാടിയടുക്കണം. 99

കുളിർമതികൊണ്ടു കളിർത്തു ലോകമെല്ലാ-
മൊളിതിരളുന്നൊരു വെണ്ണിലാവു പൊങ്ങി
തെളുതെളെവീശിവിളങ്ങി ദേവലോക-
ക്കളമതിലാമ്പൽ വിരിഞ്ഞുകാണണം മേ! 100

# 19. അർദ്ധനാരീശ്വരസ്തവം

അയ്യോയീവെയിൽകൊണ്ടു വെന്തുരുകി വാ-
        ടീടുന്ന നീയെന്നിയേ
കയ്യേകീടുവതിന്നു കാൺകിലൊരുവൻ
        കാരുണ്യവാനാരഹോ!
പയ്യാർന്നീജനമാഴിയിൽ പതിവതി –
        ന്മുന്നേ, പരന്നാഴിയിൽ
പെയ്യാറാകണമേ ഘനാംബു, കൃപയാ
        ഗംഗാനദീധാമമേ! 1

നാട്ടുംകാട്ടുമൊരേ കണക്കിനു നശി-
        ച്ചീടുന്നതും നെക്കി ന-
ക്കീട്ടും നീരുമൊഴിഞ്ഞു നാവുകൾ വറ–
        ണ്ടീടുന്നതും നിത്യവും.
തേട്ടും ഞങ്ങളുമുള്ള നൊന്തുതിരിയും
        പാട്ടും പരീക്ഷിച്ച നി –
ന്നീട്ടും നായകനെന്തു നന്മയരുളാ-
        യ്വാനർദ്ധനാരീശ്വരാ? 2

ഊട്ടിത്തീറ്റിവളർത്തുമുമ്പർതടിനീ-
        നാഥന്നുമിപ്പോളുയിർ -

ക്കുട്ടത്തോടൊരു ക്കുറുമില്ല, കഥയെന്ത-
യ്യോ കുഴപ്പത്തിലായ്,
നാട്ടിൽകണ്ടതശേഷവും ബത നശി
ച്ചീടുന്നതും കണ്ടു നീ
മുട്ടിൽ തന്നെയിരുന്നിടുന്നു, മുറയോ?
മൂളർദ്ധനാരീശ്വരാ! 3

ദാരിദ്ര്യം കടുതായ്, ദഹിച്ചു തൃണവും
ദാരുക്കളും ദൈവമേ!
നീരില്ലാതെ നിറഞ്ഞു സങ്കടമഹോ!
നീയൊന്നുമോർത്തീലയോ?
ആരുള്ളിത്ര കൃപാമൃതം ചൊരിയുവാ-
നെന്നോർത്തിരുന്നോരിലീ-
ക്രൂരത്തീയിടുവാൻ തുനിഞ്ഞതഴകോ?
ക്കുറർദ്ധനാരീശ്വരാ! 4

മുപ്പാരൊക്കെയിതാ മുടിഞ്ഞു മുടിയില്
ചൊൽപ്പൊങ്ങുമപ്പും ധരി-
ച്ചെപ്പോഴും പരമാത്മനിഷ്ഠയിലിരു-
ന്നീടുന്നു നീയെന്തഹോ!
ഇപ്പാരാരിനിയാളുമിപ്പരിഷയി-
ന്നാരോട്ടുരയ്ക്കുന്നു നിൻ-
തൃപ്പാദത്തണലെന്നിയേ തുണ നമു-

ക്കാരർദ്ധനാരീശ്വരാ! 5

# 20. മനനാതീതം (വൈരാഗ്യദശകം)

കരുങ്കുഴലിമാരൊടു കലർന്നുരുകിയപ്പൂ-
ങ്കുരുന്നടിപിരിഞ്ഞടിയനിങ്ങു കുഴയുന്നു
പെരുംകരുണയാറണിയുമെയ്യനെ മറന്നി-
ത്തുരുമ്പനിനിയെന്തിനുയിരോടു മരുവുന്നു? 1

മരുന്നു തിരുനാമമണിനീറൊടിതു മന്നിൽ
തരുന്നു പല നന്മ തടവീടുമടി രണ്ടും
വരുന്ന പല ചിന്തകളറുന്നതിനുപായാ-
ലിരന്നിതു മറന്നു കളയായ്‌വതിനടുത്തേൻ 2

അടുത്തവരൊടൊക്കെയുമെതിർത്തുപൊരുതീടും
പടത്തലവിമാരൊടു പടയ്ക്കടിയനാളോ?
എടുത്തരികിരുത്തിയരുളേണമിനിയും പൊ-
ന്നടിത്തളിർമറന്നിവിടെയെന്തിനലയുന്നു? 3

അലഞ്ഞു മുലയും തലയുമേന്തിയകതാരില്
കലങ്ങിയെഴുമാഴിയുമഴിഞ്ഞരിയ കണ്ണും
വിളങ്ങി വിളയാടി നടകൊള്ളുമിവരോടി-
മ്മലങ്ങളൊഴുകും കുടിലിലാണു വലയുന്നു. 4

വളഞ്ഞു വലകെട്ടിമദനപ്പുലയനുള്ളും-
കളഞ്ഞതിലകപ്പറവ വീണു വലയുന്നു
വളഞ്ഞ കുഴലോട്ടുമുലയുന്ന മിഴിയിന്നും
വിളഞ്ഞതതിലെന്തിനു കിടന്നു ചുഴലുന്നു? 5

ചുഴന്നുവരുമാളുകളെയൊക്കെ വിലകൊണ്ടി-
ങ്ങെഴുന്നണയുമെന്നൊരറിവുണ്ടടിയനിന്നും
ഉഴന്നവരിലുള്ളമലയാതിവിടെയൊന്നായ്-
ത്തൊഴുന്നു തുയരോടിവിടെ നിന്നടിയിണയ്ക്കായ്. 6

ഇണങ്ങിയിരുകൊങ്കയുമിളക്കിയുയിരുണ്ണും-
പിണങ്ങളൊട്ടു പേടി പെരുതായി വിളയുന്നു
മണം മുതലൊരഞ്ചിലുമണഞ്ഞു വിളയാടും-
പിണങ്ങളൊട്ടു ഞാനൊരു കിനാവിലുമിണങ്ങാ! 7

’ഇണ’ങ്ങണമെനിക്കരുളിലെന്തിനു കിടന്നീ
ഗുണങ്ങളൊഴിയും കുലടമാരൊടലയുന്നു
പിണഞ്ഞു പുണരും പെരിയപേയടിയോടെ പോയ് 8
മണങ്ങളുമറുന്നതിനിതാ മുറയിടുന്നു.

മുറയ്ക്കുമുറ മിന്നിമറയും മിഴിയിളക്കി-
ത്തെറിക്കുമൊരു പെൺകൊടി ചെറുത്തടിയിലാക്കി 9
മറുത്തു വിളയാടി മരുവുന്നിടയിലെല്ലാം

വെറുത്തുവരുവാനെഴുതി നിന്തിരുവടിക്കായ്.

അയസ്ക്കരുതിനിച്ചടുലലോചനയൊടപ്പൊൻ-
ശയത്തളിരിലേന്തിയടിയോടവനിയിന്മേൽ
മയക്കവുമറുത്തു മണിമേനിയിലണച്ചീ-
ടയസ്ക്കരുതയസ്ക്കരുതനംഗരിപുവേ! നീ.

# 21. ചിജ്ജഡ ചിന്തനം

ഒരുകോടി ദിവാകരരൊത്തുയരും-
പടി പാരൊട്ടു നീരനലാദികളും
കെട്ടുമാറു കിളർന്നുവരുന്നൊരു നിൻ-
വടിവെന്നുമിരുന്നു വിളങ്ങിടണം. 1

ഇടണേയിരുകൺമുനയെന്നിലതി-
ന്നടിയന്നഭിലാഷമുമാപതിയേ!
ജഡമിന്നിതുകൊണ്ടു ജയിക്കുമിതി-
ന്നിടയില്ലയിരിപ്പതിലൊന്നിലുമേ. 2

നിലമോട്ടു നെരുപ്പു നിരന്നൊഴുകും
ജലമാശുഗനംബരമഞ്ചിലുമേ
അലയാതെയടിക്കടി നൽകുക നിൻ-
നിലയിന്നിതുതന്നെ നമുക്കു മതി. 3

മതിതൊട്ടു മണംമുതലഞ്ചുമുണർ-
ന്നരുളോളവുമുള്ളതു ചിന്മയമാം
ക്ഷിതിതൊട്ടിരുളോളമഹോ! ജഡമാ –
മിതുരണ്ടിലുമായമരുന്നഖിലം. 4

അഖിലർക്കുമതിങ്ങനെതന്നെ മതം
സുഖസാദ്ധ്യമിതെന്നു ശുകാദികളും
പകരുന്നു പരമ്പരയായ് പലതും
ഭഗവാനുടെ മായയഹോ! വലുതേ. 5

വലുതും ചെറുതും നടുമദ്ധ്യവുമാ-
യലയറ്റുയരുന്ന ചിദംബരമേ!
മലമായയിലാണു മയങ്ങി മനം
നിലവിട്ടു നിവർന്നലയാതരുളേ. 6

അരുളേ തിരുമേനിയണഞ്ഞിടുമീ-
യിരുളേ, വെളിയേ, യിടയേ, പൊതുവേ!
കരളേ, കരളിങ്കലിരിക്കുമരും –
പൊരുളേ, പുരിമൂന്നുമെരിച്ചവനേ! 7

എരികയ്യതിലേന്തിയിറങ്ങിവരും
തിരുമേനി ചിദംബരമെന്നരുളും
പുരിതന്നിലിരുന്നു പുരംപൊരിചെ-
യ്തരുളുന്നതുതന്നെയൊരദ്ഭുതമാം. 8

പുതുമാംകനി പുത്തമൃതേ, ഗുളമേ,
മധുവേ, മധുരക്കനിയേ, രസമേ,
വിധിമാധവരാദി തിരഞ്ഞിടുമെൻ

പതിയെ, പദപങ്കജമേ ഗതിയേ. 9

ഗതി നീയടിയന്നു ഗജത്തെയുരി-
ച്ചുകൊണ്ടുടചാർത്തിയ ചിന്മയമേ,
ചതിചെയ്യുമിരുട്ടൊരുജാതി വിട്ടു-
ന്നതിനിന്നടിയന്നരുളേകണമേ. 10

# 22. കുണ്ഡലിനിപ്പാട്ട്

ആടുപാമ്പേ! പുനം തേടു പാമ്പേ,യരു-
ളാനന്ദക്കൂത്തു കണ്ടാടുപാമ്പേ!

തിങ്കളും കൊന്നയും ചൂടുമീശൻപദ-
പങ്കജം ചേർന്നുനിന്നാടുപാമ്പേ!

വെണ്ണീറണിഞ്ഞു വിളങ്ങും തിരുമേനി
കണ്ണീരൊഴുകക്കണ്ടാടു പാമ്പേ!

ആയിരം കോടിയനന്തന് നീ ആനന-
മായിരവും തുറന്നാടു പാമ്പേ!

ഓമെന്നു തൊട്ടൊരു കോടി മന്ത്രപ്പൊരുൾ
നാമെന്നറിഞ്ഞുകൊണ്ടാടു പാമ്പേ!

പുള്ളിപ്പുലിത്തോൽ പുതയ്ക്കും പൂമേനിയെ-
ന്നുള്ളിൽ കളിക്കുമെന്നാടു പാമ്പേ!

പേയും പിണവും പിറക്കും ചുടുകാട്
മേയും പരമ്പൊരുളാടു പാമ്പേ!

പൂമണക്കുംകുഴലാളകംപൂകുമാ-
കോമളമേനി കണ്ടാടു പാമ്പേ!

നാദത്തിലുണ്ടാം നമശ്ശിവായപ്പൊരു-
ളാദിയായുള്ളതെന്നാടു പാമ്പേ!

പൂമലരോന്നും തിരുമാല്യമാരും പൊൻ-
പൂമേനി കണ്ടില്ലെന്നാടു പാമ്പേ!

കാമനെച്ചുട്ട കണ്ണുള്ള കാലാരി തൻ
നാമം നുകർന്നുനിന്നാടു പാമ്പേ!

വെള്ളിമലയിൽ വിളങ്ങും വേദപ്പൊരു-
ളുള്ളിൽകളിക്കുമെന്നാടു പാമ്പേ!

എല്ലാമിറക്കിയെടുക്കുമേകൻ പദ-
പല്ലവം പറ്റി നിന്നാടു പാമ്പേ!

എല്ലായറിവും വിഴുങ്ങി വെറും വെളി-
യെല്ലയിലേറി നിന്നാടു പാമ്പേ!

എല്ലാം വിഴുങ്ങിയെതിരറ്റെഴുന്നൊരു
ചൊല്ലെങ്ങുമുണ്ടു നിന്നാടു പാമ്പേ!

ചൊല്ലെല്ലാമുണ്ട് ചുടരായെഴും പൊരു-
ളെല്ലയിലേറി നിന്നാടു പാമ്പേ!

ദേഹം നിജമല്ല ദേഹിയൊരുവനീ
ദേഹത്തിലുണ്ടറിഞ്ഞീടു പാമ്പേ!

നാട്ടും നഗരവുമൊന്നായ് നാവിൽ നി-
ന്നാടു നിൻ നാമമോതീടു പാമ്പേ!

ദേഹവും ദേഹിയുമൊന്നായ് വിഴുങ്ങീടു-
മേകനമുണ്ടറിഞ്ഞീടു പാമ്പേ!

പേരിങ്കൽനിന്ന പേരുവെളിയെന്നല്ല
പാരാദി തോന്നിയെന്നാടു പാമ്പേ!

ചേർന്നുനിൽക്കുമ്പൊരുളെല്ലാം ചെന്താരൊടു
നേർന്നു പോമ്മാറു നിന്നാടു പാമ്പേ!

# 23. ഇന്ദ്രിയ വൈരാഗ്യം

നാദം കടന്നു നടുവേ വിലസുന്ന നിന്മെയ്
ചേതസ്സിലായ് വരിക ജന്മമറുന്നതിന്നായ്
ബോധംകളഞ്ഞു പുറമേ ചുഴലും ചെവിക്കൊ-
രാതങ്കമില്ല,ടിയനുണ്ടിതു തീർക്ക ശംഭോ! 1

കാണുന്ന കണ്ണിനൊരുദണ്ഡവുമില്ല കണ്ടേൻ-
പ്രാണൻവെടിഞ്ഞിടുകിലെന്തിനു പിന്നെയെല്ലാം
കാണും നിറം തരമിതൊക്കെയഴിഞ്ഞെഴും നിൻ-
ചേണുറ്റ ചെങ്കഴലു തന്നു ജയിക്ക ശംഭോ! 2

ത്വക്കിന്നു ദുഃഖമൊരുനേരവുമില്ലതോർക്കിൽ
ദുഃഖം നമുക്കു തുടരുന്നു ദുരന്തമയ്യോ!
വെക്കം തണപ്പുവെയിലോട്ടു വിളങ്ങിടും നിൻ-
പോക്കൽപ്പൊലിഞ്ഞിടുവതിന്നരുളീടു ശംഭോ! 3

തണ്ണീരുമന്നവുമറിഞ്ഞുതരുന്ന നിൻമെയ്
വെണ്ണീറണിഞ്ഞുവിലസുന്നതിനെന്തു ബന്ധം?
മണ്ണീന്നു തൊട്ടു മതിയന്തമിരുന്നു മിന്നും
കണ്ണിന്നു കഷ്ടമിതു നിന്റെ വിഭൂതി ശംഭോ! 4

നാവിന്നെഴുന്ന നരകക്കടലിൽക്കിടന്നു
ജീവൻതളർന്നു ശിവമേ! കരചേർത്തിടേണം
ഗോവിന്ദനും നയനപങ്കജമിട്ടു കൂപ്പി
മേവുന്നു, നിൻമഹിമയാരറിയുന്നു ശംഭോ! 5

നീരും നിരന്ന നിലവും കനലോടു കാറ്റും
ചേരും ചിദംബരമതിങ്കലിരുന്നിടും നീ
പാരിൽ കിടന്നലയുമെൻ പരിതാപമെല്ലാ-
മാരിങ്ങു നിന്നൊടറിയിപ്പതിനുണ്ടു ശംഭോ! 6

നാവിന്നു നിന്റെ തിരുനാമമെടുത്തുരച്ചു
മേവുന്നതിന്നെളുതിലൊന്നരുളീടണേ നീ
ജീവൻ വിടുമ്പൊഴതിൽനിന്നു തെളിഞ്ഞിടും പിൻ
നാവിന്നു ഭൂഷണമിതെന്നി നമുക്കു വേണ്ടാ. 7

കയ്യൊന്നു ചെയ്യുമതുപോലെ നടന്നിടും കാ-
ലയ്യോ! മലത്തൊടു ജലം വെളിയിൽ പതിക്കും
പൊയ്യേ പുണർന്നിടുമതിങ്ങനെ നിന്നു യുദ്ധം
ചെയ്യുമ്പോഴെങ്ങനെ ശിവാ തിരുമെയ് നിനപ്പൂ? 8

ചിന്തിച്ചിടുന്നു ശിവമേ! ചെരുപൈതലാമെന്
ചിന്തയ്ക്കു ചേതമിതുകൊണ്ടൊരുതെല്ലുമില്ലേ
സന്ധിച്ചിടുന്ന ഭഗവാനൊടു തന്നെ ചൊല്ലാ-

തെന്തിങ്ങുനിന്നുഴറിയാലൊരു സാധ്യമയ്യോ! 9

അയ്യോ! കിടന്നലയുമിപ്പലയർക്കു നീയെൻ-
മെയ്യോ കൊടുത്തു വിലയായ് വിലസുന്ന മേലിൽ
കയ്യൊന്നു തന്നു കരയേറ്റണമെന്നെയിന്നീ-
പൊയ്യിങ്കിൽനിന്നു പുതുമേനി പുണർന്നിടാനായ്. 10

# 24. ശിവസ്തവം (പ്രപഞ്ചസൃഷ്ടി)

ചെവി മുതലഞ്ചുമിങ്ങു ചിതറാതെ മയങ്ങിമറി-
ഞ്ഞവിടെയിരുന്നു കണ്ടരിയ കണ്ണിലണഞ്ഞഴിയും
ഇവകളിലെങ്ങുമെണ്ണവുമടങ്ങി നിറഞ്ഞു പുറം
കവിയുമതേതതിന്റെ കളി കണ്ടരുളീടുകമേ! 1

അകമുടലിന്നുമിന്ദ്രിയമൊട്ടുള്ളമഴിഞ്ഞെഴുമീ-
പ്പകലിരവിന്നുമാദിയിലിരുന്നറിയുന്നറിവാം
നകയിലിതൊക്കെയും ചുഴലവും തെളിയുന്ന നമു-
ക്കകുടിലവൈഭവങ്ങളിലടങ്ങിയിരുന്നരുളാം. 2

അരുളിലണഞ്ഞിരുൾത്തിര മുഴങ്ങിയെഴുന്ന കുളിർ-
ന്നരുമിഴി നാവിലമ്മണമുണർന്നതൊടും പിരിയും
അരനിമിഷത്തിലിങ്ങിതിലിരുന്നു തികഞ്ഞവരും
ദുരിതസമുദ്ര,മിമ്പതിലെങ്ങു നമുക്കു ശിവ? 3

ശിവ! ശിവ! മാത്രയിൽ പലതരം ചിതറുന്ന വെളി-
ക്കിവകളിലെങ്ങുമിങ്ങിതമറിഞ്ഞു നിറഞ്ഞരുളും-
ശിവ! ഭഗവാനെയും ചിതറുമാറു തികഞ്ഞു വരു –
ന്നിവരൊടു പോരിനിന്നിയരുതേ കരുണാലയമേ! 4

അലയുമിതൊക്കെയും കപടനാടകമെന്നറിയും-
നിലയിലിരുന്നറിഞ്ഞഴിവതിന്നു നിനയ്ക്കുക നീ;
തലയിലെഴും തരങ്ഗനിര തള്ളി നിറഞ്ഞുമറ-
ഞ്ഞലർശരവൈരി, നിന്നുടെ പദങ്ങളിലെങ്ങിനിയാം? 5

ഇനിയലയാതെ നിന്തിരുവടിക്കടിയൻ ദിനവും
മനമലരിട്ടു കുമ്പിടുമിതിങ്ങറിയുന്നതു നീ;
ജനനമെടുത്തുഞാനിതുകളിൽ പലതായി വല-
ഞ്ഞനിശമെനിക്കിവണ്ണമൊരു വേദനയില്ല പരം. 6

അപരമിതൊക്കെയും പരിചയിക്കുമതിങ്കലിരു-
ന്നപജയമായണഞ്ഞതിതു കണ്ടറി നീ മനമേ!
ജപപടമങ്ഗമാമിതിലിരുന്നു ജപിക്കുകിലി-
ങ്ങുപരതി വന്നുചേരുമകതരിലൊരിമ്പമതാം. 7

അതുമിതുമെന്നുമൂന്നുക നിമിത്തമിതിങ്കലെഴും-
പതി പശു പാശമിങ്ങിതു പരമ്പരയായഴിയും
മതി കതിരോടു മണ്ണൊളി നിയത്തനിലൻ ജലവും
പതിയുടെ രൂപമെന്നിഹ നമിച്ചുപദം പണിയാം. 8

പണിപലതായ് വരുന്ന കനകത്തിലിരുന്നതുപോ-
ലണിമിഴികൊണ്ടു നിർമ്മിതമിതൊക്കെയുമദ്ഭുതമാം
അണിയണമെന്നെ നിന്തിരുവടിക്കടിയൻമലരാ-

മണിയണിയായ് നിരന്ന തിരയറ്റുയരും കടലേ! 9

കടലിലെഴും തരങ്ഗനിരപോലെ കലങ്ങിവരു-
ന്നിടനടനുള്ളഴിഞ്ഞു പല പറ്റൊഴിയുന്നതുപോൽ
ഘടപടമെന്നെടുത്തിഹ തൊടുത്തു വഴക്കിടുമീ
കുടമുടയുന്നതിന്നകമെടുത്തരുളീടണമേ! 10

# 25. കോലതീരേശസ്തവം

കാലാശ്രയമെന്നായണയുന്നോർക്കനുകൂലൻ
ഫാലാക്ഷനധർമിഷ്ഠരിലേറ്റം പ്രതികൂലൻ
പാലിക്കണമെന്നെപ്പരിചോടിന്നു കുളത്തൂര്
കോലത്തുകരക്കോവിലിൽവാഴും പരമേശൻ 1

ഈ ലോകമശേഷം ക്ഷണമാത്രേണ സൃജിച്ചാ-
രാലോകനമാത്രേണ ഭരിക്കുന്നനുവേലം
ഈ ലീലകളാടുന്നവനാണ്ടീടണമെന്നെ
കോലത്തുകരക്കോവിലിൽവാഴും പരമേശൻ. 2

സർവ്വാശ്രയമെങ്ങും നിറയുന്നോനപി ഭക്തർ-
ക്കിവ്വാറൊരു രൂപം ഭജനത്തിന്നു ധരിപ്പോൻ
ആലസ്യമൊഴിച്ചപ്പരബോധം തരണം മേ
കോലത്തുകരക്കോവിലിൽവാഴും പരമേശൻ. 3

ഈ ലോചനമാദീന്ദ്രിയമേതെങ്കിലുമൊന്നി-
ങ്ങാലോചന കൂടാതപഥത്തിങ്കലണഞ്ഞാല്
ആ ലാക്കിലുടന് സൻമതിതോന്നിക്കുകെനിക്കെൻ-
കോലത്തുകരക്കൊവിലിൽവാഴും പരമേശൻ. 4

കൈകാൽമുതലാമെന്നുടെയങ്ഗങ്ഗങ്ങളിലൊന്നും
ചെയ്യാതൊരു സത്കർമമൊഴിഞ്ഞങ്ങവിവേകാൽ
വയ്യാത്തതു ചെയ്യാന് തുനിയാതാക്കുക വേണം
കോലത്തുകരക്കോവിലിൽവാഴും ഭഗവാനേ! 5

രോഗാദികളെല്ലാമൊഴിവാക്കീടുകവേണം
ഹേ! കാമദ, കാമാന്തക, കാരുണ്യപയോധേ!
ഏകീടണമേ സൗഖ്യമെനിക്കൻപൊടു ശംഭോ!
കോലത്തുകരക്കോവിലിൽവാഴും ഭഗവാനേ! 6

ദാരിദ്ര്യമഹാദുഃഖമണഞ്ഞീടരുതെന്നിൽ
ദൂരത്തകലേണം മദമെന്നും സുജനാനാം
ചാരത്തു വസിപ്പാനൊരു ഭാഗ്യം വരണം ശ്രീ-
കോലത്തുകരക്കോവിലിൽവാഴും ഭഗവാനേ! 7

ചാപല്യവശാൽ ചെയ്തൊരു പാപങ്ങൾ പൊറുത്തെൻ-
താപങ്ങളൊഴിച്ചാളണമെന്നല്ലിനി നിത്യം
പാപാപഹമാം നിൻപദമോർക്കായ്‌വരണം മേ
കോലത്തുകരക്കോവിലിൽവാഴും ഭഗവാനേ! 8

ധാതാവിനുമാ മാധവനും കൂടിയമേയം
വീതാവധി നിൻ വൈഭവമാരാണുര ചെയ്‌വാൻ?
ഏതാനുമിവനുള്ളഭിലാഷങ്ങൾ പറഞ്ഞേൻ

കോലത്തുകരക്കോവിലിൽവാഴും ഭഗവാനേ! 9

മാലുണ്ടതുരയ്പ്പാൻ കഴിവില്ലാശ്ശിശുവിന്റെ
പോലിങ്ങു നിരർഥധ്വനിയാണെന്റെ പുലമ്പൽ
ആലംബനമാമെങ്കിലുമംബാസമമിന്നെന്-
കോലത്തുകരക്കോവിലിൽവാഴും പരമേശ്വരൻ. 10

# 26. സ്വാനുഭവഗീതി (വിഭുദർശനം)

(ഈ സ്വാനുഭവഗീതി ഒരു ശതകമായിട്ടാണ് ഗുരുദേവൻ രചിച്ചത്. ഇത് വിദ്യാവിലാസിനി മാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്നു)

**അനുഭൂതിദശകം**

മംഗളമെന്മേലരുളും
തങ്ങളിലൊന്നിച്ചിടുന്ന സർവജ്ഞൻ
സംഗമമൊന്നിലുമില്ലാ-
തംഗജരിപുവിൽ തെളിഞ്ഞു കൺകാണും. 1

കാണും കണ്ണിലടങ്ങി-
ക്കാണുന്നില്ലീ നിരന്തരം സകലം
ക്വാണം ചെവിയിലടങ്ങു-
ന്നോണം ത്വക്കിൽ തുലഞ്ഞുമറ്റുപോം. 2

പോമിതുപോലെ തുടങ്ങി-
പ്പോമറുരസമപ്പുറത്തു നാവതിലും
പോമിതുപോലെ തുടങ്ങി-
പ്പോമിതു വായ്മുതലെഴുന്നൊരിന്ദ്രിയമാം. 3

ഇന്ദ്രിയമായിടുമന്നാ-
ലിന്ദ്രിയവും കെടുമതന്നു കരിരുളാം
മന്നിലുരുണ്ടുവീഴുമ്പോൾ
തന്നിലകൈവിട്ടു തെറ്റി വടമറ്റാൽ 4

അറ്റാലിരുളിലിരിക്കു-
ന്നറ്റോനിവനെന്നുരയ്ക്കിലല്ലലറും
ചുറ്റും കതിരിടുവോന് തൻ-
ചുറ്റായ് മറ്റൊരിരുട്ടു വിലസിടുമോ? 5

വിലസിടുവോനിവനെന്നാ-
ലലസത താനേ കടന്നുപിടിച്ചുട്ടും
നിലയിതുതന്നെ നമുക്കീ-
നിലയനമേറുമ്പോഴാണൊരാനന്ദം. 6

ആനന്ദക്കടൽ പൊങ്ങി-
ത്താനേ പായുന്നിതാ പരന്നൊരുപോൽ
ജ്ഞാനംകൊണ്ടിതിലേറി-
പ്പാനംചെയ്യുന്നു പരമഹംസജനം. 7

ജനമിതുകണ്ടു തെളിഞ്ഞാൽ
ജനിമൃതികൈവിട്ടിരിക്കുമന്നിലയിൽ
മനതളിരൊന്നു കലർന്നാ-

ലനവരതം സൗഖ്യമന്നു തന്നെ വരും. 8

വരുമിതിലൊന്നു നിനയ്ക്കിൽ
കരളിലഴിഞ്ഞൊഴുകീടുമിമ്പമറും
കരുതരുതൊന്നുമിതെന്നാ-
ലൊരുപൊരുളായീടുമന്നു തന്നെയവൻ 9.

അവനിവനെന്നു നിനയ്ക്കു-
ന്നവനൊരു പതിയെന്നിരിക്കിലും പശുവാം
അവികലമാഗ്രഹമറ്റാ-
ലവകലിതാനന്ദവെള്ളമോടിവരും. 10.

**പ്രപഞ്ചശുദ്ധിദശകം**

ഓടിവരുന്നൊരു കൂട്ടം
പേടികളൊളികണ്ടൊഴിഞ്ഞുപോമുടനേ
മൂടുമൊരിരുൾവന്നതു പി-
ന്നിടും വെളിവായ് വരുന്നു തേൻവെള്ളം. 11

വെള്ളം, തീ മുതലായ് നി-
ന്നുള്ളും വെളിയും നിറഞ്ഞു വിലസീടും
കള്ളം കണ്ടുപിടിച്ചാ-
ലുള്ളം കൈകണ്ടനെല്ലിതൻ കനിയാം. 12

കനിയാമൊന്നിലിരുന്നി-
ക്കനകാഡംബരമതിങ്ങു കാണുന്നു
പനിമതിചൂടുമതിൻമുൻ
പനികതിരൊളികണ്ടിടുന്നപോൽ വെളിയാം. 13

വെളിയാമതുവന്നെൻമുൻ-
വെളിവായെല്ലാം വിഴുങ്ങി വെറുവെളിയായ്
വെളിമുതലഞ്ചിലുമൊന്നായ്
വിളയാടീടുന്നതാണു തിരുനടനം. 14

നടനം ദർശനമായാ-
ലുടനേതാനിങ്ങിരുന്നു നടുനിലയാം.
നടുനിലതന്നിലിരിക്കും
നെടുനാളൊന്നായവന്നു സൗഖ്യം താൻ 15

സൗഖ്യം തന്നെയിതെല്ലാ-
മോർക്കുന്തോറും നിറഞ്ഞ സൗന്ദര്യം
പാർക്കിൽ പാരടിപറ്റി-
പാർക്കുന്നോനിൻ പകർന്ന പഞ്ജരമാം. 16

പഞ്ജരമാമുട്ട മുതലാം
പഞ്ചിയിലറിവായിടുന്ന തീയിടിലും

മഞ്ഞുകണങ്ങൾ കണക്കി-
മ്മഞ്ജുളവെയിൽകൊണ്ടപായമടയുന്നു. 17

അടായന്നിന്ദ്രിയവായീ-
ന്നടിപെട്ടുമിതുകണ്ടൊഴിഞ്ഞു മറ്റെല്ലാം.
അടിയറ്റീട്ടും തടിവ-
ന്നടിയില് തനിയേ മറിഞ്ഞു വീഴുമ്പോൾ 18

വീഴുമ്പോഴിവയെല്ലാം
പാഴിൽ തനിയേ പരന്ന തുവെളിയാം
ആഴിക്കെട്ടിലവൻ താൻ
വീഴുന്നോനല്ലിതാണു കൈവല്യം. 19

കൈവല്യക്കടലൊന്നായ്
വൈമല്യംപൂണ്ടിടുന്നതൊരുവഴിയാം
ജീവിത്വം കെട്ടുമെന്നേ
ശൈവലകമലുന്നിതന്നു പരഗതിയാം. 20

**പരശിവചിന്താശതകം**

പരഗതിയരുളീടുക നീ
പുരഹര! ഭഗവാനിതാണു കർത്തവ്യം.
ഹര! ഹര! ശിവപെരുമാനേ!

ഹര ഹര വെളിയുന്നറിഞ്ഞ കൂരിരുളും. 21

ഇരുളും വെളിയുമിതൊന്നും
പുരളാതൊളിയായ് നിറഞ്ഞ പൂമഴയേ,
അരുളീടുകകൊണ്ടറിയാ-
തരുളീടുന്നേനിതിന്നു വരമരുളേ 22

അരുളേ! നിൻകളിയരുളാ-
ലരുളിടുന്നെനിക്കൊരരുമറയേ!
ഇരുളേ! വെളിയേ നടുവാ-
മരുളേ! കരളിൽ കളിക്കുമൊരു പൊരുളേ! 23

പൊരുളേ! പരിമളമിയലും
പൊരുളേതാണോ നിറഞ്ഞ നിറപൊരുളേ!
അരുളേ! അരുളീടുക തേ-
രുരുളേറായ്‌വാനെനിക്കിതിഹ പരനേ! 24

പരനേ! പരായാം തിരയിൽ-
പ്പരനേതാവായിടുന്ന പശുപതിയേ!
ഹരനേയരികിൽ വിളിച്ചീ-
ടൊരുനേരവുമിങ്ങിരുത്തുകരുതരുതേ. 25

അരുതേ പറവാനുയിരോ-

ടൊരുപെരുവെളിയായ നിന്റെ മഹാത്മ്യം;
ചെറുതും നിൻകൃപയെന്യേ
വെറുതെ ഞാനിങ്ങിരിക്കുമോ ശിവനേ! 26

ശിവനേ! നിന്നിലിരുന്നീ-
ച്ചെവിമിഴിമുതലായിറങ്ങിമേയുന്നു
ഇവനൊടുകൂടി വരുമ-
റ്റവകളുമെല്ലാ,മിതെന്തു മറിമായം? 27

മറിമായപ്പൊടിയറുമ-
മ്മറവാൽ മൂടപ്പെടുന്ന പരവെളിയേ!
ചെറുതൊന്നൊന്നുമതൊന്നാ-
മ്മറവൊത്തിളകിപ്പുകഞ്ഞ പുകയും നീ. 28

പുകയേ! പൊടിയേ! പുറമേ-
യകമേ! വെളിയേ! നിറഞ്ഞ പുതുമഴയേ!
ഇഹമേ! പരമേ! ഇടയേ!
സുഖമേകണമേ കനിഞ്ഞു നീയകമേ 29

അകവും പുറവുമൊഴിഞ്ഞെൻ-
ഭഗവാനേ! നീ നിറഞ്ഞുവാഴുന്നു;
പുകൾപൊങ്ങിന നിൻമിഴിയിൽ
പുകയേ, ഇക്കണ്ടതൊക്കെയും പകയേ. 30

## സ്വാനുഭവഗീതി

പകയാമിതു നെയ്യുരുകും-
നികരായ് നീരാക്കീടുന്ന നരഹരിയേ!
പകചെയ്‌വതുമിങ്ങിനിമേൽ
പുകയായ് വാനിൽ ചുഴറ്റിവിടുമെരിയേ! 31

എരിനീരൊടു നിലമുരുകി-
പ്പുരുകിപ്പുകയായ് മുഴങ്ങിവരുമൊലിയേ!
അരുമറ തിരയുന്നൊരു നി-
ന്തിരുവടിയുടെ പൂഞ്ചിലങ്കയുടെ വിളിയേ! 32

വിളിയേ! വിലപെറുമൊരുമണി-
യൊളിയേ! വിളിയേ പറന്നുവരുമളിയേ!
ഇളകും പരിമളമൊടു ചുവ-
യൊളിയും പൊടിയായ്‌വരുത്തിയൊരു നിലയേ! 33

നിലയില്ലാതെ കൊടുങ്കാ-
റ്റലയുന്നതു പൊയ്‌നിവർന്നു വരുമിരുളോ!
അലയും തലയിലണിഞ്ഞ-
ങ്ങലയുന്നിതു താന് പുതയ്ക്കുമൊരു തൊലിയോ! 34

തൊലിയുമെടുത്തു പുതച്ചാ-

ക്കലിയെക്കഴലാലഴിക്കുമൊരു കലിയേ!
കലിയും കാലാൽത്തുലയും!
നിലയേയെല്ലാ നിലയ്ക്കുമൊരു തലയേ! 35

ഒരു തലയിരുളും വെളിയും
വരവുമൊരരുമക്കൊടിക്കു സുരതരുവേ!
അരുതരുതരിമകളറിവതി-
നരിവരരറുമിപ്രസംഗമൊരു ശരിയേ! 36

ശരി പറവതിനും മതി നിൻ-
ചരിതമൊടിതുകൊണ്ടിതിന്നു നികരിതുവേ.
അരുളപ്പെട്ടുമൊരു പൊരുളേ-
തറിവാലറിയപ്പെടാത്ത നിറപൊരുളേ! 37

പൊരുളും പദവുമൊഴിഞ്ഞ-
ങ്ങരുളും പരയും കടന്നു വരുമലയേ!
വരളുംനാവു നനച്ചാ-
ലരുൾപൊങ്ങും വാരിധിക്കതൊരു കുറയോ? 38

കുറയെന്നൊന്നു കുറിക്കും-
മറയോ തേടുന്നതിനു മറുകരയേ!
നിറവില്ലയ്യോ! ഭഗവാ-
നറിയുന്നില്ലീ രഹസ്യമിതു സകലം. 39

സകലം കേവലമൊട്ടു പോ-
യകലുമ്പോഴങ്ങുദിക്കുമൊരുവഴിയേ!
സഹസനകാദികളൊട്ടു പോയ്
ത്തികവായീടും വിളിക്കുമൊരുമൊഴിയേ! 40

(ഇവിടം മുതൽ 40 പദ്യം കാൺമാനില്ല)

ഒന്നുമറിഞ്ഞീലയ്യോ!
നിന്നുടെ ലീലാവിശേഷമിതു വലുതേ.
പൊന്നിൻകൊടിയൊരു ഭാഗം-
തന്നില് ചുറ്റിപ്പടർന്ന തനിമരമേ! 41

തനിമരമേ! തണലിനിയീ നിൻ-
കനി കഴലിണയെൻതലയ്ക്കു പൂവണിയേ.
കനകക്കൊടി കൊണ്ടാട്ടും
തനിമാമലയോയിതെന്തു കൺമായ? 42

കൺമായങ്ങളിതെല്ലാം
കൺമുന്നുണ്ടായിരുന്നു കണ്ടീലേ!
വെൺമതിചൂടി വിളങ്ങും
കൺമണിയേ! പുംകഴൽക്കു കൈതൊഴുതേൻ 43.

കൈതൊഴുമടിയനെ നീയി-
കൈതവനിലയിന്നെടുത്തു നിന്നടിയിൽ
കൈതഴവിച്ചേർക്കണമേ നിൻ
പൈതലിതെന്നോർത്തു നിൻഭരമേ. 44

നിൻഭരമല്ലതൊന്നി-
ല്ലമ്പിളി ചൂടും നിലിമ്പനായകമേ!
വൻപൊഴുമിമ്മലമായ-
ക്കൊമ്പതിനൊന്നായ് വിലയ്ക്കുനൽകരുതേ! 45

നൽകണമിടയനു നിൻപൂ-
പൈങ്കഴലിണ നീരണിഞ്ഞ വെണ്മലയേ!
കൂകും പൂങ്കുയിലേറി-
പ്പോകും പൊന്നിൻകൊടിക്കു പുതുമരമേ! 46

പുതുമരമേ പൂംകൊടി വ-
ന്നതുമിതുമൊക്കെപ്പരന്ന നിൻകൃപയെ
പദമലരിണയെൻതലയിൽ
പതിയണമെന്മെയ് കലർന്നുകൊള്ളണമേ! 47

കൊള്ളണമെന്നെയടിക്കായ്-
ത്തള്ളരുതേ നിൻകൃപയ്ക്കു കുറയരുതേ
എള്ളളവും കനിവില്ലാ-

തുള്ളവനെന്നോർത്തൊഴിഞ്ഞുപോകരുതേ! 48

പോകരുതിനി നിന്നടിയിൽ
ചാകണമല്ലെന്നിരിക്കിലിവനിന്നും
വേകുമിരുൾക്കടലിൽ വീ-
ണാകുലമുണ്ടാമതിന്നു പറയണമോ? 49

പറയണമെന്നില്ലല്ലോ
അറിവാമടിയൻമുടിക്കു ചൂടണമേ!
അറിവറ്റൊന്നായ് വരുമെ-
ന്നറിയാതൊന്നായിരുന്നു വേദിയനേ! 50

വേദിയരോതും വേദം
കാതിലടങ്ങുന്നിവണ്ണമിവ പലതും
ആദിയൊതന്തവുമില്ലാ-
തേതിനോടൊന്നായ് വരുന്നതതു നീയേ! 51

അതു നീയെന്നാലിവനോ-
ടുദിയാതൊന്നായിരിക്കുമുരുമുതലേ!
ഗതിയില്ലയ്യോ! നിന്മെയ്
പതിയെത്തന്നെൻ പശുത്വമറു പതിയേ! 52

പതിയെന്നറിയാതെൻ-
പതിയേ നിന്നെത്തിരഞ്ഞു പലരുമിതാ!
മതികെട്ടൊന്നിലുമില്ലാ-
തതിവാദം കൊണ്ടൊഴിഞ്ഞുപോകുന്നു. 53

പോകുംമണ്ണോടു തീ നീ-
രോഹരിപോലേ മരുത്തിനോടുവെളിയും
നാകമൊടൊരു നരകം പോ-
യേകമതായ് ഹാ! വിഴുങ്ങിയടിയനെ നീ! 54

അടിയൊടു മുടി നടുവറ്റെന്-
പിടിയിലടങ്ങാതിരുന്ന പല പൊരുളും
വടിവാക്കിക്കൊണ്ടന്ന-
ന്നടിയോടൊന്നിച്ചൊഴിഞ്ഞു വരുമൊന്നേ. 55

ഒന്നെന്നും രണ്ടെന്നും
നിന്നിവനെന്നും പറഞ്ഞു പതറരുതേ
ഇന്നിക്കണ്ടവയെല്ലാം
നിന്നോടൊന്നായ് വരുന്നു കളവല്ലേ. 56

അല്ലെന്നും പകലെന്നും
ചൊല്ലും പൊരുളും കടന്ന സുന്ദരമേ!
കൊല്ലെന്നോടുയിരേക്കൊ-

ണ്ടല്ലേ നീ കൈവിലയ്ക്കുതാനയ്യോ! 57

അയ്യോ! നിയെന്നുള്ളും
പൊയ്യേ! പുറവും പൊതിഞ്ഞു പോകുന്നു
മെയ്യാറാനായ് വന്നേൻ
കൈയേന്തിക്കൊണ്ടൊഴിഞ്ഞു പോകുന്നു. 58

കുന്നമ്മലയുമിതെല്ലാ-
മൊന്നൊന്നായ് പൊന്നടിക്കു കൂട്ടാക്കി
നിന്നപ്പോളടിയൊടെന്-
പൊന്നിൻ കൊടികൊണ്ടമഴ്ന്നതെന്തയ്യോ! 59

എന്തയ്യോ! നീയെന്നും
ചിന്തയ്ക്കണെയുന്നൊഴിഞ്ഞ ചിന്മയമേ!
വെന്തറ്റീടുമഹന്ത-
യ്ക്കന്തിപ്പിറയേയണിഞ്ഞ കോമളമേ! 60

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

# 27. പിണ്ഡനന്ദി

ഗർഭത്തിൽ വെച്ച ഭഗവാനടിയന്റെ പിണ്ഡ-
മെപ്പേരുമമ്പൊടു വളർത്ത കൃപാലുവല്ലീ
കൽപ്പിച്ചപോലെ വരുമെന്നു നിനച്ചു കണ്ടി-
ട്ടർപ്പിച്ചിടുന്നവിടെയൊക്കെയുമങ്ങുശംഭോ! 1

മണ്ണും ജലം കനലുമംബരമോടു കാറ്റു-
മെണ്ണിപ്പിടിച്ചറയിലിട്ടെരിയും കൊളുത്തി
ദണ്ഡപ്പെടുത്തുമൊരു ദേവതയിങ്കൽ നിന്നെൻ
പിണ്ഡത്തിനന്നമുതു നൽകി വളർത്ത ശംഭോ! 2

കല്ലിന്നകത്തുകുടിവാഴുമൊരൽപ്പജന്തു-
വൊന്നല്ല നിന്റെ കൃപയിന്നറിയിച്ചിടുന്നു;
അല്ലിക്കുടത്തിലമരുന്നമരേന്ദ്രനും മ-
റ്റെല്ലാരുമിങ്ങിതിലിരുന്നു വളർന്നിടുന്നു. 3

ബന്ധുക്കളില്ല ബലവും ധനവും നിനയ്ക്കി-
ലെന്തൊന്നുകൊണ്ടിതുവളർന്നതഹോ വിചിത്രം!
എൻ തമ്പുരാന്റെ കളിയൊക്കെയിതെന്നറിഞ്ഞാ-
ലന്ധത്വമില്ലിതിനു നീയരുളീടു ശംഭോ! 4

നാലഞ്ചുമാസമൊരുപോൽ നയനങ്ങൾ വെച്ച

കാലന്റെ കയ്യിലണയാതെ വളർത്തി നീയേ
കാലം കഴിഞ്ഞു കരുവിങ്കലിരുന്ന ഞാന-
ക്കാലം നിനച്ചു കരയുന്നിതു കേൾക്ക ശംഭോ! 5

രേതസ്സു തന്നെയിതു രക്തമൊട്ടും കലർന്നു
നാദം തിരണ്ടുരുവതായ് നടുവിൽക്കിടന്നേൻ
മാതാവുമില്ലവിടെയന്നു പിതാവുമില്ലെൻ
താതൻ വളർത്തിയവനാണിവനിന്നു ശംഭോ! 6

അന്നുള്ള വേദന മറന്നതു നന്നുണർന്നാ-
ലിന്നിങ്ങുതന്നെരിയിൽ വീണു മരിക്കുമയ്യോ!
പൊന്നപ്പനന്നു പൊറിവാതിലൊരഞ്ചുമിട്ടു
തന്നിട്ടു തന്നെയിതുമിന്നറിയുന്നു ശംഭോ! 7

എൻ തള്ളയെന്നെയകമേ ചുമടായ് കിടത്തി
വെന്തുള്ളഴിഞ്ഞു വെറുതേ നെടുവീർപ്പുമിട്ടു
നൊന്തിങ്ങുപെറ്റു നരിപോലെ കിടന്നു കൂവു-
ന്നെന്താവതിങ്ങടിയനൊന്നരുളീടു ശംഭോ! 8

എല്ലാമറിഞ്ഞു ഭഗവാനിവനിന്നെടുത്തു
ചൊല്ലേണമോ ദുരിതമൊക്കെയകറ്റണേ നീ!
ഇല്ലാരുമിങ്ങടിയനങ്ങൊഴിയുന്നുവെങ്കി-
ലെല്ലാം കളഞ്ഞെരുതിലേറി വരുന്ന ശംഭോ! 9

# 28. ചിദംബരാഷ്ടകം

ബ്രഹ്മമുഖാമരവന്ദിതലിങ്ഗം
ജന്മജരാമരണാന്തകലിങ്ഗം
കർമ്മനിവാരണകൌശലലിങ്ഗം
തന്മൃദു പാതു ചിദംബരലിങഗം 1

കല്പകമൂലപ്രതിഷ്ഠിതലിങ്ഗം
ദർപ്പകനാശയുധിഷ്ഠിരലിങ്ഗം
കുപ്രകൃതിപ്രകാരാന്തകലിങ്ഗം
തന്മൃദു പാതു ചിദംബരലിങ്ഗം. 2

സ്കന്ദഗണേശ്വരകല്പിതലിങ്ഗം
കിന്നരചാരണഗായകലിങ്ഗം
പന്നഗഭൂഷണപാവനലിങ്ഗം
തന്മൃദു പാതു ചിദംബരലിങ്ഗം 3

സാംബസദാശിവശങ്കരലിങ്ഗം
കാമ്യവരപ്രദകോമളലിങ്ഗം
സാമ്യവിഹീനസുമാനസലിങ്ഗം
തന്മൃദു പാതു ചിദംബരലിങ്ഗം 4

കലിമലകാനനപാവകലിങ്ഗം
സലിലതരംഗവിഭൂഷണലിങ്ഗം
പലിതപതംഗപ്രദീപകലിങ്ഗം
തൻമൃദു പാതു ചിദംബരലിങ്ഗം 5

അഷ്ടതനുപ്രതിഭാസുരലിങ്ഗം
വിഷ്ടപനാഥവികസ്വരലിങ്ഗം
ശിഷ്ടജനാവനശീലിതലിങ്ഗം
തന്മൃദു പാതു ചിദംബരലിങ്ഗം 6

അന്തകമർദ്ദനബന്ധുരലിങ്ഗം
കൃന്തിതകാമകളേബരലിങ്ഗം
ജന്തുഹൃദിസ്ഥിതജീവകലിങ്ഗം
തന്മൃദു പാതു ചിദംബരലിങ്ഗം 7

പുഷ്ടധിയസ്സു ചിദംബരലിങ്ഗം
ദൃഷ്ടമിദം മനസാനുപഠന്തി
അഷ്ടകമേതദവാങ്മനസീയം
അഷ്ടതനും പ്രതി യാന്തി നരാസ്തേ. 8

# 29. ഒരു തമിഴ് ശ്ലോകം

കൺകളെത്തനൈ കരോടിയെത്തനൈ
        കരിപ്പുലിത്തോലികളെത്തനൈ
തിങ്കളിൻകലൈ വിടങ്കൾ ചീറു-
        മരവങ്കളെത്തനൈ ചെറിന്തെഴും
കങ്കൈ നീയുമിതുപോല് കണക്കിലൈ നിൻ
        നീരിൽ മുഴുകുവോരൊവ്വൊന്റെയും
ചംകരിത്തുയരുമാങ്കുചമ്പുവിൻ
        ചരുപരാകിയിതു ചത്യമേ. 1

ഇത് കാളിദാസവിരചിതമായ (താഴെ കൊടുത്തിരിക്കുന്ന) ഗംഗാഷ്ടകത്തിലെ ഒന്നാം ശ്ലോകത്തിന്റെ തർജ്ജമയാണെന്നു കരുതപ്പെടുന്നു.

കത്യക്ഷീണി കരോടയഃ കതി കതി
        ദ്വീപിദ്വിപാനാം ത്വചഃ
കാകോളാഃ കതി പന്നഗാഃ കതി
        സുധാധാമ്നശ്ച ഖണ്ഡാഃ കതി
കിം ച ത്വം ച കതി ത്രിലോകജനനീ
        ത്വദ്വാരിപൂരോദരേ
മജ്ജജ്ജന്തുകദംബകം സമുദയ-
        ത്യേകൈകമാദായ തത്.

# 30. തേവാരപ്പതികങ്കൾ

**നായിനാർപതികം**

**പതികം – 1**

ഞാനോതയമേ! ഞാതുരുവേ!
 നാമതിയിലാ നർക്കതിയേ!
യാനോ നീയോ യാതിപരം,
 യാതായ് വിടുമോ, പേചായേ,
തേനാർ തില്ലൈ ചീരടിയാർ
 തേടും നാടാമരുമാന്തർ
കോനേ, മാനേർമിഴി പാകം-
 കൊണ്ടായ് നയിനാർ നായകമേ 1

ആൾവായ് നീയെന്നവിയൊടീ-
 യക്കൈ പൊരുൾ മുമ്മലമുതിരും-
തേൾവായിടയിറ്റിരിയാമ-
 റ്റേവേ, കാവായ് പെരിയോവേ!
നാൾവാടന്തം നരുനരെന
 നെരുക്കിന്റ്രു പാരരുമാന്തർ
നാൾവാണിന്റ്രാടാരായോ,
 നാതാ! നയിനാർ നായകമേ! 2

വാനായ്, മലെയായ്, വാടിയിനും
    വാണാൾ വീണായിഴിയുമുനെൻ-
ഊനായുയിരായുടയോനാ-
    യൊന്റായ് നിറൈയായ് വാരായോ
കാനായനലായ് കനൈ കടലായ്
    കാരാർവെളിയായരുമാന്തർ
താനായ് നിർക്കും തര്പരമുൻ
    താൾ താ നയിനാർ നായകമേ 3

ഉരുവായരുവായരുവുരുവാ-
    യൊന്റായ് പലവായുയിർക്കുയിരായ്
തെരുളായരുളായ് തേരുരുണി-
    ന്റിടമായ് നടുമാറ്റിരവടിവായ്
ഇരുളായ് വെളിയായികപരമാ-
    യിന്റായന്റായരുമാന്തർ
മരുവായ് വരുവായെനൈയാൾവായ്
    നാതാ! നയിനാർ നായകമേ! 4

പുവായ് മണമായ് പുനരസമായ്
    പൊടിയായ് മുടിയായ് നെടിയോനായ്
തീവായുരുവായ് തിരിചിയമായ്
    തേനാരമുതായ് തികഴ്കിന്റായ്
നീ വാ കാവായ് എനൈയാൾവായ്

നിത്താ! ചുത്താ! അരുമാന്തൂർ
തേവാ! മൂവാ മുതൽവോനേ!
തേനേ, നയിനാർ നായകമേ! 5

അറിയും വിതിയും തേടിയിനും
അറിയാ നെറിയായെരിവുരുവായ്
മരിയാ മറിമാനിടവടിവായ്
മരിയാതെയിനി വാ കാവായ്
പിരിയാതെന്നെയാൾവായ് തേവ-
പ്പിരിയാപ്പെരിയോരരുമാന്തൂര്
പുരി വാണരുളീടും കോവേ,
പൂവേ! നയിനാർ നായകമേ! 6

അന്റോ യിന്റോ യമളുതർ-
ക്കന്റേ നിന്റാടാരായോ
കുന്റേ! കുടൈയേ! കോതനമേ!
കോവേ! കാവായ് കുലതേവേ,
അന്റേയിന്റേയാരടിയേ-
നായേ നീയേയരുമാന്തൂർ
നിന്റായുന്റാടാരായോ
നാതാ! നയിനാർ നായകമേ! 7

നിന്റാരടിചേരടിയാർ തം-
    നിന്റാതിയലാം നീക്കി നിതം
ചന്തനമതായ് നിന്റാളും
    ചന്താപമിലാ നന്മയമേ!
വൻതാപമിലാതെന് മുന്നീ
    വന്താൾവായേയരുമാൻർ
നിന്റായ്, നിന്റാടാരായോ
    നാതാ, നയിനാർ നായകമേ! 8

പൊന്നേ, മണിയേ, മരതകമേ,
    പൂവേ, മതുവേ, പൂമ്പൊടിയേ,
മന്നേ മയിലേ കുയിലേ വൻ-
    മലൈയേ, ചിലൈയേ, മാനിലമേ,
എന്നേ! യിനിയാൾവായ് നീയേ
    എളിയേനായേനരുമാന്തർ
തന്നന്തനിയേ നിന്റായ് നർ-
    താതാ, നയിനാർ നായകമേ! 9

കല്ലോ മരമോ കാരയമോ
    കടിനം നന്നെഞ്ചറിയേൻ യാൻ
അല്ലോപകലോ നിന്നടിവി-
    ട്ടല്ലോ അലമായ് നിന്റടിയേൻ
ചൊല്ലായ് നല്ലായ് ചുരുതിമുടി-

ച്ചൊല്ലായല്ലായരുമാന്തര്-
നല്ലാർമണിമാതവ! കാവായ്
നാതാ, നയിനാർ നായകമേ! 10

### പതികം – 2

എങ്കും നിറൈന്തെതിരറ്റിമയാതവ-
രിൻപുറു ചിർച്ചുടരെ
പൊങ്കും പവക്കടലിർപടിയാതെ പടിക്കു-
ന്നരുൾ പുരിവായ്
തിങ്കൾ തിരുമുടി ചൂറ്റി കഴന്തിവ്യ-
തേചോമയാനന്തമേ
തങ്കക്കൊടിയേ, നമ്മൈ തടുത്താൾ
കൊൾവായ് നീ കരുണാനിതിയേ! 1

തീയേ തിരുവീറണിയും തിരുമേനിയി-
റ്റിങ്കളൊളിമിളിരും
നീയേ നിരൈയക്കടലിങ്കനിമഞ്ചനം
ചെയ്യാതരുൾ പുരിവായ്
കായും പുനലും കനിയും കനൽ വാ-
തൈവത്തെ നിനന്തരുന്തി കണ്ണീർ
പായുംപടി പടിയിർ പരമാനന്തം
പെയ്യും പരഞ്ചുടരേ! 2

ചുടരേ, ചുടർവിട്ടൊളിരും ചുടർ
    ചുഴ്ന്തിരുക്കും ചുരവി ചുടർ ചുഴ്
കടലേ, മതികങ്കൈയരവങ്കടങ്ക-
    കവരി ചിതിചടൈയ
വിടമുണ്ടമുതങ്കനിയും മിടർ
    കണ്ടിലനായി നവനിമിച്ചൈ
കുടികൊണ്ടതിനാലെൻകോൽ
    കൊന്റലർകൊൻറൈയണിന്തു കുവ്വും കുയിലേ 3

കുയിൽവാണി കുരുമ്പൈമുലൈയുമൈ
    കൂടിനിന്റാടും കരുമണിയേ!
മയിൽവാകനൻ വന്തരുളും മണി-
    മന്തിരം കൊൾമലർമേനിയനേ,
കയർ കണ്ണിയർ കൺകൾ മൂന്റും
    കതിർതിങ്കളുമങ്കിയുമങ്കൊളിരും
പുയങ്കം പുനലും ചടൈയും പുലനായി
    നിരംപുതിയർ പുലനേ. 4

പുലനറ്റപ്പൊരികളറ്റ പരിപൂരണ-
    പോതം പുകന്റെ പുത്തേ-
ളുലകറ്റടലോടുയിരുള്ളമൊടുങ്കമിട-
    ങ്കോട്ടുരുമ്പൊഴിന്തു

നിലൈ പെറ്റ നിരഞ്ചനമാം നിരുപാതിക-
    നിത്തരങ്കക്കടലേ
അലൈ പൊങ്കിയടങ്കിമടങ്കിയല-
    ങ്കോലമാക്കാതരുൾ പുരിവായ് 5

വായിർകുടമെന്ന വരമ്പിലെ
    വക്കടലിർ പടിന്തങ്കുമിങ്കും
നായികടേതിനും നട്ടം തിരിയാ-
    തനക്കിരകം നൽകിടുവായ്
പായും മിരുകമും പരച്ചും പടർ
    പൊങ്കരവിൻ പടമും ചടൈയിർ
ചായും ചിരുപിറൈയും ചരണങ്കളും
    ചർവം ചരൺ പുരിവാം 6

പുരിവായിർ പുതൈന്തു മുന്നം പൊൻ
    മലൈയൈ ചിലൈയായ് കുനിത്തു പൂട്ടി
പുരമൂന്റുമെരിത്ത പിരാൻ ഉമ്പർ തമ്പിരാൻ
    എമ്പെരുമാൻ പൊതുവായ്
പുരിയുന്നടനമ്പുവിയിർ പുലൈ നായിനേൻ
    അംപുതിയിറ്റിരൈപോറ്റിരിയുമ-
ചകന്മായൈ ചിക്കി തെരിന്തിലന-
    ന്തോ! ചെമ്മേനിയനേ! 7

ചെമ്മേനി ചിവപെരുമാൻ ചിരമാലൈ-
    യണിന്തു ചെങ്കോല് ചെലുത്തി
ചെമ്മാന്തരം വേരറുത്തിടുവോന്റിരുമന്തിരാൽ
    ചിത്തചയം പെറലാം
പെമ്മാൻ പിണക്കാടനെന്റും പെരും
    പിത്തനെന്റും പെരിയോർ പെയരി-
ട്ടിമ്മാനിടവീട്ടിലണഞ്ചുമുയ്യും വകൈ-
    യെങ്ങനന്തോയിയമ്പായ്. 8

ഇയമ്പും പതമും പൊരുളുമിറൈയിന്റി-
    യിറൈയോഇരുക്കുമിന്ത
വിയപ്പും വെളിവാനതെങ്ങൻ വിളൈയാത
    വിളൈയും വിതിയെങ്കൊലൊ
ചെയിക്കും വഴിയെങ്ങനെങ്കൾ ചെമ്പൊർ
    ചോതിയേ! ചെന്മച്ചെരുക്കറുക്കും-
തയൈക്കെന്ന കൈമാറു ചെയ്വേന്റയാ
    വാരിതിയേ തരമിറ്റമിയേൻ. 9

തമിയേൻ തപം ചെയ്തതറിയേൻ ചപാ-
    നായകർ ചന്നിതിക്കേ തിനമും
കവിയേന് കഴൽ കണ്ടു കൈകൂപ്പികടൈ-
    ക്കണ്ണീർ വാർത്തു കനിന്തുമിലേൻ
നവിൻമാലൈ പുനൈന്തുമിലേൻ  നാൽവർ

നാവലർ ചൂട്ടും തിരുവടിക്കം -
പൂവി മീതെനൈയേ വകുത്തായ് പുലൈനായേൻ
പിഴൈപ്പതെങ്ങന് പുകൽവായ്. 10

പതികം – 3

ഓമാതിയിൽ നിറ്കും പൊരുള് നീതാനലകെങ്കും
താമാകി വളർന്തോങ്കിയ ചാമാനിയ തേവേ!
വിയോമാനലപൂനീരൊലിയോടാവി വിളക്കോ-
ടാമാതന്ത വാരാഇ നമുക്കായമിതാമേ. 1

ആമോതമുമാമിന്ത മകാമന്തിരമിതൊന്റും
നാമതു നമുക്കിന്റരുളായോ നമൈയാളും
കോകാനരുളും കൊണ്ട കുഴാം കുവിയണൈന്താ-
ലാമോതമുമാമിന്ത മകാമന്തിരമുമെല്ലാം. 2

എല്ലാ ഉയിരും നിന്നുരുമെല്ലാ ഉടലും നീ
എല്ലാ ഉലകും നിൻകളിയല്ലാതവൈയില്ലൈ,
പൊല്ലാതനവെല്ലാം പൊടിചെയ്താണ്ടരുൾ പൂവിൽ
പല്ലാരുയിരാളും പരതേവേ, ചുരകോവേ. 3

കോവേറു പിരാനേ, കുറിയറ്റോങ്കി വിളങ്കും
മൂവേഴുലകും മോന്തമെഴും മോനവിളക്കേ,

പൂവേറുപിരാനും നെടുമാലും പൊടികാണാ-
താവേചർകളാനാരുരുവരോരറിവാരോ. 4

വാരോ വരൈയോ വാരിതിയോ വാനവർപേരും-
താരോ തരൈയോ തൺമലരോ തർ പരനേ
യാരോ നീരറി യേനടിനായേനരുൾവായേ
നീരാറണിവോനേ, നിതമാൾവായ് നിമ്മലനേ. 5

നിമലാ, നിത്തിയനേ, നിർപയനേ, നിർക്കുണനേ,
അവമേ പുവിനായേനഴിയാത നിതമാൾവായ്
നമനൈക്കഴലാൽ കായ്ന്ത നടേചാ, നമൈ നീയേ
പുവിമീതരുൾ വാരം പുരിവായേ പെരുമാനേ! 6

മാനേ മതി ചൂടും മറൈയോനേ, ചടൈയാടീ
വാനോർകൾ വണങ്കും വടിവേ, വന്തരുൾവായേ;
തേനേ, തെളിവേ, തീഞ്ചുവയേ, തിവ്വിയരസംത-
ന്തോനേ, തുണൈയേ, തൊൻമറൈ ഓരാറുണർവോനേ. 7

ഉണർവാരാറിവാരോരറിവായെങ്കുമിലങ്കും
ഉണർവേ, പോക്കുവൈയേ, പോതവരമ്പിന്റിയപൂവേ,
പുനലേ, പൃത്തമുതെ, വിത്തകമേ, വന്തരുണീ-
യനലേ, വെളിയേ, മാരുതമേ, മാനിലമേ വാ. 8

വാ വാ ചടയിർക്കങ്കൈ വളർക്കും മണിയേ, എൻ-
പാവായ്, മതിയേ, പങ്കയമേ, പൻമറ മീറായ്
തേവാതികള് പോറ്റും തെളിവേ തിൺകടൽ ചേരും
നാവായ് എനൈയാൾവായ്, നതിചൂടി, നരകാരേ. 9

കാരേറു കയർകണ്ണിയർ വീചും വലയിർപ്പ‌–
ട്ടാരാരഴിയാതോരവമേ നീയറിയായോ
എരുതേറു പിരാനേ എതിർവന്തെമ്മയറീരും
ചാരമൃതമൊന്റീന്റരാളായേ പെരുമാനേ. 10

പതികം – 4

തരിചനം തിരുട്ടിരുച്ചിയാങ്കളറ്റത്തികംപരിയായ്
പ്പരിയടനം ചെയ്യും പണ്ടിതരുള്ളം പലി കൊടുത്തു
ത്തുരിചറച്ചട്ട തത്തുവങ്കളറ്റത്തനിമുതലായ്
ക്കരിചനം കണ്ട കറൈക്കണ്ടരെൻ കുലതൈവമേ. 1

ആതാരചത്തിൻ പരിപൂരണത്തിലചത്പ്പിരപഞ്ച
പാതാരകിതം പവിക്കുമപ്പട്ചം പിടിവിടാതേ
നാതപരനായി നട്ടു നിന്റ നാടാനഴവിയാന്മാ-
പോതം കെട്ടുത്തു പുനരുത്തിതി വിട്ടതെന് തൈവമേ. 2

വാനറ്റു മണ്ണെരുപ്പരുപ്പറ്റു വനന്തി ചികുറ്റമറ്റു
കാനറ്റകാലചക്കിരപ്പിരമമറ്റക്കതിരൊളിയായ്
ജ്ഞാനക്കനൽ കരിയറ്റു ഞാതിർകുരുമൂലമറ്റു
മാനങ്കളറ്റു മകാമൗനമെൻ കൺമണിത്തെവമേ. 3

മുപ്പത്തുമുക്കോടിയറ്റു മുമ്മൂർത്തികൾ പേതമറ്റു
കർപ്പിതത്തൊയ് തപ്പിരപഞ്ചമാം കാനർകമലറ്റു
മുപ്പൊരുളറ്റു മുപ്പാഴറ്റു മുത്തികൾ മൂന്റുമറ്റു
മുർപട്ടം മുക്കട് കരുമണിക്കോവെൻകുലതൈവമേ. 4

വാക്കുമനമറ്റുവാൻ ചുടരായ് വടിവൊന്റുമറ്റു
നോക്കുമിടങ്കണെരുങ്കി നോക്കുകൊള്ളതിചയമായ
ആക്കമത്തിർക്കുമതിചുക്കമെമായ് ചുയം ചോതിയായി
കക്കമെൻ കാരുണ്ണിയചാലി നമക്കുക്കുലതൈവമേ. 5

വിർത്തിയിറ്റോന്റി വിരികിന്റെ വിചുവപ്പിരമമളൈെഞ്ഞും
വിർത്തിയിനുള്ളേ ലയിപ്പിത്തുവിർത്തിചത്തികലർന്തു
വിർത്തിയ വിർത്തികളറ്റു വിറകറ്റെരിചുടർപോൽ
ചത്തുചിത്താനന്തപൂരണച്ചെൽ വഞ്ചെയനമക്കേ. 6

പർമച്ചൊരുപം പിരമങ്കോണ്ടു പേതപ്പെടുത്തിനാൽ
കർമട്ട പിരാരത്തകരുമത്തിനാല് കരികണ്ടതുപോൽ
കർമക്കുരുടർ കരംകൊണ്ടു കട്ടിപ്പിടിപ്പതിനോ

കർമിച്ചിടുന്ന കരുണാകരകതിയെന്തവർക്കോ. 7

എല്ലാവുമവൻ ചെയലെന്റെ മക്കള്ളോരെളിതരുളാൽ
ചൊല്ലാമാർ ചൊല്ലിയ ചുക്കമച്ചകപൊരുട്ടും വെളിയിൽ
പല്ലായിരംകോടിയണ്ടം പലി കൊടുത്തപ്പുവിയിര്
ചെല്ലതു ചെന്മനിവർത്തിവരുമോ ചിവതൈമമേ. 8

എല്ലാമകമകമെന്റേകപോതം വരുത്തിയതും
നില്ലാതുനിന്നിൽകലർത്തി നീയിനാന്മറ്റിടത്തു
തൊല്ലൈയറുമെന്റു തൊന്തത്തിനിർക്കിടന്തെപ്പൊഴുതും
ചൊല്ലിത്തൊഴുമെന്റുയരമൊഴിക്ക ചുകക്കടലേ. 9

പൂരണചത്തിലചർപ്പതമറ്റപ്പുരാതനമാം
കാരണമറ്റക്കരുവറ്റക്കാര്യചങ്കർപമറ്റ
താരണയും വിട്ടു തത്തുവംപതത്തു തിവപ്പൊരുളാം
മാരണങ്കോട്ടിയടിയറ്റ ത്രൂപമെന് തൈവമേ. 10

പതികം – 5

ചിത്തെന്റുരൈക്കിർ ചടപാതകമുണ്ടതൈ പിരിഞ്ഞു
ച്ചത്തെന്റു ചൊല്ലിലചത്തുമങ്കേവന്തു ചാർന്തിടുമാൽ
ചുത്തം കുളുർത്ത ചുകമെനിൽതുക്കമനൈത്തുമറ്റോ
രിത്തന്മയുള്ളൊരു തൈവമെന്റുമെ മക്കുള്ളതേ. 1

ചിർചടമറ്റുച്ചെറിന്തിലങ്കിച്ചതചത്തുമറ്റു
പർപല കാട് ചിത്തുകളറ്റുപ്പന്തനിർമ്മോട്ച്ചമറ്റു
ചർകരൈയിൻചുവൈപോലൻപരുള്ളം കവർന്തുനിർക്കു-
മിത്തന്മയുള്ളൊരു തൈവതമെന്റുമെമക്കുള്ളതേ. 2

ഒന്റെന്റുരണ്ടെനും കുറ്റം പവിക്കുമതൻറി വെറും
കുന്റെ നിർപള്ളമും നേരേ വിരുത്തം കുതിത്തിതിലോ
കുന്റിടും കുറ്റം കുടിന്തമ്പരുള്ളം കവർന്ത പിഞ്ചു-
കൻറൻറിരുവിളൈയാടലിക്കണ്ടതുലകമെല്ലാം. 3

ഈ ലക്കണത്തിലിരിക്കുകൈകുറ്റമെതിർകണത്തിൽ
മൂലപ്പൊരുളില്ലെമുന്റാവതിൽ പിൻമുടിവുമെങ്കേ
കാലത്തിലൊന്റി വിരിപ്പുള്ളതൊന്റിര് കടുപകൈയാം
മാലുമയനമതിർ പട്ടുരുത്തിരനും മായ്ന്തിടുമേ. 4

മാലുമയനും മകേചുരൻ രുത്തിരൻ ചതാചിവനും
കാലചക്കിരപിരമത്തൈ കണ്ടു കൈകുവിത്തെവ്വുലകും
ലീലൈയിൻ വൈത്തു ലയിപ്പിത്തു ലിംഗപിര തിട്ടൈചെയ്തു
മേലിളകാതെ മെഴുകിട്ടുറൈപ്പിത്തതൈന്റെവമേ. 5

വേറുവേറാം വിടയങ്കൾ വെറുഞ്ചടമേ പൊറിയിർ
ചേരുമപ്പോതു ചെകമ്പരമെങ്കുഞ്ചുറിന്തിലങ്കും
ചീരരുൾചോതി ചിവചിത്പരപാനവെഴന്തരുളി

കുരിരുൾ കോരിരുടിത്തു വെളിയിർക്കുലാവുമതേ. 6

പാരൈമ്പുലങ്ങൾ പൊറിവായ്മടിഞ്ഞുപ്പകർവരിയ
കാരണകാരിയമറ്റ കരണക്കവർ കടിന്തു
പൂരണചോതിയിർ പുത്തപുരുടപ്പുരൈകടീർത്തു
ചീരണമിർച്ചെകച്ചോതിയിർച്ചിന്തൈ തിറൈകൊടുപ്പേൻ. 7

തേകമിതു തിട്ടമില്ല തിവ്വിയാനന്തത്തെള്ളമുതി-
റ്റാകമറ മുഴ്കിച്ചാതനച്ചാത്തിയച്ചാർവൊഴിന്ത്
പോകമ്പടിക്കപ്പുവനേ കനാതൻ കരുണൈ പുത്ത
പാകമ്പകർന്ത പചുങ്കോടിയോടിങ്കണൈവതെന്റോ. 8

പഞ്ചപ്പട്ടും പറവൈക്കോ പരമ്പിയിപ്പഴ്മനമാം
പഞ്ചക്കളൈകൊയ്തു പുലങ്കുടിപ്പൊക്കിഴമാം
കഞ്ചിക്കുടിക്കോ കുടിയേറ്റി നീ കരുണാകരനേ
തഞ്ചന്തിരുവടിനെന്റു തമിയേന് തളരുകിന്റേൻ. 9

എന്തക്കണത്തിലെതിരറ്റെമൻ വലൈയിന് പിണിപ്പ-
റ്റന്തക്കണമകങ്കാരമിഞ്ഞാനപ്പിരകാചമുണ്ടായ്
എന്തക്കണങ്കളുമെട്ടാതിണൈർ പരചിവത്തിൻ
കന്തക്കമലമലർപതം രണ്ടും കതി നമക്കേ. 10

# പ്രബോധനകൃതികൾ

## 31. ജാതിനിർണ്ണയം

മനുഷ്യാണാം മനുഷ്യത്വം
ജാതിർഗോത്വം ഗവാം യഥാ
ന ബ്രാഹ്മണാദിരസ്യൈവം
ഹാ!തത്ത്വം വേത്തി കോഽപി ന.

## 32. ജാതിമീമാംസാ

ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
ഒരു യോനിയൊരാകാരം ഒരു ഭേദവുമില്ലതിൽ. 1

ഒരു ജാതിയിൽ നിന്നല്ലോ പിറന്നീടുന്നു സന്തതി
നരജാതിയിതോർക്കുമ്പോളൊരു ജാതിയിലുള്ളതാം. 2

നരജാതിയിൽ നിന്നത്രേ പിറന്നീടുന്നു വിപ്രനും
പറയൻ താനുമെന്തുള്ളതന്തരം നരജാതിയിൽ? 3

പറച്ചിയിൽ നിന്നു പണ്ടു പരാശരമഹാമുനി
പിറന്നു മറ സൂത്രിച്ച മുനി കൈവർത്തകന്യയിൽ 4

ഇല്ല ജാതിയിലൊന്നുണ്ടോ വല്ലതും ഭേദമോർക്കുകിൽ
ചൊല്ലേറും വ്യക്തിഭാഗത്തിലല്ലോ ഭേദമിരുന്നിടൂ. 5

# 33. ജാതിലക്ഷണം

പുണർന്നു പെറുമെല്ലാമൊ-
രിനമാം പുണരാത്തത്
ഇനമല്ലിനമാമിങ്ങൊ-
രിണയാർന്നൊത്തു കാൺമതും 1

ഓരോ ഇനത്തിനും മെയ്യു-
മോരോ മാതിരിയൊച്ചയും
മണവും ചുവയും ചൂടും
തണവും നോക്കുമോർക്കണം 2

തുടർന്നോരോന്നിലും വെവ്വേ-
റടയാളമിരിക്കയാൽ
അറിഞ്ഞീടുന്നു വെവ്വേറെ
പിരിച്ചോരോന്നുമിങ്ങു നാം 3

പേരൂരു തൊഴിലീ മൂന്നും
പോരുമായതു കേൾക്കുക!
ആരു നീയെന്നു കേൾക്കേണ്ട
നേരു മെയ്തന്നെ ചൊല്ലുയാൽ 4

ഇനമാർന്നുടൽ താൻ തന്റെ-
യിനമേതെന്നു ചൊൽകയാൽ
ഇനമേതെന്നു കേൾക്കില്ല
നിനവും കണ്ണുമുള്ളവര് 5

പൊളി ചൊല്ലുന്നിനം ചൊൽവ-
തിഴിവെന്നു നിനയ്ക്കയാൽ ,
ഇഴിതില്ലിനമൊന്നാണു
പൊളി ചൊല്ലരുതാരുമേ 6

ആണും പെണ്ണും വേർതിരിച്ചു
കാണുംവണ്ണമിനത്തെയും
കാണണം കുറികൊണ്ടിമ്മ-
ട്ടാണു നാമറിയേണ്ടത്.

7

അറിവാമാഴിയിൽ നിന്നു
വരുമെല്ലാവുടമ്പിലും
കരുവാണിന,മീ നീരിൻ
നിരതാൻ വേരുമായിടും 8

അറിവാം കരുവാൻ ചെയ്ത
കരുവാണിനമോർക്കുകിൽ
കരുവാർന്നിനിയും മാറി

വരുമീ വന്നതൊക്കെയും 9

ഇനമെന്നിതിനെച്ചൊല്ലു-
ന്നിന്നതെന്നറിയിക്കയാൽ
ഇനമില്ലെങ്കിലില്ലൊന്നു-
മിന്നതെന്നുള്ളുഴിയിൽ 10

# 34. സദാചാരം

നല്ലതൊരുവൻ ചെയ്ത നല്ലകാര്യം മറപ്പത്
നല്ലതല്ലാത്തതുടനെ മറന്നീടുന്നതുത്തമം 1

ധർമ്മം സദാ ജയിക്കുന്നു, സത്യം
ജയിക്കുന്നിങ്ങു സർവ്വദാ
അധർമ്മവും ജയിക്കുന്നി-
ല്ലസത്യവുമൊരിക്കലും 2

നെല്ലിന്നു നീരു വിട്ടീടിൽ
പുല്ലിനും പോയിടുന്നത്
കല്ലിലത്രേ ജലം, നെല്ലിൽ -
ച്ചെല്ലും വഴി ചെറുക്കുകില് 3

പേരും പ്രതിഭയും നല്ലോ-
രാരുമേ കൈവിടില്ലത്,
നേരറ്റ കൃപണർക്കൊട്ടും
ചേരാ, നേരേ വിപര്യയം. 4

ഒന്നുണ്ടു നേരു, നേരല്ലി-
തൊന്നും, മർത്ത്യർക്കു സത്യവും

ധർമ്മവും വേണമായുസ്സ്
നിൽക്കുകില്ലാർക്കുമോർക്കുക. 5

ദത്താപഹാരം വംശ്യർക്കു
മത്തലേകീടുമെന്നതു
വ്യർത്ഥ മല്ല പുരാഗീരി-
തെത്രയും സത്യമോർക്കുക 6

കൊടുത്തതു തിരിച്ചങ്ങോ-
ട്ടെടുക്കുന്നവനെത്രയും
നിസ്വനാമവനെക്കാളും
നിസ്വനില്ലാരുമൂഴിയിൽ 7

# 35. ജീവകാരുണ്യപഞ്ചകം

എല്ലാവരുമാത്മസഹോദരരെ-
ന്നല്ലേ പറയേണ്ടതിതോർക്കുകിൽ നാം?
കൊല്ലുന്നതുമെങ്ങനെ ജീവികളെ-
ത്തെല്ലും കൃപയറ്റു ഭുജിക്കയതും?
1

കൊല്ലാവ്രതമുത്തമമാമതിലും
തിന്നാവ്രതമെത്രയുമുത്തമമാം
എല്ലാ മതസാരവുമോർക്കിലിതെ-
ന്നല്ലേ പറയേണ്ടതു ധാർമ്മികരേ? 2

കൊല്ലുന്നതു തങ്കൽ വരിൽ പ്രിയമാ-
മല്ലീ വിധിയാർക്കു ഹിതപ്രദമാം?
ചൊല്ലേണ്ടതു ധർമ്മ്യമിതാരിലുമൊ-
ത്തല്ലേ മരുവേണ്ടതു സൂരികളേ? 3

കൊല്ലുന്നവനില്ല ഭുജിപ്പതിനാ-
ളില്ലെങ്കിലശിക്കുക തന്നെ ദൃഢം,
കൊല്ലിക്കുകകൊണ്ടു ഭുജിക്കുകയാം
കൊല്ലുന്നതിൽ നിന്നുമുരത്തൊരഘം 4

കൊല്ലായ്കിലവന് ഗുണമുള്ള പുമാ-
നല്ലായ്കിൽ മൃഗത്തൊടു തുല്യമവൻ
കൊല്ലുന്നവനില്ല ശരണ്യത മ-
റ്റെല്ലാവക നൻമയുമാർന്നീടിലും

5

# 36. അനുകമ്പാദശകം

ഒരുപീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര! നല്കുകുള്ളിൽ നിൻ-
തിരുമെയ്‌വിട്ടകലാതെ ചിന്തയും. 1

അരുളാൽ വരുമിമ്പമൻപക-
ന്നൊരു നെഞ്ചാൽ വരുമല്ലലൊക്കെയും
ഇരുളൻപിനെ മാറ്റുമല്ലലിന്-
കരുവാകും കരുവാമിതേതിനും. 2

അരുളൻപനുകമ്പ മൂന്നിനും
പൊരുളൊന്നാണിതു ജീവതാരകം
"അരുളുള്ളവനാണു ജീവി" യെ-
ന്നുരുവിട്ടീടുകയീ നവാക്ഷരി 3

അരുളില്ലയതെങ്കിലസ്ഥി തോൽ
സിര നാറുന്നൊരുടമ്പുതാനവൻ;
മരുവിൽ പ്രവഹിക്കുമംബുവ-
പ്പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാം. 4

വരുമാറുവിധം വികാരവും
വരുമാറില്ലറിവിന്നിതിന്നു നേർ;
ഉരുവാമുടൽവിട്ടു കീർത്തിയാ-
മുരുവാർന്നിങ്ങനുകമ്പ നിന്നിടും. 5

പരമാർത്ഥമുരച്ചു തേർവിടും
പൊരുളോ? ഭൂതദയാക്ഷമാബ്ധിയോ?
സരളാദ്വയഭാഷ്യകാരനാം-
ഗുരുവോയീയനുകമ്പയാണ്ടവൻ? 6

പുരുഷാകൃതി പൂണ്ട ദൈവമോ?
നരദിവ്യാകൃതിപൂണ്ട ധർമ്മമോ?
പരമേശപവിത്രപുത്രനോ?
കരുണാവാൻ നബി മുത്തുരത്നമോ? 7

ജ്വരമാറ്റി വിഭൂതികൊണ്ടു മു-
ന്നരിതാം വേലകൾ ചെയ്ത മൂർത്തിയോ?
അരുതാതെ വലഞ്ഞു പാടിയൗ-
ദരമാം നോവുകെടുത്ത സിദ്ധനോ? 8

ഹരനന്നെഴുതി പ്രസിദ്ധമാം-
മറയൊന്നോതിയ മാമുനീന്ദ്രനോ?
മരിയാതുടലോടുപോയോരോ-

പ്പരമേശന്റെ പരാർത്ഥ്യഭക്തനോ? 9

നരരൂപമെടുത്തു ഭൂമിയിൽ
പെരുമാറീടിന കാമധേനുവോ?
പരമാദ്ഭുതദാനദേവതാ-
തരുവോയീയനുകമ്പയാണ്ടവന്? 10

**ഫലശ്രുതി**

അരുമാമറയോതുമർത്ഥവും
ഗുരുവോതും മുനിയോതുമർത്ഥവും
ഒരു ജാതിയിലുള്ളതൊന്നുതാൻ
പൊരുളോർത്താലഖിലാഗമത്തിനും.

# 37. ധർമ്മഃ

ധർമ്മ ഏവ പരം ദൈവം
ധർമ്മ ഏവ മഹാധനം
ധർമ്മസ്സർവ്വത്ര വിജയീ
ഭവതു ശ്രേയസേ നൃണാം

## 38. ആശ്രമം

ആശ്രമേഽസ്മിൻ ഗുരുഃ കശ്ചി-
ദ്വിദ്വാൻ മുനിരുദാരധീഃ
സമദൃഷ്ടിഃ ശാന്തഗംഭീ-
രാശയോ വിജിതേന്ദ്രിയഃ 1

പരോപകാരീ സ്യാദ്ദീന-
ദയാലുഃ സത്യവാക്പടുഃ
സദാചാരരതഃ ശീഘ്ര-
കർത്തവ്യകൃദതന്ദ്രിതഃ 2

അധിഷ്ഠായാസ്യ നേതൃത്വം
കുര്യാത് കാഞ്ചിത് സഭാം ശുഭാം
അസ്യാമായാന്തി യേ തേ സ്യുഃ
സർവ്വേ സോദരബുദ്ധയഃ 3

യദ്വദത്രൈവ തദ്വച്ച
സ്ത്രീണാം പുംസാം പൃഥക് പൃഥക്
വിദ്യാലയാ ദിശി ദിശി
ക്രിയന്താമാശ്രമാഃ സഭാഃ 4

ഏകൈകസ്യാമാസു നേതാ
ചൈകൈക സ്യാദ്വിചക്ഷണഃ
സർവ്വാഭിരനുബന്ധോഽദ്വൈ-
താശ്രമസ്യാഭിരന്വഹം 5

# 39. മുനിചര്യാപഞ്ചകം

1911നോട് അടുപ്പിച്ച് ഗുരു രമണമഹർഷിയെ സന്ദർശിച്ചപ്പോൾ അവിടത്തെ ഡയറിയിൽ എഴുതിയതാണീ കൃതിയെന്നു പൊതുവെ കരുതപ്പെടുന്നു.

ഇത്യാദി വാദോപരതം മഹാന്തം
പ്രശാന്തഗംഭീരനിജസ്വഭാവം
ശോണാചലേ ശ്രീരമണം സമീക്ഷ്യ
പ്രോവാച നാരായണസംയമീന്ദ്രഃ

എന്നൊരു പദ്യം ആരോ രമണാശ്രമത്തിലെ സന്ദർശകഡയറിയിൽ ഈ പഞ്ചകത്തിന്റെ അവസാനം ചേർത്തെഴുതിയിട്ടുണ്ടെന്ന് ഡോ. ടി. ഭാസ്കരൻ രേഖപ്പെടുത്തുന്നു.

ഭുജഃ കിമുപധാനതാം കിമു ന കുംഭിനീ മഞ്ചതാം
വ്രജേത് വൃജിനഹാരിണീ സ്വപദപാതിനീ മേദിനീ
മുനേരപരസമ്പദാ കിമിഹ മുക്തരാഗസ്യ ത-
ത്ത്വമസ്യധിഗമാദയം സകലഭോഗ്യമത്യശ്നുതേ 1

മുനിഃ പ്രവദതാം വരഃ ക്വചന വാഗ്യമീ പണ്ഡിതോ
വിമൂഢ ഇവ പര്യടൻ ക്വചന സംസ്ഥിതോഽപ്യുത്ഥിതഃ
ശരീരമധിഗമ്യ ചഞ്ചലമനേഹസാ ഖണ്ഡിതം
ഭജത്യനിശമാത്മനഃ പദമഖണ്ഡബോധം പരം 2

അയാചിതമലിപ്സയാ നിയതിദത്തമന്നം മുനി-
സ്തനോഃ സ്ഥിതയ അന്വദൻ പഥി ശയാനകോ ƒവ്യാകുലഃ
സദാത്മദൃഗനശ്വരം സ്വപരമാത്മനോരൈക്യതഃ
സ്മരൻ നിരുപമം പദം നിജമുപൈതി സച്ചിത് സുഖം 3

അസത്സദിതി വാദതോ ബഹിരചിന്ത്യമഗ്രാഹ്യമ-
ണ്വഖർവമമലം പരം സ്തിമിതനിമ്നമത്യുന്നതം
പരാങ്മുഖ ഇതസ്തതഃ പരിസമേതി തുര്യം പദം
മുനിസ്സദസതോർദ്വയാദുപരിഗന്തുമഭ്യുദ്യതഃ 4

സ്വവേശ്മനി വനേ തഥാ പുളിനഭൂമിഷു പ്രാന്തരേ
ക്വ വാ വസതു യോഗിനോ വസതി മാനസം ബ്രഹ്മണി
ഇദം മരുമരീചികാസദൃശമാത്മ,ദൃഷ്ട്യാഖിലം
നിരീക്ഷ്യ രമതേ മുനിർ നിരുപമേ പരബ്രഹ്മണി 5

# ദാർശനികകൃതികൾ

# 40. ആത്മോപദേശശതകം

അറിവിലുമേറിയറിഞ്ഞീടുന്നവൻ തന്നു-
രുവിലുമൊത്തു പുറത്തുമുജ്ജ്വലിക്കും
കരുവിനു കണ്ണുകളഞ്ചുമുള്ളടക്കി
ത്തെരുതെരെ വീണുവണങ്ങിയോതിടേണം. 1

കരണവുമിന്ദ്രിയവും കളേബരം തൊ-
ട്ടറിയുമനേകജഗത്തുമോർക്കിലെല്ലാം
പരവെളിതന്നിലുയർന്ന ഭാനുമാൻ തൻ
തിരുവുരുവാണു തിരഞ്ഞു തേറിടേണം. 2

വെളിയിലിരുന്നു വിവർത്തമിങ്ങു കാണും
വെളിമുതലായ വിഭൂതിയഞ്ചുമോർത്താൽ
ജലനിധിതന്നിലുയർന്നിടും തരംഗാ-
വലിയതുപോലെയഭേദമായ് വരേണം. 3

അറിവുമറിഞ്ഞിടുമർത്ഥവും പുമാൻ ത-
ന്നറിവുമൊരാദിമഹസ്സു മാത്രമാകും;
വിരളത വിട്ടു വിളങ്ങുമമ്മഹത്താ-
മറിവിലമർന്നതു മാത്രമായിടേണം. 4

ഉലകരുണർന്നുറങ്ങിയുണർന്നു ചിന്ത ചെയ്യും
പലതുമിതൊക്കെയുമുറ്റു പാർത്തുനിൽക്കും
വിലമതിയാത വിളക്കുദിക്കയും പിൻ-
പൊലികയുമില്ലിതു കണ്ടു പോയിടേണം. 5

ഉണരണമിന്നിയുറങ്ങണം ഭുജിച്ചീ-
ടണമശനം പുണരേണമെന്നിവണ്ണം
അണയുമനേകവികൽപ്പമാകയാലാ-
രുണരുവതുള്ളൊരു നിർവ്വികാരരൂപം? 6

ഉണരുതിന്നിയുറങ്ങിടാതിരുന്നീ-
ടണമറിവായിതിനിന്നയോഗ്യനെന്നാൽ
പ്രണവമുണർന്നു പിറപ്പൊഴിഞ്ഞു വാഴും
മുനിജനസേവയിൽ മൂർത്തി നിർത്തിടേണം. 7

ഒളിമുതലാം പഴമഞ്ചുമുണ്ടു നാറും
നളികയിലേറി നയേന മാറിയാടും
കിളികളെയഞ്ചുമരിഞ്ഞു കീഴ്മറിക്കും
വെളിവുരുവേന്തിയകം വിളങ്ങീടേണം. 8

ഇരുപുറവും വരുമാറവസ്ഥയെപ്പൂ-
ത്തൊരു കൊടിവന്നു പടർന്നുയർന്നു മേവും
തരുവിനടിക്കു തപസ്സുചെയ്തു വാഴും

നരന്ന വരാ നരകം നിനച്ചിടേണം. 9

"ഇരുളിലിരുപ്പവനാര്? ചൊൽക നീ"യെ-
ന്നൊരുവനരപ്പതു കേട്ടു താനുമേവം
അറിവതിനായവനോടു "നീയുമാരെ"-
ന്നരുളുമിതിൻ പ്രതിവാക്യമേകമാകും. 10

'അഹമഹ'മെന്നരുളുന്നതൊക്കെയാരാ-
യുകിലകമേ പലതല്ലതേകമാകും;
അകലുമഹന്തയനേകമാകയാലീ
തുകയിലഹമ്പൊരുളും തുടർന്നിടുന്നു. 11

തൊലിയുമെലുമ്പുമലം ദുരന്തമന്തഃ
കലകളുമേന്തുമഹന്തയൊന്നു കാൺക!
പൊലിയുമിതന്യ പൊലിഞ്ഞുപൂർണ്ണമാകും
വലിയൊരഹന്ത വരാ വരം തരേണം. 12

ത്രിഗുണമയം തിരുനീറണിഞ്ഞൊരീശ-
ന്നകമലരിട്ടു വണങ്ങിയക്ഷമാറി
സകലമഴിഞ്ഞു തണിഞ്ഞു കേവലത്തിൻ
മഹിമയുമറ്റു മഹസ്സിലാണിടേണം. 13

ത്രിഭുവനസീമ കടന്നു തിങ്ങിവിങ്ങും
ത്രിപുടി മുടിഞ്ഞു തെളിഞ്ഞിടുന്ന ദീപം
കപടയതിയ്ക്കു കരസ്ഥമാകുവിലെ-
ന്നും ഉപനിഷദുക്തിരഹസ്യമോർത്തിടേണം. 14

പരയുടെ പാലുനുകർന്ന ഭാഗ്യവാന്മാർ-
ക്കൊരുപതിനായിരമാണ്ടൊരല്പനേരം;
അറിവപരപ്രകൃതിക്കധീനമായാ-
ലരനൊടിയായിരമാണ്ടുപോലെ തോന്നും. 15

അധികവിശാലമരുപ്രദേശമൊന്നായ്-
നദിപെരുകുന്നതുപോലെ വന്ന നാദം
ശ്രുതികളിൽ വീണുതുറക്കുമക്ഷിയെന്നും
യതമിയലും യതിവര്യനായിടേണം. 16

അഴലെഴുമഞ്ചിതളാർന്നു രണ്ടു തട്ടായ്-
ച്ചുഴലുമനാദിവിളക്കു തൂക്കിയാത്മാ
നിഴലുരുവായെരിയുന്നു നെയ്യതോ മുൻ-
പഴകിയ വാസന, വർത്തി വൃത്തിയത്രേ 17

അഹമിരുളല്ലിരുളാകിലന്ധരായ് നാ-
മഹമഹമെന്നറിയാതിരുന്നിടേണം;
അറിവതിനാലഹമന്ധകാരമല്ലെ-

ന്നറിവതിനിങ്ങനെയാർക്കുമോതിടേണം. 18

അടിമുടിയറ്റമതുണ്ടിതുണ്ടതുണ്ടെ-
ന്നടിയിടുമാദിമസത്തയുള്ളതെല്ലാം;
ജഡമിതു സർവ്വമനിത്യമാം; ജലത്തിൻ-
വടിവിനെ വിട്ടു തരംങ്ഗമന്യമാമോ? 19

ഉലകിനു വേറൊരു സത്തയില്ലതുണ്ടെ-
ന്നലകരുരപ്പതു സർവ്വമൂഹഹീനം;
ജളനു വിലേശയമെന്നു തോന്നിയാലും
നലമിയലും മലർമാല നാഗമാമോ? 20

പ്രിയമൊരു ജാതിയിതെൻ പ്രിയം, ത്വദീയ-
പ്രിയമപര പ്രിയമെന്നനേകമായി
പ്രിയവിഷയം പ്രതി വന്നിടും ഭ്രമം; തൻ-
പ്രിയമപരപ്രിയമെന്നറിഞ്ഞിടേണം. 21

പ്രിയമപരന്റെയതെൻപ്രിയം; സ്വകീയ-
പ്രിയമപരപ്രിയമിപ്രകാരമാകും
നയമതിനാലെ നരന്നു നന്മ നൽകും
ക്രിയയപരപ്രിയഹേതുവായ് വരേണം. 22

അപരനുവേണ്ടിയഹർന്നിശം പ്രയത്നം

കൃപണത വിട്ടുകൃപാലു ചെയ്തിടുന്നു;
കൃപണനധോമുഖനായിടുന്നു ചെയ്യു-
ന്നപജയകർമ്മമവന്നു വേണ്ടി മാത്രം. 23

അവനിവനെന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം
അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം. 24

ഒരുവനു നല്ലതുമന്യനല്ലലും ചേർ-
പ്പൊരുതൊഴിലാത്മവിരോധിയോർത്തിടേണം.
പരനു പരം പരിതാപമേകിടുന്നോ-
രെരിനരകാബ്ധിയിൽ വീണെരിഞ്ഞിടുന്നു. 25

അവയവമൊക്കെയമർത്തിയാണിയായ് നി-
ന്നവയവിയാവിയെയാവരിച്ചിടുന്നു;
അവനിവനെന്നതിനാലവൻ നിനയ്ക്കു-
ന്നവശതയാമവിവേകമൊന്നിനാലെ. 26

ഇരുളിലിരുന്നറിയുന്നതാകുമാത്മാ-
വാണറിവതുതാനഥ നാമരൂപമായും
കരണമൊടിന്ദ്രിയകർത്തൃകർമ്മമായും
വരുവതു കാൺക! മഹേന്ദ്രജാലമെല്ലാം. 27

അടിമുടിയറ്റടിതൊട്ടു മൌലിയന്തം
സ്ഫുടമറിയുന്നതു തുര്യബോധമാകും;
ജഡമറിവീലതു ചിന്ത ചെയ്തു ചൊല്ലു-
ന്നിടയിലിരുന്നറിവല്ലറിഞ്ഞിടേണം. 28

മനമലർ കൊയ്തു മഹേശപൂജ ചെയ്യും
മനുജനുമറ്റൊരു വേല ചെയ്തിടേണ്ട;
വനമലർ കൊയ്തുമതല്ലയായ്കില് മായാ-
മനുവുരുവിട്ടുമിരിക്കിൽ മായമാറും. 29

ജഡമറിവീലറിവിന്നു ചിന്തയില്ലോ-
തിടുകയുമില്ലറിവില്ലെന്നറിഞ്ഞു സർവ്വം
വിടുകിലവൻ വിശദാന്തരംഗനായ് മേ-
ലുടലിലമർന്നുഴലുന്നതില്ല നൂനം. 30

അനുഭവമാദിയിലൊന്നിരിക്കിലില്ലാ-
തനുമിതിയില്ലിതു മുന്നമക്ഷിയാലേ
അനുഭവിയാതതുകൊണ്ടു ധർമ്മിയുണ്ടെ-
ന്നനുമിതിയാലറിവീലറിഞ്ഞിടേണം 31

അറിവതു ധർമ്മിയെയല്ല, ധർമ്മമാമീ
യരുളിയ ധർമ്മിയദൃശ്യമാകയാലേ
ധര മുതലായവയൊന്നുമില്ല താങ്ങു-

ന്നൊരു വടിവാമറിവുള്ളതോർത്തിടേണം. 32

അറിവു നിജസ്ഥിതിയിങ്ങറിഞ്ഞിടാനായ്-
ധര മുതലായ വിഭൂതിയായി താനേ
മറിയുമവസ്ഥയിലേറി മാറിവട്ടം-
തിരിയുമലാതസമം തിരിഞ്ഞിടുന്നു. 33

അരനൊടിയാദിയരാളിയാർന്നിടും തേ-
രുരുളതിലേറിയുരുണ്ടിടുന്നു ലോകം;
അറിവിലനാദിയതായ് നടന്നിടും തൻ-
തിരുവിളയാടലിതെന്നറിഞ്ഞിടേണം. 34

ഒരു പതിനായിരമാദിതേയരൊന്നായ്
വരുവതുപോലെ വരും വിവേകവൃത്തി
അറിവിനെ മൂടുമനിത്യമായയാമീ-
യിരുളിനെയീർന്നെഴുമാദിസൂര്യനത്രേ. 35

അറിവിനു ശക്തിയനന്തമുണ്ടിതെല്ലാ-
മറുതിയിടാം സമയന്യയെന്നിവണ്ണം
ഇരുപിരിവായിതിലന്യസാമ്യമാർന്നു-
ള്ളുരുവിലമർന്നു തെളിഞ്ഞുണർന്നിടേണം. 36

വിഷമതയാർന്നെഴുമന്യ വെന്നുകൊൾവാൻ

വിഷമമഖണ്ഡവിവേകശക്തിയെന്ന്യേ;
വിഷമയെ വെന്നതിനാൽ വിവേകമാകും
വിഷയവിരോധിനിയോടണഞ്ഞിടേണം. 37

പലവിധമായറിയുന്നതന്യയൊന്നായ്
വിലസുവതാം സമയെന്നു മേലിലോതും
നിലയെയറിഞ്ഞു നിവർന്നു സാമ്യമേലും
കലയിലലിഞ്ഞു കലർന്നിരുന്നിടേണം 38

അരുളിയ ശക്തികളെത്തുടർന്നു രണ്ടാം
പിരിവിവയിൽ സമതൻവിശേഷമേകം;
വിരതി വരാ വിഷമാവിശേഷമൊന്നി-
ത്തരമിവ രണ്ടു തരത്തിലായിടുന്നു. 39

സമയിലുമന്യയിലും സദാപി വന്നി-
ങ്ങമരുവതുണ്ടതതിൻ വിശേഷശക്തി
അമിതയതാകിലുമാകെ രണ്ടിവറ്റിൻ-
ഭ്രമകലയാലഖിലം പ്രമേയമാകും. 40

‘ഇതു കുട’മെന്നതിലാദ്യമാ ‘മിതെ’ന്നു-
ള്ളതു വിഷമാ ‘കുട’മോ വിശേഷമാകും;
മതി മുതലായ മഹേന്ദ്രജാലമുണ്ടാ-

വതിനിതുതാൻ കരുവെന്നു കണ്ടിടേണം. 41

'ഇദമറി' വെന്നതിലാദ്യമാ 'മിതെ'ന്നു-
ള്ളതു സമ,തന്റെ വിശേഷമാണു ബോധം;
മതി മുതലായവയൊക്കെ മാറി മേൽ സദ്-
ഗതി വരുവാനിതിനെബ്ഭജിച്ചിടേണം. 42

പ്രകൃതി പിടിച്ചു ചുഴറ്റിടും പ്രകാരം
സുകൃതികൾ പോലുമഹോ! ചുഴന്നിടുന്നു!
വികൃതി വിടുന്നതിനായി വേല ചെയ്‌വീ-
ലകൃതി ഫലാഗ്രഹമറ്ററിഞ്ഞിടേണം. 43

പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധ യുക്തി പറഞ്ഞു പാമരന്മാ-
രലവതു കണ്ടലയാതമർന്നിടേണം. 44

ഒരു മതമന്യനു നിന്ദ്യമൊന്നിലോതും
കരുവപരന്റെ കണക്കിനൂനമാകും;
ധരയിലിതിന്റെ രഹസ്യമൊന്നുതാനെ-
ന്നറിവളവും ഭ്രമമെന്നറിഞ്ഞിടേണം. 45

പൊരുതു ജയിപ്പതസാദ്ധ്യമൊന്നിനോടൊ-

ന്നൊരു മതവും പൊരുതലൊടുങ്ങുവീല
പരമതവാദിയിതോർത്തിടാതെ പാഴേ
പൊരുതു പൊലിഞ്ഞിടുമെന്ന ബുദ്ധി വേണം. 46

ഒരു മതമാകുവതിന്നുരപ്പതെല്ലാ-
വരുമിതു വാദികളാരുമോർക്കുവീല;
പരമതവാദമൊഴിഞ്ഞ പണ്ഡിതന്മാ-
രറിയുമിതിന്റെ രഹസ്യമിങ്ങശേഷം. 47

തനുവിലമർന്ന ശരീരി, തന്റെ സത്താ-
തനുവിലതെന്റേതിതെന്റേതെന്നു സർവ്വം
തനുതയൊഴിഞ്ഞു ധരിച്ചിടുന്നു; സാക്ഷാ-
ലനുഭവശാലികളാമിതോർക്കിലാരും. 48

അഖിലരുമാത്മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങു സദാപി ചെയ്തിടുന്നു;
ജഗതിയിലിമ്മതമേകമെന്നു ചിന്തി-
ച്ചഘമണയാതകതാരമർത്തിടേണം. 49

നിലമൊടു നീരതുപോലെ കാറ്റു തീയും
വെളിയുമഹംകൃതി വിദ്യയും മനസ്സും
അലകളുമാഴിയുമെന്നുവേണ്ടയെല്ലാ-
വുലകുമുയർന്നറിവായി മാറിടുന്നു 50

അറിവിലിരുന്നൊരഹന്തയാദ്യമുണ്ടായ്-
വരുമിതിനോടൊരിദന്ത വാമയായും
വരുമിവ രണ്ടുലപങ്ങൾപോലെ മായാ-
മരമഖിലം മറയെപ്പടർന്നിടുന്നു. 51

ധ്വനിമയമായ്ഗ്ഗഗനം ജ്വലിക്കുമന്നാ-
ളണയുമതിങ്കലശേഷദൃശ്യജാലം;
പുനരവിടെ ത്രിപുടിക്കു പൂർത്തി നല്കും
സ്വനവുമടങ്ങുമിടം സ്വയം പ്രകാശം! 52

ഇതിലെഴുമാദിമശക്തിയിങ്ങു കാണു-
ന്നിതു സകലം പെറുമാദിബീജമാകും;
മതിയതിലാക്കി മറന്നിടാതെ മായാ-
മതിയറുവാന് മനനം തുടർന്നിടേണം. 53

ഉണരുമവസ്ഥയുറക്കിലില്ലുറക്കം
പുനരുണരുമ്പോഴുതും സ്ഫുരിക്കുവീല;
അനുദിനമിങ്ങനെ രണ്ടുമാദിമായാ-
വനിതയിൽനിന്നു പുറന്നു മാറിടുന്നു. 54

നെടിയ കിനാവിതു നിദ്രപോലെ നിത്യം
കെടുമിതുപോലെ കിനാവുമിപ്രകാരം
കെടുമതി കാണുകയില്ല,കേവലത്തിൽ

പ്പെട്ടുവതിനാലനിശം ഭ്രമിച്ചിടുന്നു. 55

കടലിലെഴും തിരപോലെ കായമോരോ-
ന്നുടനുടനേറിയുയർന്നമർന്നിടുന്നു;
മുടിവിതിനെങ്ങിതു ഹന്ത! മൂലസംവിത്-
കടലിലജസ്രവുമുള്ള കർമ്മമത്രേ! 56

അലയറുമാഴിയിലുണ്ടനന്തമായാ-
കലയിതു കല്യയനാദികാര്യമാകും
സലിലരസാദി ശരീരമേന്തി നാനാ-
വുലകുരുവായുരുവായി നിന്നിടുന്നു. 57

നവനവമിന്നലെയിന്നു നാളെ മറ്റേ-
ദ്ദിവസമിതിങ്ങനെ ചിന്ത ചെയ്തിടാതെ
അവിരതമെണ്ണിയളന്നിടുന്നതെല്ലാം
ഭ്രമമൊരു ഭേദവുമില്ലറിഞ്ഞിടേണം. 58

അറിവിനെ വിട്ടഥ ജ്ഞാനമില്ലയെന്നെ-
പ്പിരിയുകിലില്ലറിവും, പ്രകാശമാത്രം;
അറിവറിയുന്നവനെന്നു രണ്ടുമോർത്താ-
ലൊരു പൊരുളാമതിലില്ല വാദമേതും. 59

അറിവിനെയും മമതയ്ക്കധീനമാക്കി-

പ്പറയുമിതിൻ പരമാർത്ഥമോർത്തിടാതെ,
പറകിലുമപ്പരതത്ത്വമെന്നപോലീ-
യറിവറിയുന്നവനന്യമാകുവീല. 60

വെളിവിഷയം വിലസുന്ന വേറുവേറാ-
യളവിടുമിന്ദ്രിയമാർന്ന തന്റെ ധർമ്മം
ജളതയതിങ്ങു ദിഗംബരാദി നാമാ-
വലിയൊടുയർന്നറിവായി മാറിടുന്നു. 61

പരവശനായ്പ്പരതത്ത്വമെന്റെതെന്നോർ-
ക്കരുതരുതെന്നു കഥിപ്പതൊന്നിനാലേ
വരുമറിവേതു വരാ കഥിപ്പതാലേ
പരമപദം പരിചിന്ത ചെയ്തിടേണം. 62

അറിവിലിരുന്നപരത്വമാർന്നിടാതീ-
യറിവിനെയിങ്ങറിയുന്നതെന്നിയേ താൻ
പരവശനായറിവീല പണ്ഡിതൻ താന്-
പരമരഹസ്യമിതാരു പാർത്തിടുന്നു! 63

പ്രതിവിഷയം പ്രതിബന്ധമേറി മേവു-
ന്നിതിനെ നിജസ്മൃതിയേ നിരാകരിക്കു;
അതിവിശദസ്മൃതിയാലതീതവിദ്യാ-
നിധി തെളിയുന്നിതിനില്ല നീതിഹാനി. 64

ഒരു കുറി നാമറിയാത്തതൊന്നുമിങ്ങി-
ല്ലരുമറവാലറിവീലുണർന്നിതെല്ലാം
അറിവവരില്ലതിരറ്റതാകയാലീ-
യരുമയെയാരറിയുന്നഹോ വിചിത്രം! 65

ഇര മുതലായവയെന്നുമിപ്രകാരം
വരുമിനിയും;വരവറ്റനില്പതേകം;
അറിവതു നാമതു തന്നെ മറ്റുമെല്ലാ-
വരുമതുതൻ വടിവാർന്നു നിന്നിടുന്നു. 66

ഗണനയിൽനിന്നു കവിഞ്ഞതൊന്നു സാധാ-
രണമിവ രണ്ടുമൊഴിഞ്ഞൊരന്യരൂപം
നിനവിലുമില്ലതു നിദ്രയിങ്കലും മേ-
ലിനനഗരത്തിലുമെങ്ങുമില്ല നൂനം. 67

അരവവടാകൃതിപോലഹന്ത രണ്ടാ-
യറിവിലുമംഗിയാലും കടക്കയാലേ,
ഒരു കുറിയാര്യയിതിങ്ങനാര്യയാകു-
ന്നൊരുകുറിയെന്നുണരേണമൂഹശാലി. 68

ശ്രുതിമുതലാം തുരഗം തൊടുത്തൊരാത്മ-
പ്രതിമയെഴും കരണപ്രവീണനാളും
രതിരഥമേറിയഹന്ത രമ്യരൂപം

പ്രതി പുറമേ പെരുമാറിടുന്നജസ്രം. 69

ഒരു രതിതന്നെയഹന്തയിന്ദ്രിയാന്തഃ
കരണകളേബരമൊന്നിതൊക്കെയായി
വിരിയുമിതിന്നു വിരാമമെങ്ങും, വേറാ-
മറിവവനെന്നറിവോളമോർത്തിടേണം 70

സവനമൊഴിഞ്ഞു സമത്വമാർന്നു നില്പീ-
ലവനിയിലാരുമനാദി ലീലയത്രേ;
അവിരളമാകുമിതാകവേയറിഞ്ഞാ-
ലവനതിരറ്റ സുഖം ഭവിച്ചിടുന്നു. 71

ക്രിയയൊരു കുറിതവിദ്യ; കേവലം ചി-
ന്മയി മറുകുറിതു വിദ്യ; മായയാലേ
നിയതമിതിങ്ങനെ നിൽക്കിലും പിരിഞ്ഞ-
ദ്വയപരഭാവന തുര്യമേകിടുന്നു 72

ഒരു പൊരുളിങ്കലനേകമുണ്ടനേകം
പൊരുളിലൊരർത്ഥവുമെന്ന ബുദ്ധിയാലേ
അറിവിലടങ്ങുമഭേദമായിതെല്ലാ-
വരുമറിവീലതിഗോപനീയമാകും. 73

പൊടിയൊരു ഭൂവിലസംഖ്യമപ്പൊടിക്കൾ-

പ്പെട്ടുമൊരു ഭ്രുവിതിനില്ല ഭിന്നഭാവം;
ജഡമമരുന്നതുപോലെ ചിത്തിലും ചി-
ത്തുടലിലുമിങ്ങിതിനാലിതോർക്കിലേകം 74

പ്രകൃതി ജലം തനു ഫേനമാഴിയാത്മാ-
വഹമഹമെന്നലയുന്നതുർമ്മിജാലം
അകമലരാർന്നറിവൊക്കെ മുത്തുതാൻ താൻ
നകരുവതാമമൃതായതിങ്ങു നൂനം. 75

മണലളവറ്റ ചൊരിഞ്ഞ വാപിയിന്മേ-
ലണിയണിയായല വീശിടുന്ന വണ്ണം
അനൃതപരമ്പര വീശിയന്തരാത്മാ-
വിനെയകമേ ബഹുരൂപമാക്കിടുന്നു. 76

പരമൊരു വിണ്ണു, പരന്ന ശക്തി കാറ്റാ-
മറിവനലൻ, ജല, മക്ഷ, മിന്ദ്രിയാർത്ഥം
ധരണി, യിതിങ്ങനെയഞ്ചു തത്വമായ് നി-
ന്നെരിയുമിതിന്റെ രഹസ്യമേകമാകും. 77

മരണവുമില്ല, പുറപ്പുമില്ല വാഴ്‌വും
നരസുരരാദിയുമില്ല നാമരൂപം,
മരുവിലമർന്ന മരീചിനീരുപോൽ നിൽ-
പൊരു പൊരുളാം പൊരുളല്ലിതോർത്തിടേണം 78

ജനിസമയം സ്ഥിതിയില്ല ജന്മിയന്യ-
ക്ഷണമതിലില്ലിതിരിപ്പതെപ്രകാരം?
ഹനനവുമിങ്ങനെ തന്നെയാകയാലേ
ജനനവുമില്ലിതു ചിത്‌പ്രഭാവമെല്ലാം 79

സ്ഥിതിഗതിപോലെ വിരോധിയായ സൃഷ്ടി-
സ്ഥിതിലയമെങ്ങൊരു ദിക്കിലൊത്തു വാഴും?
ഗതിയിവ മൂന്നിനുമെങ്ങുമില്ലിതോർത്താൽ
ക്ഷിതി മുതലായവ ഗീരു മാത്രമാകും 80

പ്രകൃതി പിരിഞ്ഞൊരു കൂറു ഭോക്തൃരൂപം
സകലവുമായ് വെളിയേ സമുല്ലസിക്കും
ഇഹപരമാമൊരു കൂറിദന്തയാലേ
വികസിതമാമിതു ഭോഗ്യവിശ്വമാകും 81

അരണി കടഞ്ഞെഴുമഗ്നി പോലെയാരാ-
യ്‌വവരിലിരുന്നതിരറ്റെഴും വിവേകം
പരമചിദംബരമാർന്ന ഭാനുവായ് നി-
ന്നെരിയുമതിന്നിരയായിടുന്നു സർവ്വം 82

ഉടയുമിരിക്കുമുദിക്കുമൊന്നു മാറി-
ത്തുടരുമിതിങ്ങുടലിൻ സ്വഭാവമാകും
മുടിയിലിരുന്നറിയുന്നു മൂന്നുമാത്മാ-

വിടരറുമൊന്നിതു നിർവ്വികാരമാകും 83

അറിവതിനാലവനീവികാരമുണ്ടെ-
ന്നരുളുമിതോർക്കിലസത്യമുള്ളതുർവ്വീ;
നിരവധിയായ് നിലയറ്റു നിൽപ്പതെല്ലാ-
മറിവിലെഴും പ്രകൃതിസ്വരൂപമാകും 84

നിഴലൊരു ബിംബമപേക്ഷിയാതെ നില്പീ-
ലെഴുമുലകെങ്ങുമബിംബമാകയാലേ
നിഴലുമതല്ലിതു നേരുമല്ല വിദ്വാ-
നെഴുതിയിടും ഫണിപോലെ കാണുമെല്ലാം. 85

തനു മുതലായതു സർവ്വമൊന്നിലൊന്നി-
ല്ലനൃതവുമായതിനാലെയന്യഭാഗം
അനുദിനമസ്തമിയാതിരിക്കയാലേ
പുനരൃതരൂപവുമായ്പ്പൊലിഞ്ഞിടുന്നു. 86

തനിയെയിതൊക്കെയുമുണ്ടു തമ്മിലോരോ-
രിനമിതരങ്ങളിലില്ലയിപ്രകാരം
തനു, മുതലായതു സത്തുമല്ല, യോർത്താ-
ലനൃതവുമല്ലതവാച്യമായിടുന്നു. 87

സകലവുമുള്ളതുതന്നെ തത്വചിന്താ-

ഗ്രഹനിതു സർവ്വവുമേകമായ് ഗ്രഹിക്കും;
അകമുഖമായറിയായ്കിൽ മായയാം വൻ-
പക പലതും ഭ്രമമേകിടുന്നു പാരം. 88

അറിവിലിരുന്നസദസ്തിയെന്നസംഖ്യം
പൊരിയിളകിബ്ഭുവനം സ്ഫുരിക്കയാലേ
അറിവിനെ വിട്ടൊരു വസ്തുവന്യമില്ലെ-
ന്നറിയണമീയറിവൈകരൂപ്യമേകം. 89

അനൃതമൊരസ്തിതയേ മറയ്ക്കുകില്ലെ-
ന്നനുഭവമുണ്ടു സദസ്തിയെന്നിവണ്ണം
അനുപദമസ്തിതയാലിതാവൃതം സദ്-
ഘനമതിനാലേ കളേബരാദികാര്യം 90

പ്രിയവിഷയം പ്രതിചെയ്തിടും പ്രയത്നം
നിയതവുമങ്ങനെ തന്നെ നിൽക്കയാലേ
പ്രിയമജമവ്യയമപ്രമേയമേകാന്
ദ്വയമിതുതാൻ സുഖമാർന്നു നിന്നിടുന്നു 91

വ്യയമണയാതെ വെളിക്കു വേല ചെയ്യും
നിയമമിരിപ്പതു കൊണ്ടു നിത്യമാകും
പ്രിയമകമേ പിരിയാതെയുണ്ടിതിന്നീ
ക്രിയയൊരു കേവലബാഹ്യലിംഗമാകും 92

ചലമുടലറ്റ തനിക്കു തന്റെയാത്മാ-
വിലുമധികം പ്രിയവസ്തുവില്ലയന്യം;
വിലസിടുമാത്മഗതപ്രിയം വിടാതീ
നിലയിലിരിപ്പതുകൊണ്ടു നിത്യമാത്മാ. 93

ഉലകവുമുള്ളതുമായുലർന്നു നിൽക്കും
നില വലുതായൊരു നീതികേടിതത്രേ
അറുതിയിടാനരുതാതവാങ്മനോഗോ-
ചരമിതിലെങ്ങു ചരിച്ചിടും പ്രമാണം. 94

വിപുലതയാർന്ന വിനോദവിദ്യ മായാ-
വ്യവഹിതയായ് വിലസുന്ന വിശ്വവീര്യം
ഇവളിവളിങ്ങവതീർണ്ണയായിടും, ത-
ന്നവയവമണ്ഡകടാഹകോടിയാകും. 95

അണുവുമഖണ്ഡവുമസ്തി നാസ്തിയെന്നി-
ങ്ങനെ വിലസുന്നിരുഭാഗമായി രണ്ടും;
അണയുമനന്തരമസ്തി നാസ്തിയെന്നീ-
യനുഭവവും നിലയറ്റു നിന്നുപോകും. 96

അണുവറിവിൻ മഹിമാവിലങ്ഗമില്ലാ-
തണയുമഖണ്ഡവുമന്നു പൂർണ്ണമാകും;
അനുഭവിയാതറിവീലഖണ്ഡമാം ചിദ്-

ഘനമിതു മൌനഘനാമൃതാബ്ധിയാകും. 97

ഇതുവരെ നാമൊരു വസ്തുവിങ്ങറിഞ്ഞീ-
ലതിസുഖമെന്നനിശം കഥിക്കയാലേ
മതി മുതലായവ മാറിയാലുമാത്മാ-
സ്വതയറിയാതറിവെന്നു ചൊല്ലിടേണം. 98

അറിവഹമെന്നതുരണ്ടുമേകമാമാ-
വരണമൊഴിഞ്ഞവനന്യനുണ്ടു വാദം,
അറിവിനെ വിട്ടഹമന്യമാകുമെന്നാ-
ലറിവിനെയിങ്ങറിയാനുമാരുമില്ല. 99

അതുമിതുമല്ല സദർത്ഥമല്ലഹം സ-
ച്ചിദമൃതമെന്നു തെളിഞ്ഞു ധീരനായി
സദസദിതി പ്രതിപത്തിയറ്റു സത്തോ-
മിതിമൃദുവായ് മൃദുവായമർന്നിടേണം! 100

# 41. അദ്വൈതദീപിക

പേരായിരം പ്രതിഭയായിരമിങ്ങവറ്റി-
ലാരാലെഴും വിഷയമായിരമാം പ്രപഞ്ചം,
ഓരായ്കിലീ നേരിതു കിനാവുണരുംവരെയ്ക്കും
നേരാ, മുണർന്നളവുണർന്നവനാമശേഷം 1

നേരല്ല ദൃശ്യമിതു, ദൃക്കിനെ നീക്കിനോക്കിൽ
വേറല്ല വിശ്വമറിവാം മരുവിൽ പ്രവാഹം
കാര്യത്തിൽ നില്പതിഹ കാരണസത്തയെന്യേ
വേറല്ല വീചിയിലിരിപ്പതു വാരിയത്രേ 2

വാസസ്സു തന്തുവിതു പഞ്ഞിയിതാദിമൂല-
ഭൂതപ്രഘാതമിതുമോർക്കുകിലിപ്രകാരം
ബോധത്തിൽ നിന്നു വിലസുന്ന മരുസ്ഥലത്തു
പാഥസ്സുപോലെ പരമാവധി ബോധമത്രേ 3

വൃത്തിസ്ഥമാമറിവിൽ വിശ്വവുമില്ലിതിന്റെ
വിത്താമവിദ്യയതുമില്ല വിളക്കു വന്നാൽ
അദ്ദിക്കിലെങ്ങുമിരുളില്ലടനങ്ങു വർത്തി-
വിട്ടാൽ വിളക്കു പൊലിയുന്നിരുളും വരുന്നു. 4

ആരായ്കിലീയുലകമില്ലിതവിദ്യ തത്ത്വ-
മോരാതവർക്കിതുലകായ് വിലസും ഭ്രമത്താൽ
ആരാൽ വിളക്കെരികിലില്ല പിശാചിതന്ധ-
കാരം ഭയന്നവനിരുട്ടു പിശാചു പോലാം 5

ഉണ്ടില്ലയെന്നു മുറമാറിയസത്തുസത്തു
രണ്ടും പ്രതീത, മിതനാദിതമഃസ്വഭാവം
രണ്ടും തിരഞ്ഞിടുകിലില്ലയസത്തും രജ്ജു-
ഖണ്ഡത്തിലില്ലുരഗ, മുള്ളതു രജ്ജു മാത്രം 6

അസ്ത്യസ്തിയെന്നു സകലോപരി നിൽപതൊന്നേ
സത്യം സമസ്തവുമനിത്യമസത്യമാകും,
മൃത്തിൻ വികാരമതസത്യമിതിങ്കലൊക്കെ
വർത്തിപ്പതോർക്കിലൊരു മൃത്തിതു സത്യമത്രേ 7

അജ്ഞാനവേളയിലുമസ്തി വിഭാതി രണ്ടു-
മജ്ഞാതമല്ല, സുഖവും, വിലസുന്നു മൂന്നും;
രജ്ജുസ്വരൂപമഹിയോടുമിദന്തയാർന്നു
നിൽക്കുന്നതിന്നിഹ നിദർശനമാമിതോർത്താൽ 8

വിശ്വം വിവേകദശയിങ്കലഴിഞ്ഞു സർവ്വ-
മസ്വസ്ഥമാകിലുമതിന്ദ്രിയദൃശ്യമാകും
ദിക്കിൻ ഭ്രമം വിടുകിലും ചിരമിങ്ങിവന്റെ

ദ്ദക്കിന്നു ദിക്കു പുനരങ്ങനെതന്നെ കാണാം 9

സത്യത്തിലില്ലയുലകം സകലം വിവേക-
വിദ്ധ്വസ്തമായ പിറകും വിലസുന്നു മുമ്പോൽ
നിസ്തർക്കമായ മരുവിലില്ലിഹ നീരമെന്നു
സിദ്ധിക്കിലും വിലസിടുന്നിതു മുൻപ്രകാരം 10

ജ്ഞാനിക്കു സത്തുലകു ചിത്തു സുഖസ്വരൂപ-
മാനന്ദമല്ലനൃതമജ്ഞനിതപ്രകാശം
കാണുന്നവന്നു സുഖമസ്ഥിതയാർന്ന ഭാനു-
മാനർക്കനന്ധനിരുളാർന്നൊരു ശൂന്യവസ്തു 11

വിത്തൊന്നുതാൻ വിവിധമായ് വിലസുന്നിതിങ്ക-
ലർത്ഥാന്തരം ചെറുതുമില്ല വിശേഷമായി
രജ്ജുസ്വരൂപമറിയാതിരുളാൽ വിവർത്ത-
സർപ്പം നിനയ്ക്കിലിതു രജ്ജുവിൽനിന്നു വേറോ? 12

ഓരോന്നതായവയവം മുഴവന് പിരിച്ചു
വേറാക്കിയാലുലകമില്ല, വിചിത്രമത്രേ!
വേറാകുമീയവയവങ്ങളുമേവമങ്ങോ-
ട്ടൂരായ്കിലില്ലഖിലവും നിജബോധമാത്രം 13

നൂലാടതന്നിലുദകം നുരതന്നിലേവം

ഹാ ലോകമാകെ മറയുന്നൊരവിദ്യയാലേ
ആലോചനാവിഷയമായിതു തന്റെ കാര്യ-
ജാലത്തൊടും മറകിലുണ്ടറിവൊന്നുമാത്രം 14

ആനന്ദമസ്തിയതു ഭാതിയതൊന്നു തന്നെ
താനന്യമോർക്കിലതു നാസ്തി ന ഭാതി സർവ്വം
കാനൽജലം ഗഗനനീലമസത്യമഭ്ര-
സൂനം നിനയ്ക്കിൽ ഗഗനം പരമാർത്ഥമാകും 15

ആത്മാവിലില്ലയൊരഹംകൃതി യോഗിപോലെ
താൻ മായയാൽ വിവിധമായ് വിഹരിച്ചിടുന്നു;
യോഗസ്ഥനായ് നിലയിൽ നിന്നിളകാതെ കായ-
വ്യൂഹം ധരിച്ചു വിഹരിച്ചിടുമിങ്ങു യോഗി 16

അജ്ഞാനസംശയവിപര്യയമാത്മതത്ത്വ-
ജിജ്ഞാസുവിന്നു, ദൃഢബോധനിതില്ല തെല്ലും
സർപ്പപ്രതീതി ഫണിയോ കയറോയിതെന്ന
തർക്കം ഭ്രമം, കയറു കാൺകിലിതില്ല തെല്ലും 17

മുന്നേ കടന്നു വിഷയംപ്രതി വൃത്തി മുന്നിൽ
നിന്നീടുമാവരണമാം തിര നീക്കിടുന്നു;
പിന്നീടു കാണുമറിവും പ്രഭതന്റെ പിൻപോയ്
കണ്ണെന്നപോലറിവു കാണുകില്ല താനേ 18

കാണുന്ന കണ്ണിഹ തുറക്കി,ലടയ്ക്കിലന്ധൻ -
താനുള്ളിൽ മേവുമറിവിങ്ങു വരായ്കയാലേ;
ജ്ഞാനം പുറത്തു തനിയേ വരികില്ല കണ്ണ-
വേണം, വരുന്നതിനു, കണ്ണിനു കാന്തി പോലെ. 19

# 42. അറിവ്

അറിയപ്പെട്ടുമിതു വേറ-
ല്ലറിവായീടും തിരഞ്ഞിടും നേരം
അറിവിതിലൊന്നായതു കൊ-
ണ്ടറിവില്ലാതെങ്ങുമില്ല വേറൊന്നും. 1

അറിവില്ലെന്നാലില്ലീ-
യറിയപ്പെടുന്നതുണ്ടിതെന്നാലും,
അറിവൊന്നില്ലെന്നാലീ-
യറിവേതറിവി,ന്നതില്ലറിഞ്ഞീടാം 2

അറിവിന്നളവില്ലാതേ-
തറിയാമറിവായതും വിളങ്ങുന്നു;
അറിവിലെഴുന്ന കിനാവി-
ങ്ങറിവായീടുന്നവണ്ണമങ്ങെല്ലാം. 3

അറിവിനു നിറവുണ്ടെന്നാ-
ലറിവല്ലാതുള്ളതെങ്ങിരുന്നിടും?
അറിവേതെന്നിങ്ങതു പോ-
യറിയുന്നങ്ങെന്നിതെങ്ങിരുന്നീടും? 4

അറിവിലിരുന്ന കെടുന്നീ-
ലറിവാമെന്നാലിതെങ്ങിറങ്ങീടും?
അറിവിനെയറിയുന്നീലി-
ങ്ങറിയും നേരത്തു രണ്ടുമൊന്നായി. 5

അറിയും മുമ്പേതെന്നാ-
ലറിവില്ലതൊന്നുമിങ്ങിരിപ്പീല
അറിവറ്റതിനേതതിരു-
ണ്ടറിവെന്നാലൊന്നുമിങ്ങു കാൺമീല. 6

അറിയുന്നുണ്ടില്ലെന്നി-
ങ്ങറിയുന്നീലേതിലേതെഴുന്നീടും?
അറിയപ്പെട്ടുമെങ്കിലുമ-
ല്ലറിവല്ലെന്നിങ്ങു നമ്മെ നോക്കീടില് 7

അറിവെന്നന്നേയിതുമു-
ണ്ടറിവുണ്ടെന്നലിതെങ്ങു നിന്നീടും
അറിവൊന്നെണ്ണം വേറി-
ല്ലറിവല്ലാതെങ്കിലെന്തിരിക്കുന്നു? 8

അറിവിന്നിടമൊന്നുണ്ടി-
ല്ലറിയപ്പെട്ടുമെന്നതിന്നു വേറായി,
അറിവെന്നാലങ്ങേതീ-

യറിയപ്പെട്ടുമെന്നതേറുമെണ്ണീടിൽ ? 9

അറിയുന്നീലന്നൊന്നീ-
യറിയപ്പെട്ടുമെന്നതുണ്ടു പോയീട്ടും;
അറിവിലിതേതെന്നറിയുന്നീ-
ലറിവെന്നലെങ്ങുനിന്നു വന്നീടും? 10

അറിവിന്നറിവായ് നിന്നേ-
തറിയിക്കുന്നിങ്ങു നാമതായീടും;
അറിവേതിനമെങ്ങനെയീ-
യറിയപ്പെട്ടുമെന്നതേതിതോതീടിൽ ? 11

അറിവെന്നതു നീയതു നി-
ന്നറിവിട്ടറിയപ്പെട്ടുന്നതെന്നായി,
അറിയപ്പെട്ടുമിതു രണ്ടാ-
ന്നറിയുന്നുണ്ടെന്നുമൊന്നതില്ലെന്നും. 12

അറിവുമതിൻവണ്ണം ചെ-
ന്നറിയുന്നവനിൽ പകർന്നു പിന്നീട്ടും
അറിയപ്പെട്ടുമിതിലൊന്നീ-
യറിവിൻ പൊരി വീണു ചീന്തിയഞ്ചായി. 13

അറിയുന്നവനെന്നറിയാ-

മറിവെന്നറിയുന്നവന്നുമെന്നാകിൽ
അറിവൊന്നറിയുന്നവനോ-
യറിയുന്നതിലാറിതെട്ടുമായീടും. 14

അറിയപ്പെട്ടുമിതിനൊത്തീ-
യറിവേഴൊന്നിങ്ങു താനുമെട്ടായി
അറിവിങ്ങനെ വെവ്വേറാ-
യറിയപ്പെട്ടു,മെന്നതും വിടുർത്തീടിൽ 15

# 43. ദൈവദശകം

ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളേ;
നാവികൻ നീ ഭവാബ്ധിക്കോ-
രാവിവൻതോണി നിൻപദം. 1

ഒന്നൊന്നായെണ്ണിയെണ്ണി ത്തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം. 2

അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ. 3

ആഴിയും തിരയും കാറ്റും-
ആഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം. 4

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ,സൃഷ്ടി-
യ്ക്കുള്ള സാമഗ്രിയായതും 5

നീയല്ലോ മായയും മായാ-
വിയും മായാവിനോദനും
നീയല്ലോ മായയെനീക്കി -
സ്സായൂജ്യം നൽകുമാര്യനും. 6

നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ. 7

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻ പദം
പുകഴ്ത്തുന്നൂ ഞങ്ങളങ്ങു
ഭഗവാനേ, ജയിയ്ക്കുക. 8

ജയിയ്ക്കുക മഹാദേവ,
ദീനാവനപരായണാ,
ജയിയ്ക്കുക ചിദാനന്ദ,

ദയാസിന്ധോ ജയിയ്ക്കുക. 9

ആഴമേറും നിന് മഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം. 10

# 44. ദർശനമാല

## 1. അദ്ധ്യാരോപദർശനം

ആസീദഗ്രേഽസദേവേദം
ഭുവനം സ്വപ്നവത്പുനഃ
സസർജ സർവ്വം സങ്കല്പ-
മാത്രേണ പരമേശ്വരഃ 1

വാസനാമയമേവാദാ-
വാസീദിദമഥ പ്രഭുഃ
അസൃജൻ മായയാ സ്വസ്യ
മായാവീവാഖിലം ജഗത് 2

പ്രാഗുത്പത്തേരിദം സ്വസ്മിൻ
വിലീനമഥ വൈ സ്വതഃ
ബീജാദങ്കുരവദ് സ്വസ്യ
ശക്തിരേവസൃജത്സ്വയം 3

ശക്തിസ്തു ദ്വിവിധാ ജ്ഞേയാ
തൈജസീ താമസീതി ച
സഹവാസോഽനയോർ നാസ്തി

തേജസ്തിമിരയോരിവ 4

മനോമാത്രമിദം ചിത്ര-
മിവാഗ്രേ സർവ്വമീദൃശം
പ്രാപയാമാസ വൈചിത്ര്യം
ഭഗവാംശ്ചിത്രകാരവത് 5

ആസീദ് പ്രകൃതിരേവേദം
യഥാƒദൗ യോഗവൈഭവഃ
വ്യതനോദഥ യോഗീവ
സിദ്ധിജാലം ജഗത്പതിഃ 6

യദാത്മവിദ്യാസങ്കോച-
സ്തദാവിദ്യാ ഭയങ്കരം
നാദരൂപാത്മനാƒത്യർഥം
വിഭാതീഹ പിശാചവത് 7

ഭയങ്കരമിദം ശൂന്യം
വേതാളനഗരം യഥാ
തഥൈവ വിശ്വമഖിലം
വ്യകരോദദ്ഭുതം വിഭുഃ 8

അർക്കദ്യഥാക്രമം വിശ്വം
തഥാ നൈവേദമാത്മനഃ
സുപ്തേരിവ പ്രാദുരാസീ-
ദ്യുഗപത്സ്വസ്യ വീക്ഷയാ 9

ധാനാദിവ വടോ യസ്മാത്
പ്രാദുരാസീദിദം ജഗത്
സ ബ്രഹ്മാ സ ശിവോ വിഷ്ണുഃ
സ പരഃ സർവ്വ ഏവ സഃ 10

## 2.അപവാദദർശനം

ചൈതന്യാദാഗതം സ്ഥൂല-
സൂക്ഷ്മാത്മകമിദം ജഗത്
അസ്തി ചേത്സദ്ഘനം സർവ്വം
നാസ്തി ചേദസ്തി ചിദ്ഘനം 1

അന്യന്ന കാരണാത്കാര്യ-
ദസദേതദതോഽഖിലം
അസതഃ കഥമുത്പത്തി-
രനുത്പന്നസ്യ കോ ലയഃ 2

യസ്യോത്പത്തിർലയോ നാസ്തി
തത്പരം ബ്രഹ്മ നേതരത്
ഉത്പത്തിശ്ച ലയോഽസ്തീതി
ഭ്രമത്യാത്മനി മായയാ 3

കാരണാവ്യതിരിക്തത്വാത്
കാര്യസ്യ കഥമസ്മിതാ?
ഭവത്യതഃ കാരണസ്യ
കഥമസ്തി ച നാസ്തിതാ 4

കാര്യത്വാദസതോഽസ്യാസ്തി
കാരണം ന ഹ്യതോ ജഗത്
ബ്രഹ്മൈവ തർഹി സദസ-
ദിതി മുഹ്യതി മന്ദധീഃ 5

ഏകസ്യൈവാസ്തി സത്താ ചേ-
ദന്യസ്യാസൗ ക്വ വിദ്യതേ?
സത്യസ്ത്യാത്മാശ്രയോ യദ്യ-
പ്യസതി സ്യാദസംഭവഃ 6

വിഭജ്യാവയവം സർവ്വ-
മേകൈകം തത്ര ദൃശ്യതേ
ചിന്മാത്രമഖിലം നാന്യ-
ദിതി മായാവിദൂരഗം 7

ചിദേവ നാന്യദാഭാതി
ചിതഃ പരമതോ ന ഹി
യച്ച നാഭാതി തദസ-
ദ്യദസത്തന്ന ഭാതി ച 8

ആനന്ദ ഏവാസ്തി ഭാതി
നാന്യഃ കശ്ചിദതോƒഖിലം
ആനന്ദഘനമനന്യന്ന
വിനാƒƒനന്ദേന വിദ്യതേ 9

സർവ്വം ഹി സച്ചിദാനന്ദം
നേഹ നാനാƒസ്തി കിഞ്ചന
യഃ പശ്യതീഹ നാനേവ
മൃത്യോർമൃത്യും സ ഗച്ഛതി 10

## 3. അസത്യദർശനം

മനോമയമിദം സർവ്വം
ന മനഃ ക്വാപി വിദ്യതേ
അതോ വ്യോമ്നീവ നീലാദി
ദൃശ്യതേ ജഗദാത്മനി 1

മനസോഽനന്യയാ സർവ്വം
കല്പിതേഽവിദ്യയാ ജഗത്
വിദ്യയാഽസൗ ലയം യാതി
തദാലേഖ്യമിവാഖിലം 2

വിജൃംഭതേ യത്തമസോ
ഭീരോരിവ പിശാചവത്
തദിദം ജാഗ്രതി സ്വപ്ന-
ലോകവദ് ദൃശ്യതേ ബുധൈഃ 3

സങ്കല്പകല്പിതം ദൃശ്യം
സങ്കല്പോ യത്ര വിദ്യതേ
ദൃശ്യം തത്ര ച നാന്യത്ര
കുത്രചിദ്രജ്ജുസർപ്പവത് 4

സങ്കല്പമനസോ കശ്ചി-
ന്നഹി ഭേദോഽസ്തി യൻമനഃ
തദവിദ്യാതമഃ പ്രഖ്യ-
മിന്ദ്രജാലമിവാദ്ഭുതം 5

മരീചികാവത് പ്രാജ്ഞസ്യ
ജഗദാത്മനി ഭാസതേ
ബാലസ്യ സത്യമിതി ച
പ്രതിബിംബമിവ ഭ്രമാത് 6

ആത്മാ ന ക്ഷീരവദ്യാതി
രൂപാന്തരമതോഽഖിലം;
വിവർത്തമിന്ദ്രജാലേന
വിദ്യതേ നിർമ്മിതം യഥാ 7

മായൈവ ജഗതാമാദി-
കാരണം നിർമ്മിതം തയാ
സർവ്വം ഹി മായിനോ നാന്യ-
ദസത്യം സിദ്ധിജാലവത് 8

വിഭാതി വിശ്വം വൃദ്ധസ്യ
വിയദ്വനമിവാത്മനി
അസത്യം പുത്രികാരൂപം
ബാലസ്യേവ വിപര്യയഃ 9

ഏകം സത്യം ന ദ്വിതീയം
ഹ്യസത്യം ഭാതി സത്യവത്
ശിലൈവ ശിവലിംഗം ന
ദ്വിതീയം ശില്പിനാ കൃതം 10

## 4. മായാദർശനം

ന വിദ്യതേ യാ സാ മായാ
വിദ്യാƒവിദ്യാ പരാƒപരാ
തമഃ പ്രധാനം പ്രകൃതിര് -
ബഹുധാ സൈവ ഭാസതേ 1

പ്രാഗുത്പത്തേർയഥാ ഭാവോ
മൃദേവ ബ്രഹ്മണഃ പൃഥക്
ന വിദ്യതേ ബ്രഹ്മ ഹി യാ
സാ മായാƒമേയവൈഭവാ 2

അനാത്മാ ന സദാത്മാ സ-
ദിതി വിദ്യോതതേ യയാ
സാ വിദ്യേയം യഥാ രജ്ജു-
സർപ്പതത്ത്വാവധാരണം 3

ആത്മാ ന സദനാത്മാ സ-
ദിതി വിദ്യോതതെ യയാ
സൈവാവിദ്യാ യഥാ രജ്ജു-
സർപ്പയോരയഥാർത്ഥദൃക് 4

ഇന്ദ്രിയാണി മനോബുദ്ധീ
പഞ്ചപ്രാണാദയോ യയാ
വിസൃജ്യന്തേ സൈവ പരാ
സൂക്ഷ്മാംഗാനി ചിദാത്മനഃ 5

അംഗാനേതാനവഷ്ടഭ്യ
സുഖീ ദുഃഖീവ മുഹ്യതി
ചിദാത്മാ മായയാ സ്വസ്യ
തത്ത്വതോഽസ്തി ന കിഞ്ചന 6

ഇന്ദ്രിയാണാം ഹി വിഷയഃ
പ്രപഞ്ചോƒയം വിസൃജ്യതേ
യയാ സൈവാƒപരാƒദ്ധ്യാത്മ-
സ്ഥൂലസങ്കല്പനാമയീ 7

ശുക്തികായാം യഥാ ജ്ഞാനം
രജതസ്യ യദാത്മനി
കല്പിതസ്യ നിദാനം ത-
ത്തമ ഇത്യവഗമ്യതേ 8

ധീയതേƒസ്മിൻ പ്രകർഷേണ
ബീജേ വൃക്ഷ ഇവാഖിലം
അതഃ പ്രാധാന്യതോ വാƒസ്യ
പ്രധാനമിതി കഥ്യതേ 9

കരോതീതി പ്രകർഷേണ
പ്രകൃത്യൈവ ഗുണാൻ പൃഥക്
നിഗദ്യതേƒസൗ പ്രകൃതി-
രിതീഹ ത്രിഗുണാത്മികാ 10

## 5. ഭാനദർശനം

അന്തർബഹിർവദാസീനം
സദാ ഭ്രമരചഞ്ചലം
ഭാനം ദ്വിധൈവ സാമാന്യം
വിശേഷ ഇതി ഭിദ്യതേ 1

സ്ഥൂലം സൂക്ഷ്മം കാരണം ച
തുര്യം ചേതി ചതുർവിധം
ഭാനാശ്രയം ഹി തന്നാമ
ഭാനസ്യാപ്യുപചര്യതേ 2

ദൃശ്യതാമിഹ കായോƒഹം
ഘടോƒയമിതി ദൃശ്യതേ
സ്ഥൂലമാശ്രിത്യ യദ്ഭാനം
സ്ഥൂലം തദിതി മന്യതേ 3

അത്ര കായോ ഘട ഇതി
ഭാനം യത്തദ്വിശിഷ്യതേ
തഥാƒഹമയമിതി യത്
സാമാന്യമിതി ച സ്മൃതം 4

ഇന്ദ്രിയാണി മനോ ബുദ്ധീ
വിഷയാഃ പഞ്ചാവയവഃ
ഭാസ്യന്തേ യേന തത്സൂക്ഷ്മ-
മസ്യ സൂക്ഷ്മാശ്രയത്വതഃ 5

അജ്ഞോƒഹമിതി യദ്ഭാനം
തത്കാരണമുദാഹൃതം
അത്രാഹമിതി സാമാന്യം
വിശേഷോƒജ്ഞ ഇതി സ്മരത് 6

അഹം ബ്രഹ്മേതി യദ്ഭാനം
തത്തുര്യമിതി ശംസ്യതേ
സാമാന്യമഹമിത്യംശോ
ബ്രഹ്മേത്യത്ര വിശിഷ്യതേ 7

യത്ര ഭാനം തത്ര ഭാസ്യം
ഭാനം യത്ര ന തത്ര ന
ഭാസ്യമിത്യന്വയേനാപി
വ്യതിരേകേണ ബോധ്യതേ 8

യഥാ ദൃഗ്ദൃശമാത്മാനം
സ്വയമാത്മാ ന പശ്യതി
അതോ ന ഭാസ്യതേ ഹ്യാത്മാ
യം പശ്യതി സ ഭാസ്യതേ 9

യദ്ഭാസ്യതേ തദധ്യസ്ത-
മനധ്യസ്തം ന ഭാസ്യതേ
യദധ്യസ്തം തദസദ-
പ്യനധ്യസ്തം സദേവ തത് 10

## 6. കർമ്മദർശനം

ആത്മൈവ മായയാ കർമ്മ
കരോതി ബഹുരൂപധൃക്
അസംഗഃ സ്വപ്രകാശോƒപി
നിദ്രായാമിവ തൈജസഃ 1

മന്യേ വദാമി ഗൃഹ്ണാമി
ശൃണോമീത്യാദി രൂപതഃ
ക്രിയതേ കർമ്മ പരമാ-
ത്മനാ ചിത്തേന്ദ്രിയാത്മനാ 2

ആത്മൈവ കർമ്മണഃ പൂർവ്വ-
മന്യത് കിഞ്ചിന്ന വിദ്യതേ
തതഃ സ്വേനൈവ കർമ്മാണി
ക്രിയന്തേ നിജമായയാ 3

ശക്തിരസ്ത്യാത്മനഃ കാചി-
ദ്ദുർഘടാ ന പൃഥക് സ്വതഃ
തയൈവാരോപ്യതേ കർമ്മ
നിഖിലം നിഷ്ക്രിയാത്മനി 4

സർവ്വോ ̵സംഗ ഏവാത്മാ-
̵ജ്ഞതയാ കർമ്മ സംഗിവത്
കരോതി ന കരോമീതി
ന ജ്ഞഃ കർമ്മസ്യ സജ്ജതേ 5

ജ്വലതി ജ്വലനോ വായുർ-
വാതി വർഷതി വാരിദഃ
ധരാത്മാ സൻ ധരതി ഖ-
ല്വേകോ വഹതി വാഹിനീ 6

ഊർദ്ധ്വം പ്രാണോ ഹ്യധോƒപാനഃ
ഖല്വോകോ യാതി നിഷ്ക്രിയഃ
നാഡ്യന്തരാളേ ധമതി
ക്രന്ദതി സ്പന്ദതി സ്ഥിതഃ 7

അസ്തിജന്മർദ്ധിപരിണ-
ത്യപക്ഷയവിനാശനം
ഷഡ്ഭാവമിഹ യോ യാതി
സ നാന്യോƒവിക്രിയാത്മനഃ 8

സ്വയം ക്രിയന്തേ കർമ്മാണി
കരണൈരിന്ദ്രിയൈരപി
അഹം ത്വസംഗഃ കൂടസ്ഥ
ഇതി ജാനാതി കോവിദഃ 9

ദൃശ്യത്വാദ് ഭാസ്യമഹമ-
പ്യതോƒഹം ശുക്തിരംഗവത്
അധ്യസ്തമേക ഏവാദ്യ
ശ്വോƒപി സർവ്വോപരി സ്ഥിതഃ 10

## 7.ജ്ഞാനദർശനം

ജ്ഞാനമേകം ഹി നിരുപാ-
ധികം സോപധികം ച തത്
അഹങ്കാരാദിഹീനം യജ്-
ജ്ഞാനം തന്നിരുപാധികം 1

അഹന്തയാന്തർബഹിര -
സ്തി യദേവമിദന്തയാ
ഭാനവൃത്ത്യാനിയതം യത്തു
ജ്ഞാനം സോപാധികം മതം 2

അനാത്മനാമഹങ്കാരാ-
ദീനാം യേനാനുഭൂയതേ
സാക്ഷീ തദാത്മജ്ഞാനം സ്യാ-
ദ്യേനൈവാമൃതമശ്നുതേ 3

അഹങ്കാരാദി കാര്യം യ-
ദനാത്മകമസംഖ്യകം
യേനാവഗമ്യതേ ƒനാത്മ-
ജ്ഞാനം തദവധാര്യതേ 4

യഥാവദ്വസ്തുവിജ്ഞാനം
രജ്ജുതത്ത്വാവബോധവത്
യത്തദ്യഥാർഥവിജ്ഞാന-
മയഥാർത്ഥമതോഽന്യഥാ 5

യത്സാന്നിദ്ധ്യാദേവ സർവ്വം
ഭാസതേ സ്വയമേവ തത്
പ്രത്യക്ഷജ്ഞാനമിതി ചാ-
പരോക്ഷമിതി ലക്ഷ്യതേ 6

യയാനുഽസാധകം സാധ്യം
മീയതേ ജ്ഞാനരൂപയാ
വൃത്ത്യാ സാഽനമിതി സാഹ-
ചര്യസംസ്കാരജന്യയാ 7

ഗത്വാ സമീപം മേയസ്യ
മീയതേ ശ്രുതലക്ഷണഃ
യയാ സംവിത് സോപമിതിർ-
മൃഗോഽയമിതി രൂപയാ 8

അഹം മമേതി ജ്ഞാനം യ-
ദിദം തദിതി യച്ച തത്
ജീവജ്ഞാനം തദപര-
മിന്ദ്രിയജ്ഞാനമിഷ്യതേ 9

ഓം തത് സദിതി നിർദ്ദിഷ്ടം
ബ്രഹ്മാത്മൈക്യമുപാഗതം
കല്പനാദിവിഹീനം യ-
ത്തദ് പരജ്ഞാനമീര്യതേ 10

## 8. ഭക്തിദർശനം

ഭക്തിരാത്മാനുസന്ധാന-
മാത്മാ ƒƒനന്ദഘനോ യതഃ
ആത്മാനമനുസന്ധത്തേ
സദൈവാത്മവിദാത്മനാ 1

അനുസന്ധീയതേ ബ്രഹ്മ
ബ്രഹ്മാനന്ദഘനം യതഃ
സദാ ബ്രഹ്മാനുസന്ധാനം
ഭക്തിരിത്യഭിധീയതേ 2

ആദന്ദമേവ ധ്യായന്തി
സർവ്വേ ദുഃഖം ന കശ്ചന
യദാനന്ദപരം ധ്യാനം
ഭക്തിരിത്യുപദിശ്യതേ 3

ആത്മൈവ ബ്രഹ്മ ഭജതി
നാന്യമാത്മാനമാത്മവിത്
ഭജതീതി യദാത്മാനം
ഭക്തിരിത്യഭിധീയതേ 4

ആനന്ദ ആത്മാ ബ്രഹ്മേതി
നാമൈതസ്യൈവ തന്യതേ
ഇതി നിശ്ചിതധീർ യസ്യ
സ ഭക്ത ഇതി വിശ്രുതഃ 5

ആനന്ദോഹമഹം ബ്രഹ്മാ-
ത്മാƒഹമസ്മീതി രൂപതഃ
ഭാവനാ സതതം യസ്യ
സ ഭക്ത ഇതി വിശ്രുതഃ 6

ഭാര്യാ ഭജതി ഭർത്താരം
ഭർത്താ ഭാര്യാം ന കേവലം
സ്വാനന്ദമേവ ഭജതി
സർവ്വോƒപി വിഷയസ്ഥിതം 7

ഏവം പശ്യതി കുത്രാപി
വിദ്വാനാത്മസുഖം വിനാ
ന കിഞ്ചിദപരം തസ്യ
ഭക്തിരേവ ഗരീയസീ 8

ലോകസ്യ പിതരി സ്വസ്യ
ഗുരൗ പിതരി മാതരി
സത്യസ്യ സ്ഥാപിതരി ച
തത്പഥേനൈവ യാതരി 9

നിയന്തരി നിഷിദ്ധസ്യ
സർവ്വേഷാം ഹിതകർത്തരി
യോƒനുരാഗോ ഭക്തിരത്ര
സാ പരാ പരമാത്മനി 10

## 9. യോഗദർശനം

സതതം യോജയതി യ-
ദ്യുനക്തി ച ചിദാത്മനി
മനോനിരോധരൂപോഽയം
സ യോഗ ഇതി ശംസിതഃ 1

ന ദ്രഷ്ടാ ദർശനം ദൃശ്യം
വിദ്യതേ യത്ര തത്ര ഹൃത്
യോജയദ്വാസനാ യാവ-
ദ്യോഗോഽയമിതി യോഗവിത് 2

നാമരൂപമിദം സർവ്വം
ബ്രഹ്മൈവേതി വിലീയതേ
യദ്ബ്രഹ്മണി മനോ നിത്യം
സ യോഗ ഇതി നിശ്ചിതഃ 3

ചിത്തസ്യ തൈലധാരാവ-
ദ്വൃത്ത്യാഽഽവിച്ഛിന്നയാഽഽത്മനി
നിരന്തരം രമ്യതേ യത്
സ യോഗോ യോഗിഭിഃ സ്മൃതഃ 4

യതോ യതോ മനോ യാതി
സദാƒƒത്മനി തതസ്തതഃ
നിയമ്യ യോജയേദേത-
ദ്യോഗോƒയം യുജ്യതാമിഹ 5

സർവ്വാനർഥകരഃ പുംസാം
സങ്കല്പഃ കല്പിതൈഃ സഹ
ഉൻമൂല്യ വാസനാജാലൈർ-
യേനാത്മനി നിരുധ്യതേ 6

ദൃശ്യസ്യ ന ദൃശോƒസ്തിത്വ-
മതോ ദൃശ്യം ദൃഗാത്മകം
ഇതി യുഞ്ജീത ദൃഗ്രൂപേ
യഃ സ യോഗവിദാം വരഃ 7

യദാ പിബൻ മനോഭൃംഗഃ
സ്വാനന്ദമധുമാധുരീം
ന സ്പന്ദതി വശീകൃത്യ
യോജിതോ യോഗവായുനാ 8

ധ്യാനമന്തർഭ്രുവോർദൃഷ്ടിർ -
ജിഹ്വാഗ്രം ലംബികോർദ്ധ്വതഃ
യദാ സ്യാത് ഖേചരീമുദ്രാ
നിദ്രാലസ്യാദിനാശിനീ 9

ജ്ഞാനം കർമ്മേതി ലോകേ$f$സ്മിൻ
ദ്വിധാ യോഗഃ സമാസതഃ
അനയോർയോഗവിസ്താരഃ
സർവ്വഃ പരിസമാപ്യതേ
10

## 10. നിർവ്വാണദർശനം

നിർവ്വാണം ദ്വിവിധം ശുദ്ധ-
മശുദ്ധം ചേതി തത്ര യത്
ശുദ്ധം നിർവ്വാസനം തദ്വ-
ദശുദ്ധം വാസനാന്വിതം 1

അതിശുദ്ധം ശുദ്ധമിതി
ശുദ്ധം ച ദ്വിവിധം തഥാ
അശുദ്ധശുദ്ധം ചാശുദ്ധ-
മശുദ്ധാശുദ്ധമുച്യതേ 2

അതിശുദ്ധം ത്രിധാ പശ്ചാ-
ദ്വരേ ചൈകം വരീയസി
ഏമകേകം വരിഷ്ഠേƒഥ
ശുദ്ധം ബഹ്മവിദി സ്ഥിതം 3

അശുദ്ധശുദ്ധം വിരജ-
സ്തമോƒന്യത് സരജസ്തമഃ
മുമുക്ഷൗ പ്രഥമം വിദ്യാദ്
ദ്വിതീയം സിദ്ധികാമിഷു 4

ദഗ്ധ്വാ ജ്ഞാനാഗ്നിനാ സർവ്വ-
മുദ്ദിശ്യ ജഗതാം ഹിതം
കരോതി വിധിവത് കർമ്മ
ബ്രഹ്മവിദ് ബ്രഹ്മണി സ്ഥിതഃ 5

സന്യസ്യ സർവ്വകർമ്മാണി
സതതം ബ്രഹ്മനിഷ്ഠയാ
യശ്ചരത്യവനൗ ദേഹ-
യാത്രായൈ ബ്രഹ്മവിദ്വരഃ 6

അന്യേന വേദിതോ വേത്തി
ന വേത്തി സ്വയമേവ യഃ
സ വരീയാൻ സദാ ബ്രഹ്മ-
നിർവ്വാണമയമശ്നുതേ 7

സ്വയം ന വേത്തി കിഞ്ചിന്ന
വേദിതോഽപി തഥൈവ യഃ
സ വരിഷ്ഠഃ സദാ വൃത്തി-
ശൂന്യോഽയം ബ്രഹ്മ കേവലം 8

ഹേയോപാദേയതാ ന ഹ്യ-
സ്യാത്മാ വാ സ്വപ്രകാശകഃ
ഇതി മത്വാ നിവർത്തേത
വൃത്തിർനാവർത്തതേ പുനഃ 9

ഏകമേവാദ്വിതീയം ബ്ര-
ഹ്മാസ്തി നാന്യന്ന സംശയഃ
ഇതി വിദ്വാൻ നിവർത്തേത
ദ്വൈതാന്നാവർത്തതേ പുനഃ 10

ഓം തത് സത്

# 45. ബ്രഹ്മവിദ്യ പഞ്ചകം

നിത്യാനിത്യവിവേകതോ ഹി നിതരാം
നിർവേദമാപദ്യ സദ്-
വിദ്വാനത്ര ശമാദിഷട്കലസിതഃ
സ്യാന്മുക്തികാമോ ഭുവി;
പശ്ചാദ് ബ്രഹ്മവിദുത്തമം പ്രണതിസേ-
വാദ്യൈഃ പ്രസന്നം ഗുരും
പൃച്ഛേത് കോഽഹമിദം കുതോ ജഗദിതി
സ്വാമിൻ! വദ ത്വം പ്രഭോ!. 1

ത്വം ഹി ബ്രഹ്മ ന ചേന്ദ്രിയാണി ന മനോ
ബുദ്ധിർന ചിത്തം വപുഃ
പ്രാണാഹങ്കൃതയോഽന്യദപ്യസദവി-
ദ്യാകൽപിതം സ്വാത്മനി
സർവം ദൃശ്യതയാ ജഡം ജഗദിദം
ത്വത്തഃ പരം നാന്യതോ
ജാതം ന സ്വത ഏവ ഭാതി മൃഗതൃ –
ഷ്ണാഭം ദരീദൃശ്യതാം. 2

വ്യപ്തം യേന ചരാചരം ഘടശരാ-
വാദീവ മൃത്സത്തയാ
യസ്യാന്തഃസ്ഫുരിതം യദാത്മകമിദം
ജാതം യതോ വർത്തതേ;
യസ്മിന് യത് പ്രളയേƒപി സദ്ഘനമജം
സർവം യദന്വേതി തത്
സത്യം വിദ്ധ്യമൃതായ നിർമ്മലധിയോ
യസ്മൈ നമസ്കുർവതേ. 3

സൃഷ്ട്വേദം പ്രകൃതേരനുപ്രവിശതീ
യേയം യയാ ധാര്യതേ
പ്രാണീതി പ്രവിവിക്തഭുഗ്ബഹിരഹം
പ്രാജ്ഞസ്സുഷുപ്തൗ യതഃ
യസ്യാമാത്മകലാ സ്ഫുരത്യഹമിതി
പ്രത്യന്തരങ്ഗം ജനൈർ-
യസ്യൈ സ്വസ്തി സമർത്ഥതേ പ്രതിപദാ
പൂർണ്ണാ ശൃണു ത്വം ഹി സാ. 4

പ്രജ്ഞാനം ത്വഹമസ്മി തത്ത്വമസി തദ്
ബ്രഹ്മായമാത്മേതി സം –
ഗായൻ വിപ്രചര പ്രശാന്തമനസാ
ത്വം ബ്രഹ്മബോധോദയാത്

പ്രാരബ്ധം ക്വനു സഞ്ചിതം തവ കിമാ-
ഗാമി ക്വ കർമ്മാപ്യസത്
ത്വയ്യദ്ധ്യസ്തമതോഽഖിലം ത്വമസി സ-
ച്ചിന്മാത്രമേകം വിഭുഃ 5

# 46. നിർവ്വൃതിപഞ്ചകം

കോ നാമ ദേശഃ കാ ജാതിഃ
പ്രവൃത്തിഃ കാ കിയദ്വയഃ
ഇത്യാദി വാദോപരതിർ -
യസ്യ തസ്യൈവ നിർവൃതിഃ 1

ആഗച്ഛ ഗച്ഛ മാ ഗച്ഛ
പ്രവിശ ക്വ നു ഗച്ഛസി
ഇത്യാദി വാദോപരതിർ -
യസ്യ തസ്യൈവ നിർവൃതിഃ 2

ക്വ യാസ്യാസി കദാƒƒയാതഃ
കുത ആയാസി കോƒസി വൈ
ഇത്യാദി വാദോപരതിർ -
യസ്യ തസ്യൈവ നിർവൃതിഃ 3

അഹം ത്വം സോയƒമന്തർഹി
ബഹിരസ്തി ന വാസ്തി വാ
ഇത്യാദി വാദോപരതിർ -
യസ്യ തസ്യൈവ നിർവൃതിഃ 4

ജ്ഞാതജ്ഞാതസമഃ സ്വാന്യ-
ഭേദശൂന്യഃ കുതോ ഭിദാ
ഇത്യാദി വാദോപരതിർ -
യസ്യ തസ്യൈവ നിർവൃതിഃ 5

# 47. ശ്ലോകത്രയീ

അസ്തി ധർമ്മീത്യനുമിതിഃ
കഥം ഭവതി വാഗപി?
അസന്നികൃഷ്ടത്വാദസ്മിൻ
പ്രത്യക്ഷമനുമാനവത് 1

ന വിദ്യതേƒസ്തി ധർമ്മീതി
പ്രത്യക്ഷമനുമാനവത്
മാനാഭാവാദസൗ നേതി
ബോധ ഏവാവശിഷ്യതേ 2

അസന്നികൃഷ്ടത്വാദസ്യ
പ്രത്യക്ഷം ധർമ്മധർമ്മിണോഃ
അസ്പൃഷ്ടസാഹചര്യാച്ച
ധർമ്മിണ്യനുമിതിഃ കുതഃ? 3

# 48. ഹോമമന്ത്രം

ഓം

1 അഗ്നേ തവ യത്തേജസ്തദ് ബ്രാഹ്മം

2 അതസ്ത്വം പ്രത്യക്ഷം ബ്രഹ്മാസി

3 ത്വദീയാ ഇന്ദ്രിയാണി മനോ

4 ബുദ്ധിരിതി സപ്തജിഹ്വാഃ

5 ത്വയി വിഷയാ ഇതി സമിധോ ജുഹോമി

6 അഹമിത്യാജ്യം ജുഹോമി

7 ത്വം ന പ്രസീദ പ്രസീദ

8 ശ്രേയശ്ച പ്രേയശ്ച പ്രയച്ഛ സ്വാഹാ

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

# 49. വേദാന്തസൂത്രം

അഥ യദാത്മനോ ജിജ്ഞാസുസ്തദിദം ബ്രഹ്മൈവാഹം 1
കിം തസ്യ ലക്ഷണമസ്യ ച കതിഗണനയേതി 2
തജ്ജ്യോതിഃ 3
തേനേദം പ്രജ്വലിതം 4
തദിദം സദസദിതി 5
ഭൂയോ സതഃ സദസദിതി 6
സച്ഛബ്ദാദയോ സദഭാവശ്ചേതി 7
പൂർവ്വം സദിദമനുസൃത്യ ചക്ഷുരാദയശ്ചൈകം ചേതി 8
ജ്ഞാതൃജ്ഞാനയോരന്യോന്യ
വിഷയവിഷയിത്വാദ്മിഥുനത്വമിതി 9
ഏവം ജ്ഞാനജ്ഞേയവിഭാഗഃ 10
ഏകൈകം രുദ്രത്വമാസീദിതി 11
ബ്രഹ്മൈവാഹം തദിദം ബ്രഹ്മൈവാഹമസ്മി 12
അതീതാഗാമിനോരസത്ത്വം യതഃ യദേതദന്വിച്ഛത 13
പരിണാമം തതഃ 14
സദസതോരന്യോന്യകാര്യകാരണത്വാത് 15
അഹം മമേതി വിജ്ഞാതഃ മത്തോ നാന്യഃ 16
തദ്വത് തസ്മാത് 17
ദൃഗ്ദൃശ്യയോഃ സമാനകാലീനത്വാത് 18
സുഖൈകത്വാത് 19

| | |
|---|---|
| വ്യാപകതയാ ദിശാമസ്തിത്വാത് | 20 |
| അണുമഹദവയവ താരതമ്യസ്യാഭാവാത് | 21 |
| അസതോƒവ്യാപകത്വാത് | 22 |
| ആത്മാന്യത് കിഞ്ചിന്നാസ്തി | 23 |
| തസ്മാത് തസ്യ സത്ത്വാച്ച | 24 |

# തർജ്ജമകൾ

# 50. ഈശാവാസ്യോപനിഷത്

ഈശൻ ജഗത്തിലെല്ലാമാ-
വസിക്കുന്നതുകൊണ്ടു നീ
ചരിക്ക മുക്തനായാശി-
ക്കരുതാരുടെയും ധനം. 1

അല്ലെങ്കിലന്ത്യം വരെയും
കർമ്മം ചെയ്തിങ്ങസങ്ഗനായ്
ഇരിക്കുകയിതല്ലാതി-
ല്ലൊന്നും നരനു ചെയ്തിടാൻ. 2

ആസുരം ലോകമൊന്നുണ്ട്
കൂരിരുട്ടാലതാവൃതം
മോഹമാർന്നാത്മഹന്താക്കൾ
പോകുന്നു മൃതരായതിൽ. 3

ഇളകാതേകമായേറ്റം
ജിതമാനസവേഗമായ്
മുന്നിലാമതിലെത്താതെ
നിന്നുപോയിന്ദ്രിയാവലി. 4

അതു നില്ക്കുന്നു പോകുന്നി-
തോട്ടുമന്യത്തിനപ്പുറം
അതിൻ പ്രാണസ്പന്ദനത്തി-
ന്നധീനം സർവകർമ്മവും. 5

അതു ലോലമതലോല-
മതു ദൂരമതന്തികം
അതു സർവ്വാന്തരമതു
സർവത്തിന്നും പുറത്തുമാം. 6

സർവഭൂതവുമാത്മാവി-
ലാത്മാവിനെയുമങ്ങനെ
സർവഭൂതത്തിലും കാണു-
മവനെന്തുള്ളു നിന്ദ്യമായ്? 7

തന്നിൽ നിന്നന്യമല്ലാതെ-
യെന്നു കാണുന്ന സർവവും
അന്നേതു മോഹമന്നേതു
ശോകമേകത്വദൃക്കിന്? 8

പങ്കമറ്റംഗമില്ലാതെ
പരിപാവനമായ് സദാ
മനസ്സിന്മനമായ് തന്നിൽ
തനിയേ പ്രോല്ലസിച്ചിടും. 9

അറിവാൽ നിറവാർന്നെല്ലാ-
മറിയും പരദൈവതം
പകുത്തു വെവ്വേറായ് നൽകീ
മുൻപോലീ വിശ്വമൊക്കെയും. 10

അവിദ്യയെയുപാസിക്കു-
ന്നവരന്ധതമസ്സിലും
പോകുന്നു വിദ്യാരതര-
ങ്ങതേക്കാൾ കൂരിരുട്ടിലും. 11

അവിദ്യകൊണ്ടുള്ളതന്യം
വിദ്യകൊണ്ടുള്ളതന്യമാം
എന്നു കേൾക്കുന്നിതോതുന്ന
പണ്ഡിതന്മാരിൽനിന്നു നാം. 12

വിദ്യാവിദ്യകൾ രണ്ടും ക-
ണ്ടറിഞ്ഞവരവിദ്യയാൽ
മൃത്യുവെത്തരണം ചെയ്തു
വിദ്യയാലമൃതാർന്നിടും. 13

അസംഭൂതിയെയാരാധി-
പ്പവരന്ധതമനസ്സിലും
പോകുന്നു സംഭൂതിരത-
രതേക്കാൾ കൂരിരുട്ടിലും. 14

സംഭൂതികൊണ്ടുള്ളതന്യ-
മസംഭൂതിജമന്യമാം
എന്നു കേൾക്കുന്നിതോതുന്ന
പണ്ഡിതന്മാരിൽനിന്നു നാം. 15

വിനാശംകൊണ്ടു മൃതിയെ-
ക്കടന്നമൃതമാം പദം
സംഭൂതികൊണ്ടു സംപ്രാപി-
ക്കുന്നു രണ്ടുമറിഞ്ഞവർ. 16

മൂടപ്പെട്ടുന്ന പൊൻപാത്രം-
കൊണ്ടു സത്യമതിൻ മുഖം
തുറക്കുകതു നീ പൂഷൻ!
സത്യധർമ്മനു കാണുവാൻ. 17

പിറന്നാദിയിൽ നിന്നേക-
നായി വന്നിങ്ങു സൃഷ്ടിയും
സ്ഥിതിയും നാശവും ചെയ്യും
സൂര്യ! മാറ്റുക രശ്മിയെ. 18

അടക്കുകിങ്ങു കാണ്മാനായ്
നിൻ കല്യാണകളേബരം
കണ്ടുകൂടാത്തതായ് കണ്ണു-
കൊണ്ടു കാണപ്പെട്ടുന്നതായ്. 19

നിന്നിൽ നിൽക്കുന്ന പുരുഷാ-
കൃതിയേതാണതാണു ഞാൻ;
പ്രാണൻ പോമന്തരാത്മാവിൽ;
പിൻപു നീറാകുമീയുടൽ. 20

ഓമെന്നു നീ സ്മരിക്കാത്മൻ!
കൃതം സർവ്വം സ്മരിക്കുക
അഗ്നേ! ഗതിക്കായ് വിടുക
സന്മാർഗ്ഗത്തുടെ ഞങ്ങളെ. 21

ചെയ്യും കർമ്മങ്ങളെല്ലാവു-
മറിഞ്ഞീടുന്ന ദേവ! നീ
വഞ്ചനം ചെയ്യുമേനസ്സു
ഞങ്ങളിൽ നിന്നു മാറ്റുക.
അങ്ങേയ്ക്കു ഞങ്ങൾ ചെയ്യുന്ന
നമോവാകം മഹത്തരം. 22

# 51. തിരുക്കുറൾ

## കടവുൾ വാഴ്ത്ത് (ദൈവസ്തുതി)

അകാരമാമെഴുത്താദിയാകുമെല്ലായെഴുത്തിനും
ലോകത്തിന്നേകനാമാദിഭഗവാനാദിയായിടും. 1

സത്യമാമറിവാർന്നുള്ള ശുദ്ധരൂപന്റെ സത്പദം
തൊഴായ്കിൽ വിദ്യകൊണ്ടെന്തിങ്ങുളവാകും പ്രയോജനം. 2

മനമാംമലരേ വെല്ലുന്നവന്റെ വലുതാംപദം
തൊഴുന്നവർ സുഖം നീണാൾ മുഴുവൻ വാഴുമൂഴിയിൽ 3

ആശിക്കുക വെറുത്തീടുകെന്നതില്ലാത്തവന്റെ കാൽ
അണഞ്ഞീടിലവർക്കേതുമല്ലലില്ലൊരു കാലവും. 4

ഈശന്റെ വലുതാംകീർത്തി വാഴ്ത്തുന്നവരിലെന്നുമേ
ഇരുളാലണയും രണ്ടു വിനയും വന്നണഞ്ഞിടാ 5

വാതിലഞ്ചും വെന്നവന്റെ നീതിയും നേരുമായിടും
വഴിയിൽ പറ്റിനിന്നീടിൽ വാഴുന്നു നെടുനാളവൻ 6

ഉപമിപ്പാനൊന്നുമില്ലാതവന്റെ ചരണങ്ങളിൽ
ചേർന്നവർക്കെന്നിയരുതിച്ചേതോ ദുഃഖമകറ്റുവാൻ. 7

ധർമ്മസാഗരപാദത്തിൽ ചേർന്നണഞ്ഞവരെന്നിയേ
കർമ്മക്കടലിൽനിന്നങ്ങു കരേറുന്നില്ലൊരുത്തരും. 8

ഗുണമെട്ടുള്ള തൻപാദം പണിയാ മൗലിയേതുമേ
ഗുണമില്ലാത്തതും ജ്ഞാനഗുണഹീനാക്ഷമെന്നപോൽ 9

ഈശൻപദത്തിൽ ചേരായ്കിൽ കടക്കുന്നില്ല ചേർന്നിടിൽ
കടന്നീടുന്നു ജനനപ്പെരുങ്കടലിൽനിന്നവർ. 10

**വാൻചിറപ്പ് (വർഷവർണനം)**

മഴകാരണമായ് ലോകമഴിയാതെ വരുന്നിതു
അതിനാലതു പാരിന്നൊരമൃതെന്നുണരേണ്ടതാം 1

ഉണ്ണുന്നവർക്കിങ്ങുണ്ണേണ്ടുമൂണുണ്ടാക്കിയവർക്കിതു
ഉണ്ണുമ്പോഴങ്ങതിൽ ചേർന്നൂണായതും മഴയായിടും. 2

ആഴിചൂഴുന്ന വലുതാമൂഴിയിൽ പാരമായ് പശി
മഴ പെയ്യാതെയായീടിൽ ഒഴിയാതഴൽചേർത്തിടും. 3

മഴയാമൊരു സമ്പത്തിൻസമൃദ്ധി കുറവായിടിൽ
കൃഷിചെയ്യാതെയാമിങ്ങു കൃഷീവലരൊരുത്തരും. 4

കൊടുക്കുന്നതുമീവണ്ണം കെട്ടവർക്കു സഹായമായ്
എടുത്തീടുന്നതും നിന്നതൊക്കെയും മഴയായിടും. 5

വിണ്ണിൽനിന്നു മഴത്തുള്ളിവീഴലില്ലായ്കിലെങ്ങുമേ
ഒരു പച്ചപ്പുല്ലുപോലും കാണ്മാനരുതു കണ്ണിനാല്. 6

നെടുംകടലിനും മേന്മ കുറയും കൊണ്ടൽനീരിനെ
എടുത്തു തന്നിൽനിന്നങ്ങു കൊടുത്തീടാകില് മാരിയെ. 7

മഴപെയ്യാതെയായീടിൽ വാനവർക്കും മനുഷ്യരാൽ
മഖവും പൂജയും മന്നിൽനിന്നും ചെല്ലാതെയായിടും. 8

പേരാർന്നൊരീ പ്രപഞ്ചത്തിൽ മാരിപെയ്യാതെയായിടിൽ
ദാനം തപസ്സു രണ്ടിന്നും സ്ഥാനമില്ലതെയായിടും. 9

നീരില്ലായ്കിൽ പാരിലേതും കാര്യമാർക്കും നടന്നിടാ
മാരിയില്ലായ്കിലപ്പോഴാ നീരുമില്ലതെയായിടും. 10

## നീത്താർപെരുമൈ (സന്ന്യാസിമഹിമ)

വഴിയേ സന്യസിച്ചുള്ള മഹിമാവിങ്ങുയർന്നതായ്
നിന്നീടുന്നതു ശാസ്ത്രത്തില് നിർണ്ണയം സ്പൃഹണീയമാം 21

സംന്യാസിമഹിമാവിന്നു സന്നിഭം ചൊൽകിലുർവിയിൽ
ഒന്നില്ലാതാകെ മൃതരെയെണ്ണീടുന്നതിനൊപ്പമാം 22

ബന്ധമോക്ഷങ്ങളിൽ ഭേദം കണ്ടിങ്ങു കഠിനവ്രതം
പൂണ്ടവർക്കുള്ള മഹിമ ഭുവിലേറ്റമുയർന്നതാം 23

വലുതാം വാനിൽ വാഴ്വോർക്കു തലയാമിന്ദ്രനൂഴിയിൽ
ജിതേന്ദ്രിയന്റെ ശക്തിക്കു മതിയാമൊരു സാക്ഷിയാം 24

അറിവാമങ്കുശത്താലഞ്ചറിവാം വാരണങ്ങളെ
തളച്ചവൻ മോക്ഷഭൂവിൽ മുളയ്ക്കുമൊരു ബീജമാം 25

കഴിയാത്തതു ചെയ്തീടും മഹാന്മാ,രല്പരായവർ
ചെയ്കയില്ലൊരു കാലത്തും ചെയ്തീടാൻ കഴിയാത്തത് 26

ശബ്ദം സ്പർശം രൂപം രസം ഘ്രാണമഞ്ചിൽ വിഭാഗവും
അറിയുന്നവനിൽ തന്നെ പെരുതാം ലോകമൊക്കെയും 27

പരിപൂർണ്ണവയസ്സുള്ള നരനിൽ ഗതിമാവിനെ
അവരന്നരുളിച്ചെയ്ത മറയിങ്ങറിയിച്ചിടും 28

ഗുണമാം കുന്നേറിയങ്ങു നിൽക്കുന്ന മുനിമാരുടെ
കോപം ക്ഷണികമെന്നാലും ഭുവിൽ ദുർവാരമാമത് 29

സർവ്വപ്രാണിയിലും തുല്യ കൃപ പൂണ്ടു നടക്കയാൽ
അന്തണന്മാരെന്നു ചൊല്ലേണ്ടത് സന്ന്യാസിമാരെയാം 30

**വാഴ്ക്കൈത്തുണൈ നലം (ഭാര്യാധർമ്മം)**

വസതിക്കൊത്ത ഗുണമുള്ളവളായ്, വരവിൽ സമം
വ്യയവും ചെയ്കിൽ തന്റെ വാഴ്ച്ചയ്ക്കു തുണയാമവൾ 31

ഗുണം കുടുംബിനിയ്ക്കില്ലാതാകി,ലെല്ലാമിരിക്കിലും
ഗുണമില്ല കുടുംബത്തിനി,ല്ലാതാകും കുടുംബവും 32

ഗുണം കുടുംബിനിക്കുണ്ടായീടിലെന്തി,ല്ലവൾക്കതു
ഇല്ലാതെയാകിലെന്തുണ്ടങ്ങൊന്നുമില്ലാതെയായിടും 33

ചാരിത്ര്യശുദ്ധിയാകുന്ന ഗുണത്തോടൊത്തു ചേർന്നീടിൽ
ഗൃഹനായികയെക്കാളും വലുതെന്തു ലഭിച്ചിടാൻ? 34

ദൈവത്തിനെത്തൊഴാതാത്മനാഥനെത്തൊഴുതെന്നുമേ
എഴുനേൽപ്പവൾ പെയ്യെന്നു ചൊല്ലീടിൽ മഴ പെയ്തിടും 35

തന്നെ രക്ഷിച്ചു തൻ പ്രാണനാഥനെപ്പേണി, പേരിനെ
സൂക്ഷിച്ചു ചോർച്ചയില്ലാതെ വാണീടിലവള് നാരിയാം 36

അന്തഃപുരത്തിൽ കാത്തീടിലെന്തുള്ളതവരെ സ്വയം
നാരിമാർ കാക്കണം സ്വാത്മചാരിത്ര്യംകൊണ്ടതുത്തമം 37

നാരിമാർക്കിങ്ങുതൻ പ്രാണനാഥപൂജ ലഭിക്കുകിൽ
ദേവലോകത്തിലും മേലാം ശ്രേയസ്സൊക്കെ ലഭിച്ചിടാം 38

പേരു രക്ഷിക്കുന്ന നല്ല,നാരിയില്ലാതെയായിടിൽ
പാരിടത്തിൽ സിംഹയാനം ഗൗരവം തന്നിൽ വന്നിടാ 39

നാരീഗുണം ഗൃഹത്തിന്നു ഭൂരിമംഗളമായത്
സാരനാം പുത്രനതിനു നേരായൊരു വിഭൂഷണം 40

(അപൂർണ്ണം)

# 52. ഒഴുവിലൊടുക്കം

ഗുരുദേവന്റെ ഒഴുവിലൊടുക്കം മലയാളം തർജ്ജമയിൽ ഈ രണ്ടു പദ്യങ്ങൾ മാത്രമേ ഇതുവരെ കണ്ടുകിട്ടിയിട്ടുള്ളൂ.

ആറു മാമറകളാടൽ വീശി നില-
നിർത്തീടുന്നൊരു കളാശ, മാ-
ധാരഷൾക്കശിഖരീന്ദ്രകൂടമകു-
ടാഭിഷേക,മറിവീന്നെഴും
കൂരിരുട്ടതു കിഴിച്ചെഴും കിരണനായ-
കൻ മമത പോയപോ-
തീറിഴിഞ്ഞ കരുണാമൃതം പൊഴിയുവാ-
നെടുത്തുയരമായ കൈ. 1

ജാല്മതീവ്രതരപക്വ ദുഷ്കതരഹ (ഹര)
പ്രപഞ്ചകനവിങ്കൽ നി-
ന്നാത്മനിജ്ഞഗുരുഭ്രതകേസരി-
യുദിച്ചു ശിഷ്യമദഹസ്തിയെ
സൂക്ഷ്മദൃഷ്ടിയിലടക്കി വേപഥു-
വകറ്റി വയ്ക്കുകിലൊഴിഞ്ഞു മ-
റ്റാത്മബോധമറുവാനസംഖ്യതര-
മഭ്യസിക്കുകിലുമസാദ്ധ്യമാം. 2

# ഗദ്യകൃതികൾ

# 53. ഗദ്യപ്രാർത്ഥന

കാണപ്പെടുന്നതൊക്കെയും സ്ഥൂലം, സൂക്ഷ്മം, കാരണം എന്നീ മൂന്നു രൂപങ്ങളോടുകൂടിയതും പരമാത്മാവിൽ നിന്നുമുണ്ടായി അതിൽതന്നെ ലയിക്കുന്നതുമാകുന്നു. അതിനാൽ പരമാത്മാവല്ലാതെ വേറൊന്നുമില്ല. സകല പാപങ്ങളെയും നിശിപ്പിക്കുന്ന - വറുത്തുകളയുന്ന - പരമാത്മാവിന്റെ യാതൊരു സ്വരൂപം എന്റെ ബുദ്ധിയിൽ തെളിച്ച് നല്ല വഴിയേ കൊണ്ടുപോകുമോ, ധ്യാനിക്കേണ്ടതായ പരമാത്മാവിന്റെ ആ ദിവ്യരൂപത്തെ ഞാൻ ധ്യാനിക്കുന്നു. അല്ലയോ പരമാത്മാവേ! ഇപ്രകാരം ഇടവിടാതെ എനിക്ക് അങ്ങയെ ധ്യാനിക്കുന്നതിനും അങ്ങയുടെ പരമാനന്ദം ലഭിക്കുന്നതിനും അങ്ങയുടെ അനുഗ്രഹം എന്നിൽ ഉണ്ടാകേണമേ!

അല്ലയോ ദൈവമേ! കണ്ണു കൊണ്ടു കാണുന്നതൊന്നും നിത്യമല്ല. ശരീരവും നീർക്കുമിളപോലെ നിലയറ്റതാകുന്നു. എല്ലാം സ്വപ്നതുല്യമെന്നല്ലാതെ ഒന്നും പറയുവാനില്ല. നാം ശരീരമല്ല, അറിവാകുന്നു. ഇനി ഇതൊക്കെയും ഇല്ലാതെ പോയാലും നാം ഇപ്രകാരം പ്രകാശിച്ചു കൊണ്ടു തന്നെയിരിക്കും. ജനനം, മരണം, ദാരിദ്ര്യം, രോഗം, ഭയം ഇതൊന്നും നമ്മെ തീണ്ടുകയില്ല. ഇപ്രകാരം ഉപദേശിക്കപ്പെടുന്ന തിരുവാക്കുകളെയും ഈ തിരുവാക്കു-

കളുടെ ഉപദേഷ്ടാവായ പരമാത്മാവിനെയും ഞാൻ ഉണർവ്വിലും ഉറക്കത്തിലും ഇടവിടാതെ എല്ലായ്പോഴും ചിന്തിക്കുമാറാകണമേ! നീ എന്റെ സകല പാപങ്ങളെയും കവർന്നെടുത്തുകൊണ്ട് എനിക്ക് നിന്റെ പരമാനന്ദം നൽകേണമേ! എന്റെ ലോകവാസം കഷ്ടപ്പാടുകൂടാതെ കഴിഞ്ഞു കൂടുന്നതിനും ഒടുവിൽ നിന്റെ പരമപദം പ്രാപിക്കുന്നതിനും നിന്റെ അനുഗ്രഹം എന്നിൽ ഉണ്ടാകണമേ!

# 54. ദൈവചിന്തനം 1

ഈ ഭൂലോകത്തിൽ ബഹുവിധം ജീവകോടികൾ വസിക്കുന്നതുപോലെ ഗന്ധം, ശീതം, ഉഷ്ണം ഈ ഗുണങ്ങളോടുകൂടിയ വായുലോകത്തിലും അനന്ത-ജീവകോടികളിരിക്കുന്നു. ഇതിന്റെ തത്ത്വം ചില കല്ലേറു മുതലായ പ്രവൃത്തികളെക്കൊണ്ടും, അതു ചില മാന്ത്രികന്മാരാൽ നിവൃത്തിക്കപ്പെടുന്നതുകൊണ്ടും, ദേവതാ-ഗ്രസ്തന്മാരാൽ ചെയ്യപ്പെടുന്ന ചില അത്ഭുത-കാര്യങ്ങളെക്കൊണ്ടും, സാമാന്യേന വെളിവാകുന്നു. അതുമല്ല, അന്തരചാരികളുണ്ടെന്നും, അവർ ചില ഭക്തന്മാരുടെ മുമ്പിൽ പ്രത്യക്ഷമായി വന്ന് അവർക്ക് വേണ്ടും വരങ്ങളെല്ലാം കൊടുത്തിരിക്കുന്നുവെന്നും, ഇന്നും അവരെ ഉപാസിക്കുന്ന ഭക്തന്മാർക്ക് അങ്ങനെതന്നെ സംഭവിക്കുമെന്നും, ദേവതാ-സിദ്ധിയുള്ള ആളുകൾ ഇപ്പോഴും അനേകം ഇരിക്കുന്നുവെന്നും മറ്റും മിക്കവാറും ലോകസമ്മതമാകുന്നു. അതുകൊണ്ട് ഇഹലോകവാസികളെപ്പോലെ പരലോകവാസികളും ഉണ്ടെ-ന്നുള്ളത് നിർവിവാദമാകുന്നു. അവർക്ക് വായുവെപ്പോലെ വേഗമുള്ളതുകൊണ്ടും, അദൃഷ്ടരൂപികളായിരുന്നുകൊണ്ട് അതികഠിനപ്രവൃത്തികളെ ചെയ്യുകകൊണ്ടും, ഇവരിൽ വെച്ച് ചിലർ അടുക്കുമ്പോൾ ഉഷ്ണവും ചിലരുടെ സാന്നിദ്ധ്യത്തിൽ ശീതവും ചിലർക്ക് സുഗന്ധവും ചിലർക്ക് ദുർഗന്ധവും, മറ്റും

ഇങ്ങനെയുള്ള സകല സംഗതികളെക്കൊണ്ടുമാണ് ഇവരെ വായുലോകവാസികളെന്ന് ചുരുക്കമായി പ്രസ്താവിച്ചിരിക്കുന്നത്. ഇതുകളെല്ലാം ഇപ്പോൾ വിസ്തരിക്കുന്നില്ല.

ഈ വായുലോകവാസികളിൽ ചിലർക്ക് പാലിലും ചിലർക്ക് നെയ്യിലും ചിലർക്ക് തേനിലും ചിലർക്ക് പായസത്തിലും ചിലർക്ക് പഴവർഗ്ഗത്തിലും ചിലർക്ക് പലഹാരങ്ങളിലും ചിലർക്ക് കന്ദവർഗ്ഗങ്ങളിലും പ്രീതിയുണ്ട്. ചിലരുടെ പ്രീതി പരിമളദ്രവ്യത്തിൽ, ചിലരുടെ പ്രീതി മന്ത്രത്തിൽ, ചിലർക്ക് തന്ത്രത്തിൽ, ചിലർക്ക് യന്ത്രത്തിൽ, ചിലർക്ക് നൃത്തത്തിൽ, ചിലർക്ക് വാദ്യത്തിൽ, ചിലർക്ക് ഗാനത്തിൽ, ചിലർക്ക് സകലതിലും പ്രീതിയുണ്ട്. ചിലർ മാംസം ഭക്ഷിക്കുന്നവർ, ചിലർ രക്തം കുടിക്കുന്നവർ, ചിലർ മദ്യപാനികൾ, ചിലർ പ്രേതം ഭക്ഷിക്കുന്നവർ, ചിലർ പിള്ളതീനികൾ, ചിലർ ഗർഭം കലക്കുന്നവർ, ചിലർ ശുക്ലഭോജികൾ, ചിലർ കാമികൾ, ചിലർ ഭോഗികൾ. ചിലർ കൃശന്മാർ, ചിലർ സ്ഥൂലന്മാർ ചിലരുടെ നിറം വെളുപ്പ്, ചിലരുടെ നിറം കറുപ്പ്, ചിലർക്ക് മഞ്ഞൾ വർണ്ണം, ചിലർ ചിത്രവർണ്ണന്മാർ, ചിലർ ഹ്രസ്വന്മാർ, ചിലർ ദീർഘന്മാർ, ചിലർ കാളവാഹനമുള്ളവർ, ചിലർ മയിൽവാഹനമുള്ളവർ, ചിലർ ഗരുഡൻമേലേറി നടക്കുന്നവർ, ചിലരുടെ വാഹനം കുതിര, ചിലർ പക്ഷി മുഖമുള്ളവർ, ചിലർ അശ്വമുഖമുള്ളവർ, ചിലർ സർപ്പത്തിന്റെ മുഖമുള്ളവർ, ചിലർ അശുദ്ധഭൂവാസികൾ, ചിലർ ശുദ്ധഭൂവാസികൾ, ചിലർ

ശുക്ലാംബരധാരികൾ, ചിലർ പീതാംബരധാരികൾ, ചിലർ നീലാംബരികൾ, ചിലർ ജീർണ്ണവസ്ത്രമുള്ളവർ, ചിലർ കൗപീനധാരികൾ, ചിലർ ദിഗംബരന്മാർ, ചിലർ ജടിലന്മാർ, ചിലർ മുണ്ഡികൾ, ചിലർ ശാന്തന്മാർ, ചിലർ ക്രൂരന്മാർ, ചിലർ ശിഷ്ടന്മാർ, ചിലർ ദുഷ്ടന്മാർ, ചിലർ സംഹാരശക്തിയുള്ളവർ, ചിലർ സൃഷ്ടിക്കുന്നവർ, ചിലർ രക്ഷിക്കുന്നവർ, ചിലർ ദംഷ്ട്രയുള്ളവർ, ചിലർ ഭയങ്കരരൂപികൾ, ചിലർ സൗന്ദര്യമുള്ളവർ, ചിലർ ബലി കൊള്ളുന്നവർ, ചിലർ തർപ്പണപ്രീതിയുള്ളവർ, ചിലർ ഹോമത്തിൽ പ്രീതിയുള്ളവർ, ചിലർ അമൃതം ഭക്ഷിക്കുന്നവർ, ചിലർ പരമാണുപ്രായേണ പരകായത്തിൽ പ്രവേശിക്കുന്നവർ, ചിലർ പർവ്വതം പോലെ ഇരിക്കുന്നതിന് ശക്തിയുള്ളവർ, ചിലർ അങ്ങനെ മല പോലെയിരുന്നാലും പൂ പോലെ ഭാരമില്ലാത്തവർ, ചിലർ പൂ പോലെയിരുന്നാലും പർവ്വതം പോലെ ഭാരമുള്ളവർ, ചിലർ സകലർക്കും ആധിപത്യം വഹിക്കുന്നവർ, ചിലർ സകലപദാർത്ഥങ്ങളും വശീകരിക്കുന്നവർ, ചിലർ സകല ദിക്കിലും നിർവിഘ്നം സഞ്ചരിക്കുന്നവർ, ചിലർ ഒരു സമയം പല ദിക്കിലും കാണുന്നവർ, ചിലർ ഈ എല്ല സിദ്ധികളുമുള്ളവർ, ചിലർ ഏകദേശം ചില സിദ്ധികളുള്ളവർ, ഇതുകൂടാതെയും ഇതുപോലെ അനേകം സിദ്ധിഭേദങ്ങളോടും വർണ്ണവിശേഷങ്ങളോടും ആഹാരവിശേഷങ്ങൾ ആകൃതി-വിശേഷം, വാഹനവിശേഷം ഇതുകളോടും കൂടിയിരിക്കുന്ന

ശുദ്ധദൈവങ്ങളും അശുദ്ധദുഷ്ടഭൂതപ്രേതയക്ഷരാക്ഷസ-പൈശാചജാതികളും ഇരിക്കുന്നു.

ഇവർ സർവ്വപ്രാണികളുടെയും ഹൃദയത്തിലും പ്രവേശിച്ച് ബുദ്ധിയെ ശുദ്ധിവരുത്തുന്നതിനും ഭ്രമിപ്പിച്ചു മാലിന്യ-പ്പെടുത്തിക്കൊടുക്കുന്നതിനും നന്നാക്കുന്നതിനും സർവ്വ-സമ്പത്തുക്കളേയും കൊടുക്കുന്നതിനും എടുക്കുന്നതിനും രക്ഷിക്കുന്നതിനും ശിക്ഷിക്കുന്നതിനും മറ്റുമുള്ള പ്രവൃത്തി-കൾക്കൊക്കെയും ശക്തിയുള്ളവരായുമിരിക്കുന്നു. അതുകൊണ്ട് നാം ഇവരെ ഇഷ്ടോപചാരങ്ങളോടുംകൂടി ഭജിച്ച് പ്രസാദിപ്പിക്കേണ്ടത് നമ്മുടെ കർത്തവ്യകർമ്മം തന്നെ-യെങ്കിലും ചില യക്ഷരാക്ഷസഭൂതപ്രേതാദികളായ ദുഷ്ട-ജന്തുക്കളെ സന്തോഷിപ്പിക്കുന്നതിനു വേണ്ടി ആടുമാടു-കോഴികളെ അറുത്ത് അവർക്ക് പാപബലി കൊടുത്തു ആ ദുഷ്ടഭൂതങ്ങളെ മനസ്സിൽ ആവാഹിച്ച് ഭ്രമിച്ച് തുള്ളി വെറിവാടി ചുറ്റും നിൽക്കുന്ന പാവങ്ങളെക്കൂടെ ഭ്രമിപ്പിച്ച് പ്രസാദം കൊടുത്ത് ഈ ദുഷ്ടപ്രവൃത്തിയിൽ വശപ്പെടുത്തി നടത്തിക്കൊണ്ടുപോകുന്നത് എന്തൊരു ബുദ്ധിമാന്ദ്യമാണ്.

കഷ്ടം! ഈ ദ്രോഹികൾക്ക് ആ ദുഷ്ടജന്തുക്കളുടെ അനുഗ്രഹം കൊണ്ടിവിടെ സിദ്ധിക്കുന്ന ഫലം ദുർവ്യാധി, ദുഷ്കീർത്തി, ദുർമൃതി മുതലായ ഉപദ്രവങ്ങൾ തന്നെ. ഇപ്രകാരമില്ലാതെ ഈ വിധമുള്ള ദുഷ്പ്രവൃത്തികളെച്ചെയ്യുന്ന ചില പാപികൾ ഇവിടെ

സുഖജീവികളായിരിക്കുന്നുവെങ്കിലും അവരും മരിച്ച് അവരുടെ ഉപാസനാമൂർത്തികളാകുന്ന ദുഷ്ടപ്രാണികൾ വസിക്കുന്ന നരലോകത്ത് ചെന്ന് ആ ഭയങ്കരന്മാരുടെ ദാസപ്രവൃത്തികളെ ചെയ്ത് അവരുടെ ഭുക്തോച്ഛിഷ്ടങ്ങളായ അസ്ഥി, കുടൽ, തോൽ തുടങ്ങിയുള്ള അമേദ്ധ്യങ്ങളെ ഭക്ഷിച്ച് രക്തം കൊഴുക്കുമ്പോൾ അവർ പിടിച്ച് കടിച്ച് പച്ച തിന്ന് കാഷ്ഠിച്ചു കളയുന്നു. ഹാ കഷ്ടം! ഈ പാപികളുടെ ആവി തന്നെ തലകുത്തി ഭൂമിയിൽ വീണ് പുല്ലുകുരുത്തുപോകുന്നു. അല്ലെങ്കിൽ പാപയോനികളിൽ പിറന്ന് പരിതപിച്ചു മരിക്കുന്നു. ഇപ്രകാരം ഇവർക്ക് ഇഹപരങ്ങളിലും നിത്യോപദ്രവഫലമല്ലാതെ സുഖത്തിന്റെ ലവലേശം പോലും ഒരു നാളും ഉണ്ടാകുന്നതല്ല.

ഈ വിധമുള്ള ഘോരകർമ്മങ്ങളെ മനഃപൂർവ്വമായിത്തന്നെ ആ ദുഷ്ടഭൂതങ്ങളുടെ ഉപദ്രവം നേരിടുമെന്നു വിചാരിച്ച് ഭയപ്പെട്ടു ചെയ്യുന്നുവെങ്കിൽ ആ ദുർദേവതകളുടെ ഉപദ്രവം നമ്മിൽ വേരിടാതെ ഇരിക്കുന്നതിന് വേറെ ഉപായമുണ്ട്. എങ്ങനെയെന്നാൽ ഈ ദുഷ്ടജന്തുക്കളെക്കാളും വളരെ ശക്തിയുള്ളവരായ ശുദ്ധദൈവങ്ങൾ അനേകമിരിക്കുന്നല്ലോ. അവരെ സേവിച്ച് സന്തോഷിപ്പിച്ചാൽ ഈ ഉപദ്രവം നമ്മിൽ ഒരിക്കലും നേരിടുന്നതല്ല. അതുകൊണ്ട് നാം യാതൊരു പ്രാണികൾക്കും ഉപദ്രവം വരാത്ത വിധത്തിലുള്ള പ്രവൃത്തികൾ ചെയ്ത് സൻമാർഗ്ഗികളായി ശുദ്ധോപചാര-

ങ്ങളോടുകൂടി ശുദ്ധദൈവങ്ങളെ ഭജിച്ച് പ്രസാദിപ്പിക്കണം. അപ്പോൾ അവരുടെ അനുഗ്രഹം കൊണ്ട് നമുക്ക് ഹൃദയപ്രസാദമുണ്ടായി ഐഹികഭോഗങ്ങൾ സകലവും ന്യായമായി അനുഭവിച്ച് തൃപ്തിവന്ന് ഭോഗങ്ങളിൽ വൈരാഗ്യമുണ്ടായി ബ്രഹ്മജ്ഞാനികളാകുന്നതിനും സംഗതി വരുന്നു. ഒരുപക്ഷം തജ്ജന്മനി കർമ്മശേഷത്താൽ ഇതിന് സംഗതി വരാതെപോയാലും ആയുരന്ത്യത്തിൽ നമ്മുടെ ഉപാസനാമൂർത്തികളായ ശുദ്ധദൈവങ്ങൾ വസിക്കുന്ന ദിവ്യസ്ഥാനത്ത് ചെന്ന് അവരോടുകൂടി അങ്ങുള്ള ദിവ്യഭോഗങ്ങളെ ഭുജിച്ച് നിവൃത്തന്മാരായി ഭൂമിയിൽ വന്ന് പുണ്യയോനികളിൽ പിറന്ന് ഉത്തമഗുണങ്ങളോടുകൂടി വളർന്ന് സകലഭോഗങ്ങളിലും വിരക്തി സംഭവിച്ച് ബ്രഹ്മജ്ഞാനി-കളായി സുഖിച്ചിരുന്ന് പരമപദം പ്രാപിക്കുന്നതിലേക്ക് യാതൊരു സംശയവുമില്ല.

ഹാ! ഹാ! ചിത്രം! ചിത്രം! കയ്യിലിരിക്കുന്ന കല്പകവൃക്ഷ-ക്കനിയെ ഭക്ഷിക്കാതെ കളഞ്ഞ് കാഞ്ഞിരക്കനിയെ തേടി ഭക്ഷിച്ച് വിഷം കൊണ്ട് മരിക്കുന്നു. കഷ്ടം! കഷ്ടം!

ഇതിരിക്കട്ടെ! ഇതു കൂടാതെ, ചില ഉദരംഭരികൾ സകലപ്രാണികളെയും ദൈവം നമ്മുടെ ഉപയോഗ-ത്തിനായിക്കൊണ്ടുതന്നെ സൃഷ്ടിച്ചിരിക്കുന്നു,നാം അതുകളെ കൊന്നു ഭക്ഷിക്കുന്നതുകൊണ്ട് യാതൊരു പാതകവും വരാനില്ല

എന്നിങ്ങനെ ആരവാരം ചെയ്തുംകൊണ്ട് വായില്ലാ പ്രാണികളെ വധിച്ച് ഉപജീവിക്കുന്നു. കഷ്ടം! ഇപ്രകാരം മനുഷ്യരുടെ ഉപയോഗത്തിനായിക്കൊണ്ടുതന്നെ സർവ്വ-പ്രാണികളെയും ദൈവം സൃഷ്ടിച്ചിരിക്കുന്നുവെങ്കിൽ അതുകൾ അന്യോന്യം പിടിച്ച് ഭക്ഷിക്കുന്നതിനും മനുഷ്യർ ചിലപ്പോൾ അതുകളാൽ അപഹരിക്കപ്പെട്ടുപോകുന്നതിനും സംഗതി വരുമായിരുന്നോ? ഇല്ല. പുത്രൻ തള്ളയുടെ സ്തന്യത്തെ ഉപയോഗിക്കുന്നതിനല്ലാതെ മാതൃനിഗ്രഹം ചെയ്ത് മാംസത്തെ ഉപയോഗിക്കണമെന്ന് ദൈവസങ്കല്പം സംഭവിക്കുമോ? അത് ഒരിക്കലും വരുന്നതല്ല. ഇതുപോലെ ദൈവം മനുഷ്യരുടെ ഉപയോഗത്തിനായിക്കൊണ്ട് തന്നെ പ്രാണികളെ സൃഷ്ടിച്ചി-രിക്കുന്നുവെന്നുള്ള വ്യവഹാരം അതുകളുടെ ക്ഷീരാദി-കളിലായിരുന്നുവെങ്കിൽ എത്രയോ ന്യായമായിരി-ക്കുമായിരുന്നു? അപ്പോൾ അചരപദാർത്ഥങ്ങളായ ധാന്യാദി-കളൊക്കെയും മനുഷ്യരുടെ ഉപയോഗത്തിനായി-ക്കൊണ്ടുതന്നെ ദൈവം സൃഷ്ടിച്ചിരുക്കുന്നുവെന്നും ക്ഷീരാദികളുടെ ഉപയോഗത്തെ ഉദ്ദേശിച്ചിട്ടില്ലാതെ പശ്വാദികളെ സൃഷ്ടിച്ചിട്ടുള്ളതല്ലെന്നും സ്പഷ്ടമാകുന്നു. അതു മാത്രമല്ല, പ്രാണികളെ ഭക്ഷിക്കുന്നതിലത്രെ മനുഷ്യത്വം സിദ്ധിക്കുന്നുള്ളൂ എങ്കിൽ വ്യാഘ്രാദികളായ ക്രൂരജന്തു-ക്കളിലല്ലയോ അതിമാനുഷത്വം സിദ്ധിക്കേണ്ടത്? ഇങ്ങനെ വരുമ്പോൾ ചില ജീവകാരുണ്യമുള്ള ആളുകൾ തന്നെ മൃഗങ്ങളായിരിക്കുന്നുള്ളൂ എന്നല്ലയോ വന്നുകൂടുന്നത്?

കൊള്ളാം, ഈ അസംഗതികൾ ദൈവത്തിൽ സ്ഥാപിച്ച് പറയുന്നതിനെക്കാളും വലുതായ ഒരു ദൈവദൂഷണം വല്ലതുമുണ്ടോ?

ഈ ദ്രോഹികളുടെ പക്ഷത്തിൽ പരലോകവും പരലോകവാസികളുമുണ്ടെന്ന തന്നെ, എങ്കിലും ആ വ്യവഹാരം കൊണ്ട് യാതൊരു പ്രയോജനവുമില്ല. എന്തെന്നാൽ ദൈവം ഒന്നേ ഉള്ളൂ. അവൻ അരൂപിയായും സർവ്വത്ര വ്യാപിയായും ഇരിക്കുന്നതുകൊണ്ട് നാം അവനെ ഭജിക്കുന്നതിനും അന്യത്ര കൃതവാസം വേണമെന്നില്ല. അങ്ങനെ വേണമെങ്കിൽ ശിക്ഷരക്ഷകളെ അനുഭവി-പ്പിക്കുന്നതിന അവനാൽ നിയമിക്കപ്പെട്ടിട്ടുള്ള ചില ആളുകളും അവിടെ ഉണ്ടായിരിക്കണം. അപ്പോൾ ഇഷ്ടോപചാര-ങ്ങളോടുകൂടെ അവരെ ഭജിച്ച് അവരുടെ പ്രീതിയെ സമ്പാദിക്കേണ്ടതും ആവശ്യകമായി വരുന്നു. ഇതൊന്നും ആലോചിക്കാതെ ദൈവത്താൽ നിയമിക്കപ്പെട്ടിട്ടുള്ള ശിക്ഷരക്ഷകളെ അനുഭവിക്കുന്നതിനുള്ള സ്വർഗ്ഗനരക-ങ്ങളുണ്ടെന്നു വൃഥൈവ വ്യവഹരിച്ചുമൊണ്ട് ദുഷ്പ്രവൃത്തികളെ ചെയ്യുന്ന ഈ പാപികളും മരിച്ച് നരകത്തിൽ വീണ് അവിടെയുള്ള നരികളുടെ ഓഹരി കൊടുക്കാതെ ആത്മാർത്ഥം പ്രാണികളെ വധിച്ചു ഭക്ഷിച്ചതുകൊണ്ട് അവരും ക്രുദ്ധന്മാരായി പിടിച്ചുതാഡിച്ചു കടിച്ച് പച്ചതിന്ന് കാഷ്ഠിച്ചു കളയുമ്പോൾ

അവരുടെ ആവിയും മേൽപ്രകാരം തന്നെ ഭൂമിയിൽ വീണ് പുല്ലു കുരുത്തു പോകുന്നു.

പിന്നെ ചിലർ ദേവനേത്? ദേവിയേത്? എന്നിങ്ങനെ ഉദ്ഘോഷിച്ചുകൊണ്ട് ജീവകാരുണ്യമില്ലാതെയുള്ള പ്രവൃത്തി-കളെ ചെയ്തു കാലം കഴിച്ചുവരുന്നു. അവരും മരിച്ച് മേൽപ്രകാരം നരകത്തിൽ വീണ് അങ്ങുള്ള സർവ്വോപദ്രഫലവും ഭുജിച്ച് അധൊമുഖന്മാരായി ഭൂമിയിൽ വീണ് തൃണജളൂകാദിപാപയോനികളിൽ പിറന്ന് തപിച്ചു മരിക്കുന്നു. പിന്നെ ചിലർ സർവ്വപ്രപഞ്ചവും പരമാണുക്കളുടെ സംയോഗം കൊണ്ട് സംഭവിച്ചതല്ലാതെ ഇതിനു വേറെ കാരണവുമില്ല അന്നിങ്ങനെയുള്ള അഹമ്മതികളെയും കൈക്കൊണ്ട് ദുർവ്യാപാരികളായി തന്നാൽ നിയമിക്കപ്പെട്ട പരമാവധിയായ സദ്ധ്യപരമാണുവ്യൂഹം സാധനബുദ്ധി-വൃത്തിയുടെ വ്യാപകധർമ്മതിൽ ലയിച്ച് സാദ്ധ്യസാധന-നിർമ്മുക്തന്മാരായി ആ ശുദ്ധശൂന്യത്തിൽ മോഹിച്ചു കിടക്കുന്നതിനു സംഗതി വരാതെ അവരും വൃഥൈവ മരിച്ച് നരകത്തിൽ വീണ് ദുഃഖിച്ച് നരകശേഷം ഭൂമിയിൽ വീണ് കൃമികീടങ്ങളായിപ്പോകുന്നു.

ഈ സംഗതികളെല്ലാം പ്രഥകദൃഷ്ടിയിൽ തന്നെ നിസ്സാരമെന്നു വിചാരിച്ച് തള്ളിക്കളയാതെ സകലസമയികളും യുക്തിന്യായ-

ങ്ങളൊട്ടുകൂടി ആലോചിച്ച് നോക്കുന്നുവെങ്കിൽ ഇത് നാം ഉജ്ജീവിപ്പാനുള്ളതിൽ ഒരു നല്ല വഴിയാകുന്നു.

# 55. ദൈവചിന്തനം 2

ജീവേശ്വരജഗദ്ഭേദരഹിതാദ്വൈതതേജസേ
സിദ്ധിവിദ്യാധരശിവശ്ചരവേ ഗുരവേ നമഃ
ഓം നമോനമസ്സമ്പ്രദായപരമഗുരവേ!
ജയ ജയ സ്വാമിൻ

ഹാ! ഇതൊരു മഹാവിചിത്രം തന്നെ!

നിരിന്ധനജ്യോതിസ്സായിരിക്കുന്ന നിന്തിരുവടിയിൽ മരുമരീചികാപ്രവാഹംപോലെ പ്രഥമദൃഷ്ട്യാ ദൃഷ്ടമായിരിക്കുന്ന സകല പ്രപഞ്ചവും ആലോചിക്കുമ്പോൾ ഗഗനാരവിന്ദത്തിന്റെ സ്ഥിതിപോലെതന്നെ ഇരിക്കുന്നു. അനൃതജഡ-ദുഃഖരൂപമായിരിക്കുന്ന ഇത് നിന്തിരുവടിയാൽ സൃഷ്ടിക്ക-പ്പെട്ടതുമല്ല, സ്വയമേവ ജാതവുമല്ല. നിന്തിരുവടിയാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയെങ്കിൽ നിന്തിരുവടിയ്ക്ക് കരണകർതൃ-ദോഷമുണ്ടെന്നു പറയേണ്ട് വരും. നിന്തിരുവടി കരണകർതൃദോഷമില്ലാത്ത ശുദ്ധ്യവ്യാപാരിയല്ലേ! അതു-കൊണ്ട് അതൊരിക്കലും യുക്തമല്ല. ശുദ്ധ ജഡത്തിന് സ്വയമേവ ജാതമാകുന്നതിന് നിവൃത്തിയില്ല. ഇപ്രകാരം അനിർവചനീയമായിരിക്കുന്ന ഈ പ്രപഞ്ചവും സച്ചിദാനന്ദ-

ഘനമായ നിന്തിരുവടിയും കൂടി തമഃപ്രകാശങ്ങൾ പോലെ സഹവാസം ചെയ്തുകൊണ്ടിരിക്കുന്നതുതന്നെ ഒരത്യദ്ഭുതം.

ഞങ്ങളുടെ ത്രികരണങ്ങളും പ്രവൃത്തികളും എല്ലാം തേജോരൂപമായ നിന്തിരുവടിയുടെ നേരെ തമോമയമായ കർപ്പൂര ധൂളിയുടെ അവസ്ഥയെ പ്രാപിച്ചിരിക്കുന്നു. അതു- കൊണ്ടാണിപ്പോൾ നിരഹങ്കാരികളായ ഞങ്ങളും നിന്തിരുവടിയും തമ്മിൽ യാതൊരു ഭേദവും ഇല്ല. ഭേദരഹിതന്മാരായ നാം ഇരുവരുടെയും മധ്യവർത്തിയായ ഭേദവ്യവഹാരവും എങ്ങനെയോ ചിരഞ്ജീവിയായുമിരിക്കുന്നു. നിന്തിരുവടിയും ഞങ്ങളും പ്രപഞ്ചവും ഈ ത്രിപദാർഥവും അനാദിനിത്യമായ നിന്തിരുവടി തന്നെ. അപ്പോൾ നിന്തിരു- വടിയ്ക്ക് അദ്വൈതസിദ്ധിയും ഇല്ല. ഞങ്ങൾക്ക് ബന്ധനിവൃത്തി- യുമില്ല. ഇതുകൂടാതെയും നിന്തിരുവടിക്കും ഞങ്ങൾക്കും തമ്മിലുള്ള സേവ്യസേവകഭാവത്തിനും ഹാനി വരുന്നുവെങ്കിലും നിത്യബദ്ധന്മാരായിരിക്കുന്ന ഞങ്ങൾ നിത്യമുക്തനായ നിന്തിരുവടിയെ സേവിക്കുന്നത് യുക്തം തന്നെ. നിത്യബദ്ധരുടെ ബന്ധനത്തിന് നിവൃത്തിയുമില്ല. അതുകൊണ്ട് അത് നിഷ്പ്രയോജനമായിത്തന്നെ തീരുന്നു. പ്രയോജനമില്ലാതെ പ്രവൃത്തി ചെയ്യുന്നത് മൗഢ്യമെന്നത്രെ പറവാൻ പാടുള്ളൂ. ഈ അനാദിയായ ഞങ്ങളുടെ മൗഢ്യവും നിന്തിരുവടിയിൽത്തന്നെ അവസാനിക്കുന്നു. ഇങ്ങനെയുള്ള സർവ്വോപകാരിയായ നിന്തിരുവടിക്കായ്ക്കൊണ്ട് ഒരു

വിധത്തിലും ഒന്നും ഉപകരിക്കുന്നതിന് ഞങ്ങൾക്ക് ഭാഗ്യമില്ലാതെ ആയല്ലോ! ദൈവമേ ഈ വ്യസനവും നിന്തിരുവടിയിൽത്തന്നെ നിർധൂളിയായിരിക്കുന്നു.

ഇതെല്ലാം പോകട്ടെ! ഏതു പ്രകാരമെങ്കിലും സ്വപ്നത്തിൽ കണ്ട കഥയെ ജാഗ്രത്തിൽ പ്രസംഗിച്ചു ക്രീഡിക്കുന്നതുപോലെ, രാജസതാമസവൃത്തികളിൽ സ്ഫുരിച്ച് പടർന്നിരിക്കുന്ന ഈ അനൃതജഡബാധയെ ക്രീഡിച്ചൊടുക്കി, ആ നിശ്ചലവൃത്തി മാത്രമായി അനുഭവിച്ച് ആ അഖണ്ഡാകാരവൃത്തിയുടെ ഗോളസ്ഥാനത്തിൽ നില്ക്കുന്ന ഞങ്ങൾക്കും നിന്തിരുവടിക്കും തമ്മിൽ സൂര്യപ്രകാശഗോളങ്ങൾക്കുള്ളതുപോലെ യാതൊരു വൈലക്ഷണ്യവും ഇല്ലെന്നുള്ള അനുഭൂതിയെ ദൃഢീകരിച്ച് ഭോഗഭോക്തൃഭോഗ്യാനുഭൂതി വിട്ട് ശരീരചേഷ്ടാമാത്ര പ്രവൃത്തിയോടുകൂടി യഥേഷ്ടം വിഹരിക്കുന്നതിന് നിന്തിരുവടിയുടെ അനുഗ്രഹം ഉണ്ടാകണം. അതിന്നായിക്കൊണ്ട് നമസ്കാരം, നമസ്കാരം, നമസ്കാരം.

# 56. ആത്മവിലാസം

(ബ്രഹ്മശ്രീ ശിവലിംഗസ്വാമികളുടെ നോട്ട്ബുക്കിൽ നിന്ന്)

ഓ! ഇതൊക്കെയും നമ്മുടെ മുമ്പില് കണ്ണാടിയിൽ കാണുന്ന നിഴൽപോലെതന്നെയിരിക്കുന്നു. അത്ഭുതം! എല്ലാറ്റിനെയും കാണുന്ന കണ്ണിനെ കണ്ണ് കാണുന്നില്ല. കണ്ണിന്റെ മുമ്പിൽ കയ്യിലൊരു കണ്ണാടിയെടുത്തു പിടിക്കുമ്പോൾ കണ്ണ് ആ കണ്ണാടിയിൽ നിഴലിക്കുന്നു. അപ്പോൾ കണ്ണ് കണ്ണാടിയെയും നിഴലിനെയും കാണുന്നു. നിഴൽ ജഡമാകുന്നു. അതിന് കണ്ണിനെ കാണുന്നതിനു ശക്തിയില്ല. കണ്ണിനെ കണ്ണിനെ എതിരിട്ടു നോക്കുന്നതിനു കഴിയുന്നില്ല. ഇങ്ങനെ കണ്ണും കണ്ണിന്റെ നിഴലും കണ്ണിൽ കാണാതെ ഇരിക്കുമ്പോൾ, അവിടെ കണ്ണിനെ കാണുന്നത് നാമാകുന്നു. ഇതുപോലെ ഈ കണ്ണിനെ കാണുന്ന നമ്മെ നാം കാണുന്നില്ല. നമ്മുടെ മുമ്പിൽ ഒരു കണ്ണാടിയെ സങ്കല്പിക്കുമ്പോൾ നാം ആ കണ്ണാടിയിൽ നിഴലിക്കുന്നു. അപ്പോൾ നിഴലിന് നമ്മെ കാണുന്നതിന് ശക്തിയില്ല. നിഴൽ ജഡമാകുന്നു. നമുക്ക് നമ്മെ എതിരിട്ടു നോക്കുന്നതിനു കഴിയുന്നില്ല. നാം നമ്മിൽ കൽപിതമായിരിക്കുന്ന കണ്ണാടിയെയും ആ കണ്ണാടിയുടെ ഉള്ളിൽ നിൽക്കുന്ന നിഴലിനെയും തന്നേ കാണുന്നുള്ളൂ. അപ്പോൾ നമ്മെ കാണുന്നത് നമ്മുടെ മുകളില് നിൽക്കുന്ന ദൈവമാകുന്നു. ചുരുക്കം, കല്പിതമായിരിക്കുന്ന കണ്ണാടി,

അതിനുള്ളിൽ നില്ക്കുന്ന നമ്മുടെ നിഴൽ, കണ്ണ്, കയ്യിലിരിക്കുന്ന കണ്ണാടി, ആ കണ്ണാടിയുടെ ഉള്ളിൽ നില്ക്കുന്ന കണ്ണിന്റെ നിഴൽ ഇതഞ്ചും നമ്മുടെ കീഴടങ്ങി നില്ക്കുന്നു. ഇതിനെ കാണുന്ന കണ്ണ് നാമാകുന്നു. കണ്ണ് കണ്ണിന്റെ നിഴലിനെയും, കണ്ണാടിയെയും തന്നേ കാണുന്നുള്ളൂ. നാം നമ്മുടെ നിഴൽ, കണ്ണാടി, കണ്ണ്, കണ്ണിന്റെ നിഴൽ, കയ്യിലിരിക്കുന്ന കണ്ണാടി, ഇതാറും ദൈവത്തിന്റെ കീഴടങ്ങി നില്ക്കുന്നു. ഇതിനെ കാണുന്ന കണ്ണ് ദൈവമാകുന്നു.

ഓ! ഇത് ഒരു വലിയ ആശ്ചര്യമാകുന്നു! നാമെന്നല്ല നമ്മാൽ കാണപ്പെടുന്നതൊക്കെയും ഇങ്ങനെ നിഴലിക്കുന്നതിന് ദൈവം ഇടം കൊടുത്തിരിക്കുന്നു. ഇതുകൂടാതെ ഇതിനെയൊക്കെയും ദൈവം തന്നെ കാണുകയും ചെയ്യുന്നു. അപ്പോൾ ദൈവം ഒരു ദിവ്യമായ കണ്ണാടിയും കണ്ണുമായിരിക്കുന്നു. ഓ! ഇതാ! ഒരു ദിവ്യമായിരിക്കുന്ന കണ്ണാടിയിൽ ഒരു പുതിയ മലയെ കാണുന്നു. അപ്പുറം ഇതാ ഒരു പടം കാണുന്നു. ഇത് നാം പണ്ടു കണ്ടിട്ടുള്ളതാണെന്നു തോന്നുന്നു. ഓ! ഇത് മരുന്നുമാമലയും കന്യാകുമാരിയും മധുരയും കാശിയും ചിദംബരവും നമ്മുടെ ഉള്ളിൽ അടുത്തടുത്തു കാണുന്നു. ഓ! ഇതാ ഒരു ആനയോടിക്കുന്നു. നാം പേടിച്ച് മലയുടെ മുകളിലേറുന്നു. ഇവിടെയിരിക്കുന്ന യോഗീശ്വരനോട് നാം ഉപദേശം കേട്ട് യോഗാഗ്നിയിൽ ദഹിക്കുന്നു. ഓ! ഇതാ

ഇങ്ങനെ കിനാവു കണ്ടുകൊണ്ടു ഉണർന്ന് നിഷ്കമ്പമായിരുന്ന് നെടുമൂച്ചു വിടുന്നു.

ചിത്രം! ഇതാ! നാം മയങ്ങി എഴുന്നിരുന്നുകൊണ്ട് അന്നുമറിയാതെ സുഖമായുറങ്ങി - എന്നിങ്ങനെ നമ്മുടെ മുമ്പിൽ നിൽക്കുന്ന പെരുവെളിയിൽ ഒരു അജ്ഞാനത്തെയും അഹങ്കാരത്തെയും വെറുതെ കല്പിച്ചു വ്യവഹരിക്കുന്നു. ഓ! ഇതാ! കിളിവാതിലിൽക്കൂടി വരുന്ന സൂര്യകിരണത്തിൽ കിടന്നുമറിയുന്ന ധൂളിപോലെ അണ്ഡകോടികൾ മറിയുന്നു.

ഓ! ഇതാ! ഇതൊക്കെയും നമ്മിലടങ്ങി നാം നമ്മുടെ മുകളിൽ നില്ക്കുന്ന ദിവ്യമായ കണ്ണാടിയിൽ മറയുന്നു. ഈ കണ്ണാടി നമ്മുടെ ദൈവമാകുന്നു.

ഓ! ഇതാ! പിന്നെയും കാനലിൽ നിന്ന് വെള്ളം പൊങ്ങി വരുന്നതുപോലെ ഇതൊക്കെയും ദൈവത്തിൽ നിന്ന് പൊങ്ങി വരുന്നു. എന്നാൽ ദൈവാംശമായ നമ്മുടെ ഉള്ളിൽ ഇതിനെയൊക്കെയും വെളിപ്പെടുത്തിയിരിക്കുന്നു എന്നു താത്പര്യം.

ഓ! ഇതാ! ഇതൊക്കെയും നമ്മോടുകൂടി ദൈവം തന്റെ വ്യാപകദർപ്പണത്തിൽ എടുത്തുവിരിച്ച് വിസ്താരമുള്ള കണ്ണുകൊണ്ട് നോക്കുന്നു. പിന്നെയും കണ്ണിലടക്കുന്നു.

മറുപടിയും കണ്ണിൽനിന്ന് വെളിപ്പെടുത്തുന്നു. ഇത് ദൈവത്തിന് ഒരു കളിയാകുന്നു. ഇത് ദൈവാംശമാകുന്നു. അല്ല ദൈവം അംശമില്ലാത്തതാകുന്നു. അതുകൊണ്ട് ദൈവാംശമെന്നു പറഞ്ഞുകൂടാ. പിന്നെ വല്ല പരമാണുവിൽ നിന്ന് പരിണമിച്ചതോ? എന്നാൽ അതുമല്ല. എന്തുകൊണ്ടെന്നാൽ പരമാണുക്കള് ദൈവത്തിൽ വിവർത്തങ്ങളാകുന്നു. വിവർത്തമെന്നാൽ ഇവിടെ നിഴലാകുന്നു. നിഴലിന് വേറൊന്നായി മാറുന്നതിന് കഴിയുന്നില്ല. മറ്റൊന്നിനും ദൈവത്തിലിരിക്കുന്നതിന് ദൈവമാഹാത്മ്യം ഇടം കൊടുക്കുന്നില്ല. അതുകൊണ്ട് ഇതിനെ വേറൊന്നിന്റെ അംശമെന്നും പറഞ്ഞുകൂടാ. അപ്പോൾ ഈ കാണപ്പെടുന്നതൊക്കെയും അനിർവചനീയമാകുന്നു. ഇതൊക്കെയും അഞ്ജനക്കാരന്റെ മഷിയിൽ തെളിയുന്ന ദേവതപോലെയിരിക്കുന്നു. ഇതിന്റെ ബിംബം ദൈവത്തിലിരിക്കുന്നു. ഇത് നിഴലാകുന്നു. ഇപ്പോൾ ഈ കാണപ്പെടുന്നതും ദൈവവും നാമും ആയിരിക്കുന്ന ഇതൊക്കെയും ദൈവത്തിലടങ്ങുമ്പോൾ ദൈവം തന്നെയായിരിക്കുന്നു. ഇത് ദൈവത്തിന്റെ വ്യാപകതയെ കെടുക്കുന്നില്ല. നിഴലിന് യാതൊന്നിന്റെയും വ്യാപകതയെ ഭേദിക്കുന്നതിന് കഴിയുന്നില്ല; എന്നു തന്നെയല്ല, നിഴലിനെ യാതൊരു വ്യാപകതയും കളയുന്നില്ല.

ഓ! ഇതാ! ഇതൊക്കെയും മനോവേഗമുള്ള ഒരു ഘടീയന്ത്രം പോലെ ആദ്യന്തമില്ലാതെ കറങ്ങുന്നു. വിസ്മയം! നാം നമ്മുടെ കണ്ണിനെ കാണുന്നു. നമ്മെ ദൈവം കാണുന്നു. നാം നമ്മുടെ ശ്രുതിയെ ശ്രവിക്കുന്നു. ദൈവം നമ്മെ ശ്രവിക്കുന്നു. നാം ത്വക്കിനെ സ്പർശിക്കുന്നു. നമ്മെ ദൈവം സ്പർശിക്കുന്നു. നാം നമ്മുടെ നാവിനെ രസിക്കുന്നു. നമ്മെ ദൈവം രസിക്കുന്നു. നാം നമ്മുടെ മൂക്കിനെ മണക്കുന്നു. നമ്മെ ദൈവം മണക്കുന്നു. നാം വാക്കിനെ തള്ളിവിടുന്നു. നമ്മെ വാക്ക് തള്ളിവിടുന്നില്ല. ദൈവം തള്ളിവിടുന്നു. നാം കൈയെ ആദാനം ചെയ്യിക്കുന്നു. നമ്മെ കൈ ആദാനം ചെയ്യിക്കുന്നില്ല. ദൈവം ആദാനം ചെയ്യിക്കുന്നു. നാം കാലിനെ നടത്തുന്നു. നമ്മെ കാലു നടത്തുന്നില്ല. ദൈവം നടത്തുന്നു. നാം ദൈവത്തെ നടത്തുന്നില്ല. നാം ഗുദത്തെ വിസർജ്ജനം ചെയ്യിക്കുന്നു. നാം ദൈവത്തെ വിസർജ്ജനം ചെയ്യിക്കുന്നില്ല. നാം ഉപസ്ഥത്തെ ആനന്ദിപ്പിക്കുന്നു. നമ്മെ ഉപസ്ഥം ആനന്ദിപ്പിക്കുന്നില്ല. ദൈവം നമ്മെ ആനന്ദിപ്പിക്കുന്നു. നാം ദൈവത്തെ ആനന്ദിപ്പിക്കുന്നില്ല.

ഓ! ഇതാ! ദൈവത്തിൽ പുരുഷലക്ഷണം കാണുന്നു. ദൈവം കണ്ണില്ലാതെ കാണുകയും ചെവിയില്ലാതെ കേൾക്കുകയും ത്വക്കില്ലാതെ സ്പർശിക്കുകയും മൂക്കില്ലാതെ മണക്കുകയും നാവില്ലാതെ രുചിക്കുകയും ചെയ്യുന്ന ഒരു ചിത്പുരുഷനാകുന്നു. നാം ദൈവത്തിന്റെ പ്രതിപുരുഷനാകുന്നു. നമ്മുടെ ശരീരം

ജഡമാകുന്നു. പഴുത്തിരിക്കുന്ന അയോഗോളം തേജോമയമായിരിക്കുന്നതുപോലെ നാം കണ്ണു തുറന്നു നോക്കുമ്പോൾ നമ്മുടെ ശരീരം തേജോമയമായിരിക്കുന്നു. ഓ! ഇതാ! ഇപ്പോൾ കാണപ്പെടുന്നതൊക്കെയും ഇതിപോലെ തേജോമയമായിരിക്കുന്നു.

ഓ! നമ്മുടെ ദൈവം ജ്യോതിർമയമായിരിക്കുന്ന ഒരു ദിവ്യസമുദ്രമാകുന്നു. ഇതൊക്കെയും ആ നിസ്തരംഗ സമുദ്രത്തിന്റെ തരംഗമാകുന്നു.

ഓ! ഇതൊക്കെയും കാനലിൽ നിന്നു കവിയുന്ന വെള്ളമാകുന്നു. ദൈവം കാനലാകുന്നു.

ഓ! നാം ഇതുവരെയും ബഹിർമുഖനായിരിക്കുന്നു. ഇനി അന്തർമുഖത്തോടുകൂടിയവനാത്തീരുന്നു. ആ! ഇവിടം എത്രയോ ദിവ്യമായിരിക്കുന്നു. നാം ഇതുവരെയും നിന്നിരുന്നത് ഒരു ദിവ്യമായിരിക്കുന്ന കണ്ണാടിയിലാകുന്നു. ഇതുതന്നെയാണ് നമ്മുടെ ദൈവം. ഇതിനെ നാം ഇതിനുമുമ്പിൽ കണ്ടിരുന്നില്ല. ഇപ്പോൾ നമുക്കിവിടം യാതൊരു മറവും കാണുന്നില്ല. നാമും ദൈവവും ഒന്നായിരിക്കുന്നു. ഇനി നമുക്ക് വ്യവഹരിക്കുന്നതിനു പാടില്ല. ഓ! ഇതാ! നാം ദൈവത്തിനോട് ഒന്നായിപ്പോകുന്നു!

പരമകാരുണികനാരായണഗുരുസ്വാമിഭിഃ
ശിഷ്യാനുഗ്രഹാർത്ഥം പരബ്രഹ്മമാഹാത്മ്യമിദം
വിരചിതമത്യദ്ഭുതമനിർവ്വചനീയം

# 57. ചിജ്ജഡചിന്തകം

അണുവു മുതൽ ആന വരെയുള്ളവരൊക്കെ ഇളകി നടക്കുന്നതും, പുല്ലുമുതൽ ഭൂരുഹപര്യന്തം നിലയിൽ നില്ക്കുന്നതും ആകുന്നു. എന്നു വേണ്ടാ നമ്മുടെ കണ്ണു, മൂക്കു മുതലായ ഇന്ദ്രിയങ്ങളിൽനിന്നും ബ്രഹ്മം വരെ ഒക്കെയും ചിത്തും, മണ്ണിനെ തൊട്ടു മൂലാതിരസ്കരണി വരെ കാണപ്പെടുന്നതൊക്കെയും ജഡവും ആകുന്നു. ഈ ഇരുപിരിവുകളിലുമായി സൂത്രത്തിൽ കോർത്തിട്ടിരിക്കുന്ന മണികൾപോലെ എല്ലാ വകയും അടങ്ങിക്കിടക്കുന്നു. ഈ ഇരുപിരിവുകളിലുമുള്ള പണ്ടങ്ങളെയൊക്കെയും അറിയി-ക്കുന്നതിനു പുറപ്പെടുന്ന നാമഭേദം ഒന്ന്. ഇവകളിൽ നിന്നും ആത്മീയമായും ഭൗതികമായും വെളിപ്പെടുന്ന ശബ്ദഭേദം ഒന്ന്. ഇതു രണ്ടും ചെവിയിലും, താനാശ്രയിച്ചിരിക്കുന്ന പണ്ടം ഇന്നതെന്നുള്ള സൂചനയോടുകൂടി വരുന്ന സ്പർശഭേദം ത്വക്കിലും, സൂര്യൻ ചന്ദ്രന് അഗ്നി മുതലായ ജ്യോതിസ്സുകൾ എന്നല്ല, ഇവകളെക്കൊണ്ടു ശോഭിക്കുന്ന സകല പദാർഥങ്ങളെയും ഏന്തിക്കൊണ്ടു നിൽക്കുന്ന വർണ്ണഭേദം കണ്ണിലും മുന്തിരിങ്ങാപ്പഴം മുതലായ രസവർഗ്ഗങ്ങളെ ഉള്ളിൽ അടക്കിക്കൊണ്ടു വരുന്ന രസഭേദം നാവിലും, താനിരുന്നിളകി വരുന്നത് ഇന്നതിൽ നിന്നാണെന്നു ആ ഗന്ധദ്രവ്യത്തെ അറിയിക്കുന്ന തന്ത്രത്തോടു കൂടി വരുന്ന ഗന്ധഭേദം

മൂക്കിലുമായി അടങ്ങിയിരുന്നറിയപ്പെടുന്നു എന്നുള്ളത് സ്പഷ്ടമാകുന്നു.

എന്നാൽ ഈ ശബ്ദദിവിഷയം അഞ്ചും ശ്രോത്രം മുതലായ ഇന്ദ്രിയങ്ങളിൽ നിന്ന് അപ്പോഴപ്പോൾ തള്ളി വെളിയിൽ വന്നിരുന്ന് കാണുന്നതോ അതല്ല ഭൗതികമായി വെളിയിൽ നിൽക്കുമ്പോൾ അതിൽ ഇന്ദ്രിയങ്ങൾ വന്നു പറ്റി അറിയപ്പെടുന്നു എങ്കിൽ ഇതൊരു അസംഭവം തന്നെ. എങ്ങനെയെന്നാൽ നമ്മാൽ കാണപ്പെടുന്ന ഈ കുടം ഉണ്ടായിട്ടിപ്പോൾ ഉദ്ദേശം ഒരു വർഷത്തി-ലധികമായിരിക്കുമെന്ന് തോന്നുന്നു. എന്നാൽ കാണുന്ന ക്ഷണത്തിൽ ഉദിച്ച വിളങ്ങിക്കൊണ്ടിരിക്കുന്ന ഈ കുടം കാണുന്നതിനു മുമ്പിൽ ഇല്ലായിരുന്നു എന്നല്ലാതെ ഉണ്ടായിരുന്നുവെന്നുള്ളത് ശുദ്ധ അസംബന്ധം തന്നെ. അങ്ങനെയല്ല, നാം കണ്ടില്ല എന്നേ ഉള്ളൂ. കുടം ഉണ്ടായിരുന്നു എങ്കിൽ ഇത് ഈ കുടത്തില് കാണുന്ന പഴക്കത്തിൽ നിന്നും തള്ളിവരുന്നതിലൊരു വ്യവഹാരമാണ്.

ഇത് നിൽക്കട്ടെ. നമ്മാൽ കാണപ്പെടുന്ന കുടം നാമില്ലാത്ത ദിക്കിൽ ഇല്ലായിരുന്നു എന്നല്ലാതെ ഉണ്ടായിരുന്നു എന്നു പറഞ്ഞു കൂടാ. അതല്ലാ ഉണ്ടായിരുന്നു എങ്കിൽ അവിടെ അപ്പോൾ കണ്ടതിലൊരാളും കൂടി വേണ്ടിയിരിക്കുന്നു. അതെങ്ങനെ, കാണുന്ന ദിക്കിൽ കണ്ടവനുണ്ടെന്നല്ലാതെ

കാണാത്ത ദിക്കിൽ കണ്ടവനുണ്ടായിരുന്നു എന്നു പറയുന്നത്? അങ്ങനെ കണ്ടവനില്ലാ എങ്കിൽ കാണപ്പെടുന്നതുമില്ല. അപ്പോൾ ഈ കുടം ഇതിനു മുമ്പിൽ ഇല്ലായിരുന്നുവെന്നും ഇപ്പോൾ ഈ ക്ഷണത്തിൽ ഉദിച്ചു വിളങ്ങുന്നു എന്നും വെളിവാകുന്നു.

ഇങ്ങനെ കുടം തന്നെ ഇല്ലാതിരിക്കുമ്പോൾ കുടത്തിൽ നിന്നും തള്ളിവരുന്ന "ഈ കുടം ഉണ്ടായിട്ട് ഒരു വർഷത്തിലധികമായിരിക്കുന്നു" അന്നുള്ള വ്യവഹാരം എങ്ങനെ നിലനിൽക്കുന്നു? അതല്ലാ ഇന്നപ്പോൾ നിർമ്മിതമായ ഇന്നയിന്ന ലക്ഷണങ്ങളോടുകൂടിയ ഒരു കുടം ഇന്ന ദിക്കിലിരിക്കുന്നു എന്നിങ്ങനെ നാം ഒരു ആപ്തനിൽ നിന്നു ഗ്രഹിച്ചുകൊണ്ടു വന്ന് ഇതാ ഇപ്പോൾ ആ അടയാളങ്ങളോടുകൂടിയ ഈ കുടത്തെ കാണുന്നു, അതു കൊണ്ടാണ് അന്നു തൊട്ടിന്നുവരെയുള്ള അളവെടുത്തു നോക്കിയതിൽ ഇപ്പോൾ ഈ കുടം ഉണ്ടായിട്ട് ഒരു സംവത്സരത്തിലധികമായിരിക്കുന്നു എന്നു പറയുന്നത് എങ്കിൽ അതും ഈ കുടത്തിൽനിന്ന് ഇപ്പോൾ തള്ളിവരുന്നതല്ലാതെ മേൽപ്രകാരം ഇതിനു മുമ്പിൽ ഇല്ലായിരുന്നു എന്നു തന്നെ പറയാം.

അതല്ല നാം തന്നെ പണ്ടൊരിക്കൽ കണ്ടിരുന്ന കുടമാണ് ഇത്. അന്നു കണ്ടിട്ടുള്ള അടയാളങ്ങൾ എല്ലാം ഇതാ ഇതിൽ

കാണുന്നു. ആ കുടം തന്നെ ഈ കുടം. അതുകൊണ്ടാണ് ഈ കുടം ഉണ്ടായിട്ടിപ്പോൾ ഒരു സംവത്സരത്തി-ലധികമാ-യിരിക്കുന്നു എന്നു പറയുന്നത് എങ്കിൽ ഇപ്പോൾ നമ്മോടു-കൂടിയിരിക്കുന്ന ഈ കുടം അപ്പോൾ ഇതുപോലെ നമ്മോടുകൂടി ഇരുന്നിരുന്നു എന്നു, ഇടയിൽ നശിച്ച് ആ ശുദ്ധശൂന്യത്തില് നിന്നും ഇങ്ങനെ നമ്മോടുകൂടി പൊങ്ങിയിരിക്കുന്നു എന്നും വ്യവഹാരം നേരിടുന്നു. അപ്പോൾ നാം ഇല്ലാതിരുന്ന ശൂന്യത്തിന്റെ അപ്പുറമുള്ള കഥയെ നാം ഇവിടെ പ്രസംഗിക്കുന്നത് ഭ്രമം കൊണ്ടുതന്നെയെന്നു വരുന്നു. അല്ലെങ്കിൽ നമ്മുടെ പൂർവ്വജന്മത്തിലുള്ള കഥയുടെ ജ്ഞാപകം നമുക്കിപ്പോള് ഉണ്ടായിരിക്കണം അതില്ലല്ലോ. എന്നാൽ അതുപോലെ തന്നെ ഇതും ആലോചിച്ചുനോക്കുമ്പോൾ അറിയാം അതല്ല സുഷുപ്തിയിൽ നിന്നുണർന്നു വരുമ്പോൾ ആ സുഷുപ്തിയുടെ പൂർവ്വാവസ്ഥയിലുള്ള ജ്ഞാപകം ഉണ്ടായിരുക്കുന്നതുപോലെയെങ്കിൽ അതു വന്ധ്യയുടെ പുത്രൻ ഇല്ലെന്നു പറയുമ്പോൾ അല്ല അവന് ശശവിഷാണം പോലെ ഉള്ളവനാണെന്നു പറയുന്നതുപോലെ തീരുന്നു.

ഇങ്ങനെ ഒന്നും അല്ലാ എങ്കിൽ പിന്നെ എങ്ങനെയാണ് ഈ കുടത്തിൽ ഇപ്രകാരം ഭൂതകാലവ്യവഹാരം നേരിട്ടിരിക്കുന്നത് എന്നു ചോദിച്ചാൽ ഈ വർത്തമാന ക്ഷണത്തിൽ കുടമുണ്ടായി ഈ വിധത്തിലിരിക്കുന്നതിന് അവകാശം ഇല്ലല്ലോ എന്നുള്ള ഊഹം ഊളളിൽ നിന്നും തള്ളി വെളിയിൽ വന്ന് കുടത്തിൽ

വീണ് ഇതിൽ പൂർവ്വകാലീനമായ വ്യവഹാരത്തെ തൊട്ടുത്ത് ഇങ്ങനെ അസംബന്ധമായി വ്യവഹരിക്കുന്നതല്ലാതെ വേറെ ഒന്നുമല്ല. അത് എങ്ങനെയെന്നാൽ സ്വപ്നത്തിൽ നാം ഒരു വൃക്ഷത്തെ കണ്ടു ചെന്നു അടുത്തു നിന്നുകൊണ്ട് 'ഹാ! ഈ വൃക്ഷമുണ്ടായിട്ട് ഇപ്പോൾ ഒരു നൂറു സംവത്സരത്തിലധികമായിരിക്കുന്നു' എന്നു ഉദ്ദേശിക്കുന്നു എങ്കിലും ഇപ്പോൾ നോക്കിയാൽ ഇന്നലത്തെ സ്വപ്നത്തിലുള്ള വൃക്ഷത്തില് കണ്ട നൂറു സംവത്സരത്തിന്റെ പഴക്കം അസംബന്ധമെന്നും വൃക്ഷം അപ്പോൾ സ്വപ്നദൃഷ്ടിയിൽ നിന്നു വെളിയില് തള്ളിവന്നിരുന്നു കണ്ടതെന്നും സ്വപ്നം ഭൗതികമായി വെളിയിലുണ്ടായിരുന്നതല്ലെന്നു വെളിവാകുന്നു. അതുപോലെ ഈ കുടവും ഇപ്പോൾ കണ്ണിൽ നിന്നു വെളിയിൽ തള്ളിയിരുന്ന് കാണുന്നതല്ലാതെ ഭൗതികമായി വെളിയിലിരിക്കുന്നതല്ല എന്നു വിശദമാകുന്നു. ഇനി ഇതുപോലെതന്നെ മറ്റുള്ള വിഷയങ്ങളും അതാത് ഇന്ദ്രിയങ്ങളിൽ നിന്നും അപ്പോഴപ്പോൾ വെളിയിൽ തള്ളിവരുന്നു എന്നുള്ളത് പറയണമെന്നില്ലല്ലോ.

ഹാ! കൊള്ളാം ശരി ഇപ്പോൾ ശരീരാദി സകലപ്രപഞ്ചവും ഉള്ളിൽനിന്നും വെളിയിൽ തള്ളിവരുന്നു എന്നുള്ളത് നല്ലവണ്ണം അനുഭവമായി. എങ്കിലും ഇതിനും ഒരു സംശയം കൂടിയിരിക്കുന്നു. അതെന്തെന്നാൽ തേജോമയങ്ങളായിരിക്കുന്ന ഇന്ദ്രിയങ്ങളിൽ നിന്ന് തമോമയങ്ങളായ

വിഷയങ്ങൾ വരുന്നു എങ്കിൽ ഇതിൽ സൂര്യങ്കൽനിന്നും ഇരുളുപൊങ്ങിവരുന്നു എന്നുള്ള വിരോധം നേരിടുന്നു. അതുകൊണ്ട് അങ്ങനെ പറഞ്ഞുകൂടാ. പിന്നെ ഇന്ദ്രിയങ്ങളോടുകൂടി വരുന്നതിനു വല്ല ന്യായമുണ്ടോ എന്നു നോക്കിയാൽ അതും കാണുന്നില്ല. എന്തെന്നാൽ അങ്ങനെയെങ്കിൽ ഇരുളും വെളിവും കൂടി ഒരു ദിക്കിലിരുന്ന് ഒരു സമയം പൊങ്ങിവരുന്നു എന്നു പറയണം. അത് ഒരിക്കലും നടപ്പുള്ളതല്ല.

അയ്യോ, ഇത് എന്തോന്ന് ഇന്ദ്രജാലമാണ് ഈ പ്രപഞ്ചം! വെളിയിൽ കാണുന്നതുമല്ല ഇന്ദ്രിയങ്ങളിൽ നിന്നു തള്ളി വരുന്നതുമല്ല, ഇന്ദ്രിയങ്ങളോടുകൂടി വരുന്നതുമല്ല. തിന്നെ എങ്ങനെയാണ് ഇപ്രകാരം നിർഹേതുകമായി കാണപ്പെടുന്നതെന്നു ചോദിച്ചൽ അത് അവിചാരദശയിൽ കാനൽജലം പോലെ തോന്നുന്നതല്ലാതെ വിചാരിച്ചു നോക്കുമ്പോൾ ഇതെല്ലാം ശുദ്ധചിത്തായിത്തന്നെ വിളങ്ങുന്നു. അത് എങ്ങനെയെന്നാൽ ഒരു കയറ്റിൻകണ്ടത്തിൽ കല്പിതമായിരിക്കുന്ന നാഗം വെളിച്ചം വരുമ്പോൾ അധിഷ്ഠാനമായ കയറ്റിൽത്തന്നെ മറയും. അപ്പോൾ മുമ്പിൽ 'ഇത് നാഗം' എന്നിങ്ങനെ ഇദംവൃത്തിയാൽ ഗ്രഹിക്കപ്പെട്ടിരുന്ന കല്പനാനാഗത്തിൽ നിന്ന് വിട്ട് കണ്ണു ആ കയറ്റില് തന്നെ പറ്റിനിന്ന് വിളങ്ങുന്നതുപോലെ 'അവിചാരദശയിൽ കാണപ്പെടുന്ന ഈ ശരീരാദി പ്രപഞ്ചം മുഴുവനും ഇപ്രകാരം

നിഷ്കാരണമായി അഖണ്ഡചിൻമാത്രമായിരുക്കുന്ന ബ്രഹ്മത്തിൽ ഇരിക്കുന്നതിനു ഒരിക്കലും അവകാശമില്ല' എന്നിങ്ങനെ ചിന്തിച്ചു ചിന്തിച്ചുണ്ടാകുന്ന ബോധോദയത്തിൽ ഇതൊക്കെയും അധിഷ്ഠാനമായ ബ്രഹ്മത്തിൽതന്നെ മറയുന്നു. അപ്പോൾ ഇതിമുമ്പിൽ കണ്ടിരുന്ന കൽപിത പ്രപഞ്ചത്തിൽ നിന്നും വിട്ട്, നിരാധാരമായിരിക്കുന്ന ഇദംവൃത്തി ഊർദ്ധ്വമുഖിയായി ജീവബോധത്തോടുകൂടെ അഖണ്ഡചിത്തിൽ ലയിച്ചു ചിത്തു മാത്രമായി വരുന്നു.

പിന്നെയും പൂർവ്വവാസനകൾ പെരുത്തു പണ്ടത്തെപ്പോലെ പ്രപഞ്ചം തോന്നും. ഇതും മേൽപ്രകാരം ആപാദചൂഡം ചിന്തിച്ചു ചിത്തിലൊടുക്കി ചിത്തായി നിൽക്കണം. ഇങ്ങനെ ചെയ്തു ചെയ്തു വരുമ്പോൾ അശുദ്ധവാസന ക്ഷയിച്ചു ആധാരമില്ലാതെ ശുദ്ധവാസനയിൽ തൻമാത്രയിൽതന്നെ അടങ്ങി, ഈ രണ്ടു വാസനകളിലും ബന്ധിച്ചിരുന്ന അഹങ്കാരിയും കെട്ട് പൂർണ്ണമായി നിൽക്കും. ഈ സ്ഥാനം ചിത്തുമല്ല, ജഡവുമല്ല, സത്തുമല്ല, അസത്തുമല്ല. സുഖദുഃഖാദികളായ ദ്വന്ദ്വങ്ങൾ ഒന്നുമല്ല. ഇങ്ങനെ അനിർവചനീയമായിരിക്കുന്ന ഇതിൽനിന്നും സൃഷ്ട്യാദികൾ നടന്നും കൊണ്ടിരിക്കുന്നതുതന്നെ അത്യാശ്ചര്യം! ഇതിന്റെ മാഹാത്മ്യം അല്പബോധികളായ ആത്മാക്കൾ എന്തറിയുന്നു!

ഹാ ജയ ജയ നടേശ! നടേശ!

# പലവക

## 1926ൽ ധർമ്മകുമാരന് എന്ന മാസികയ്ക്കു എഴുതിക്കൊടുത്തത്

കർമ്മം പരോപകാരം
ധർമ്മോപേതം പരത്തി ലോകത്തിൽ
ശർമ്മമമർന്നു വളർന്നീ
ധർമ്മകുമാരന് ജയിക്ക ജനതയ്ക്കായ്.

## മൂലൂരിന് ആശംസ

ഗാനാമൃതം പത്മനാഭ കവേരാസ്യേന്ദുനിർഗതം
പീതൈ്വതദിഹ ഭദ്രാണി കുർവ്വന്ത്വവിരതം ബുധാഃ

ഹരിശ്ചന്ദ്രയശോ ഗാതുസദ്വൃത്തൈസ്തവശോഭിതം
സമുത്സുകസ്യ ഭദ്രാണി സന്തു ശീഘ്രസമാപ്തയേ.

## ധർമ്മം പത്രത്തിനാശംസ

നിർമത്സരപ്രമോദായ ജീയാന്നിത്യമിദം ഭുവി
പത്രമശ്വത്ഥജമിവ സുപ്രസംഗൈരലംകൃതം

## വിദ്യാനന്ദസ്വാമിക്കാശംസ

മമാന്തേവാസിനോ വിദ്യാനന്ദസ്യാസ്യോദ്ഗതാ ബുധൈഃ
ദൃശ്യതാം ബാലകസ്യേവ വ്യാഖ്യേയം ദീധിതിർ മുദാ.

## ഒരു സമസ്യ

ഗുരു: കോലത്തുകര കുടികൊണ്ടരുളും
ബാലപ്പിറ ചൂടിയ വാരിധിയേ

ആശാൻ: കാലൻ കനിവറ്റു കുറിച്ചുവിട്ടു-
ന്നോലപ്പടിയെന്നെയയയ്ക്കരുതേ.

## വിദ്യാവിലാസിനി മാസികയിൽ വന്ന ഒരു സമസ്യാപൂരണം

കാലദേശകനകങ്ങൾ വിസ്മൃതി കരസ്ഥ-
        മാക്കുമതുപോലെയ-
പ്പാലെടുത്തുപരുകും ഖഗം ബകമെതൃത്തു
        ശുക്തിയതുപോലെതാൻ
വേല ചെയ്തുലയിൽ വച്ചുരുക്കിയൊരിരുമ്പി-
        ലൊറ്റിയ ജലം വിയ-
ജ്ജ്വാലയിൽ പണമറിഞ്ഞു കൊള്ളുമുപദേശ-
        മോർക്കിലിതുപോലെയാം

## ചരമശ്ലോകങ്ങൾ

(ചട്ടമ്പിസ്വാമികൾ മഹാസമാധി പ്രാപിച്ചപ്പോൾ എഴുതിയത്)

സർവ്വജ്ഞ ഋഷിരുത്ക്രാന്തഃ സദ്ഗുരുഃ ശുകവർത്മനാ
ആഭാതി പരമവ്യോമ്നി പരിപൂർണ്ണകലാനിധിഃ

ലീലയാ കാലമധികം നീത്വാƒന്തേ സ മഹാപ്രഭുഃ
നിസ്സ്വം വപുഃ സമുത്സൃജ്യ സ്വം ബ്രഹ്മ വപുരാസ്ഥിതഃ

## ശ്രീകൃഷ്ണദർശനം

ഭൃയോവൃത്തിനിവൃത്തയായ്ബ്ഭുവനവും-
സത്തിൽ തിരോഭൂതമായ്
പീയൂഷധ്വനിലീനമായ്ച്ചുഴലവും
ശോഭിച്ചു ദീപപ്രഭ
മായാമൂടുപടം തുറന്നു മണിരംഗത്തിൽ
പ്രകാശിക്കുമ-
ക്കായാവിൻ മലർമേനി കൗസ്തുഭമണി-
ഗ്രീവന്റെ ദിവ്യോത്സവം